RNI Reg. No. KERMAL/2010/32222
Registered KL/TLY/ 01/19-21
Anl. Sub. Rs. 120

# മാനന്തവാടി

## രൂപതാ ബുള്ളററിൻ



Vol. 12 2021 January No. 01

# പൗരോഹിത്യ ശുശ്രൂഷയിൽ
## 25 വർഷങ്ങൾ പിന്നിടുന്ന
### ബഹു. വൈദികർക്ക്
### ആശംസകൾ! പ്രാർത്ഥനാമംഗളങ്ങൾ!



**റവ. ഫാ. ജോസഫ് കോട്ടായിൽ**
പൗരോഹിത്യ സ്വീകരണം 23–12–1996



**റവ. ഫാ. തോമസ് കോയിക്കാട്ടിൽ**
പൗരോഹിത്യ സ്വീകരണം 30–12–1996



**റവ.ഫാ. അബ്രാഹം നാടുകുന്നേൽ**
പൗരോഹിത്യ സ്വീകരണം 01–01–1997



**റവ. ഫാ. ജോൺ ചൂരപ്പുഴയിൽ**
പൗരോഹിത്യ സ്വീകരണം 02–01–1997



**റവ. ഫാ. ഡൊമിനിക് വളകൊടിയിൽ**
പൗരോഹിത്യ സ്വീകരണം 02–01–1997

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 12 ജനുവരി - 2021 ലക്കം 01**

| | |
|---|---|
| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |

# ഉള്ളടക്കം


| | |
|---|---|
| സർക്കുലർ ........................................................ | 7 |
| *പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ...* | 11 |
| രൂപതാകച്ചേരി വാർത്തകൾ .................................... | 17 |
| *Information* ........................................................ | 18 |
| മതബോധനരംഗം .................................................... | 20 |
| ചെറുപുഷ്പ മിഷൻലീഗ് .......................................... | 23 |
| *Department of Youth Ministry* ................................ | 33 |
| കെ.സി.വൈ.എം. ...................................................... | 41 |
| കുടുംബപ്രേഷിതത്വം ................................................ | 51 |
| സീയോൻ വാർത്തകൾ .............................................. | 57 |
| വിൻസന്റ് ഡി പോൾ സൊസൈറ്റി............................... | 58 |
| സാമൂഹ്യ സേവനരംഗം (WSSS)................................... | 60 |
| ബയോവിൻ അഗ്രോ റിസർച്ച്....................................... | 63 |
| റേഡിയോ മാറ്റൊലി .................................................. | 66 |
| നീലഗിരി ഡവലപ്മെന്റ്സൊസൈറ്റി............................ | 68 |
| കത്തോലിക്കാ കോൺഗ്രസ്സ് ........................................ | 72 |
| *Mary Matha Arts & Science College* ......................... | 74 |
| വിദ്യാഭ്യാസ മേഖല .................................................. | 76 |

# സർക്കുലർ

## *Circular Letter Prot. No. 1480/2020*

**സീറോമലബാർ പ്രേഷിതവാരാചരണം – 2021**

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക്ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

ദനഹാതിരുനാളായ ജനുവരി 6 മുതൽ 12 വരെ സീറോമലബാർ സഭ പ്രേഷിതവാരമായി എല്ലാ വർഷവും ആചരിക്കുന്ന വിവരം നമുക്കറിവുള്ളതാണല്ലോ. മിഷനെ അറിയുക, മിഷനറിയാവുക എന്ന ആദർശവാക്യത്തെ പ്രായോഗികതലങ്ങളിലെത്തിച്ച് ജീവിതത്തിലും പ്രവൃത്തിയിലും പ്രേഷിത തീക്ഷ്ണതയാൽ നിറഞ്ഞു, സഭയുടെ പ്രേഷിതഉദ്യമങ്ങളെ ശക്തിപ്പെടുത്തുവാനുള്ള പരിശ്രമമാണ് പ്രേഷിതവാരം ലക്ഷ്യം വയ്ക്കുന്നത്. ഈയവസരത്തിൽ കേരളത്തിനകത്തും പുറത്തുമായി, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ, വീരോചിതമായ രീതിയിൽ മിഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന മെത്രാന്മാരും വൈദികരും സന്യസ്തരും അല്മായ സഹോദരങ്ങളും ഉൾപ്പെടുന്ന എല്ലാ മിഷനറിമാരെയും അവരുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നവരെയും സഭയുടെ പേരിൽ അഭിനന്ദിക്കുകയും, അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പ്രേഷിതവാരാചരണത്തിന്റെ പശ്ചാത്തലത്തിൽ ആനുകാലിക ലോകത്തിന്റെയും തിരുസ്സഭയുടെയും സാഹചര്യങ്ങളെ ആസ്പദമാക്കി ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. 2020 മിഷൻ ഞായറിനായുള്ള പ്രേഷിത സന്ദേശത്തിൽ ഫ്രാൻസിസ് പാപ്പാ പങ്കുവയ്ക്കുന്നത്, ഇന്നിന്റെ കലുഷിത സാഹചര്യങ്ങളിലേക്ക് ദൈവസ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശവാഹകരാകുവാൻ, ആരാണ് എനിക്കായി പോവുക (ഏശയ്യ 6:8), എന്ന ആകുലതയാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഒരു നവീന ക്രൈസ്തവ മാനവികതയുടെ നിർമ്മാണത്തിനായി പരിശ്രമിക്കുവാൻ എല്ലാവരും സോദരർ എന്ന

തന്റെ പുതിയ ചാക്രികലേഖനത്തിലൂടെ ഫ്രാൻസിസ് പാപ്പാ നമ്മെ ഉദ്ബോധിപ്പിച്ചു. യഥാർത്ഥമായ സുവിശേഷപ്രഘോഷണം വർണ്ണമതവർഗ്ഗ ലിംഗഭേദമില്ലാതെ എല്ലാവർക്കും ദൈവത്തിന്റെ സ്നേഹവും കരുണയും പങ്കുവയ്ക്കുന്നതും അതനുഭവിക്കാൻ അവസരം നൽകുന്നതുമാകണമെന്ന് മാർപ്പാപ്പ ഉദ്ബോധിപ്പിക്കുന്നു.

കോവിഡിന്റെ വിപത്തിൽ, ആവശ്യങ്ങളും അത്യാവശ്യങ്ങളും അനാവശ്യങ്ങളും തമ്മിലുള്ള വ്യത്യാസം നാം ശരിക്കും മനസ്സിലാക്കി. തിരുസ്സഭയിലെ ഏതൊരു ശുശ്രൂഷയുടെയും സംവിധാനത്തിന്റെയും മൂല്യം, സുവിശേഷവത്കരണത്തിനായി അത് എന്തുമാത്രം സഹായിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. പ്രേഷിതപ്രവർത്തനത്തിന് തടസ്സമായി നിൽക്കുന്ന ഏതു സഭാസംവിധാനവും ക്രിസ്തുവിന്റെ സുവിശേഷത്തിന് വിരുദ്ധമാണെന്നും അവയെ സുവിശേഷാത്മകമായി പുനർനിർമ്മിക്കണമെന്നും ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിക്കുന്നു (സുവിശേഷത്തിന്റെ ആനന്ദം, 26). നല്ല സമരിയാക്കാരന്റെ ഉപമ ആനുകാലികമായി വ്യാഖ്യാനിച്ചുകൊണ്ട്, മായം ചേരാത്ത ദൈവസ്നേഹത്തിന്റെ മാതൃകകളായി സഭാസംവിധാനങ്ങളെ പുനർനിർമ്മിക്കണമെന്ന് എല്ലാവരും സോദരർ എന്ന ചാക്രികലേഖനത്തിലൂടെ ഫ്രാൻസിസ് പാപ്പാ വീണ്ടും ഓർമ്മിപ്പിക്കുന്നു (നമ്പർ 62). കാരണം സ്നേഹിക്കാത്തവൻ ദൈവത്തിന്റെ കൂടെയല്ല (1 യോഹ 4:8-16). അതിനാൽ, സ്നേഹത്തിന്റെ പ്രമാണം അടിസ്ഥാനമാക്കി സഭാസംവിധാനങ്ങളെയും ശുശ്രൂഷകളെയും പുനർനിർമ്മിച്ചാൽ മാത്രമേ, അവ ക്രിസ്തുവിശ്വാസത്തിലേക്ക് മനുഷ്യമക്കളെ നയിക്കുന്ന പ്രേഷിതപ്രവർത്തനങ്ങളായി പരിണമിക്കൂ.

അക്രൈസ്തവരുടെ ഇടയിൽ സുവിശേഷം പങ്കുവയ്ക്കുവാനുള്ള ഉത്സാഹം പ്രാദേശികസഭകളുടെ പക്വതയുടെ അടയാളമായിട്ടാണ് ബനഡിക്ട് പതിനാറാമൻ മാർപാപ്പ പഠിപ്പിക്കുന്നത് (Verbum Domini, 95). സീറോമലബാർസഭയുടെ വിശ്വാസപക്വതയുടെ തെളിവാണ് ഈ സഭയിൽനിന്നും അക്രൈസ്തവർക്കിടയിൽ ജോലിചെയ്യുവാനായി ഇറങ്ങി പുറപ്പെട്ടിരിക്കുന്ന പതിനായിരക്കണക്കിന് സഭാമക്കളുടെ ജീവിതകഥകൾ. അതിനായി അവരെ ഒരുക്കിയ കുടുംബങ്ങളും ഇടവകകളും പക്വതനിറഞ്ഞ വിശ്വാസജീവിതത്തിന്റെയും അജപാലനത്തിന്റെയും ചരിത്രം പറയുന്നു. നമ്മുടെ സഭയിൽ രൂപീകൃതമായ നിരവധി സന്യാസ-മിഷനറി സമൂഹങ്ങളോടൊപ്പം വിലമതിക്കേണ്ടതാണ് ചില അല്മായ ഭക്തസംഘടനകൾ നടത്തിയ മുന്നേറ്റങ്ങൾ. നമ്മുടെ ഇടവകവൈദികരുടെയും സന്യസ്തരുടെയും മതാധ്യാപകരുടെയും കാര്യക്ഷമമായ പ്രോത്സാഹനങ്ങളും കരിസ്മാറ്റിക്ക് നവീകരണ പ്രസ്ഥാനങ്ങൾ നൽകുന്ന തീക്ഷ്ണതനിറഞ്ഞ സന്ദേശങ്ങളും നിമിത്തം മിഷൻ

പ്രവർത്തനത്തിനായി വൈദിക-സമർപ്പിത ജീവിതം തെരഞ്ഞെടുക്കുന്ന യുവജനങ്ങളുടെയും മിഷൻപ്രദേശങ്ങളിൽ ജോലി ചെയ്യാൻ മുന്നിട്ടിറങ്ങുന്ന അല്മായ സഹോദരങ്ങളുടെയും വർദ്ധിച്ചുവരുന്ന തീക്ഷ്ണത ആശാവഹമാണ്.

സഭയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന മാധ്യമവിഭാഗങ്ങളും ഒറ്റയ്ക്കും സംഘടിതവുമായി ഉത്സാഹത്തോടെ സുവിശേഷമൂല്യങ്ങൾ പങ്കുവയ്ക്കുന്ന നവമാധ്യമ കൂട്ടായ്മകളും നമ്മുടെ പ്രേഷിതചൈതന്യത്തിന്റെ ഉദാഹരണങ്ങളാണ്. എന്നാൽ ചിലപ്പോഴെല്ലാം അപക്വമായ പെരുമാറ്റശൈലികളും ഉള്ളടക്കങ്ങളും പ്രസരിപ്പിക്കുന്നതു വഴി നമ്മുടെ മാധ്യമസംസ്കാരത്തെ അക്രൈസ്തവമാക്കുന്നുണ്ടോ എന്ന്, അവയുടെ പ്രേഷിതമൂല്യത്തിന്റെ അളവുകോലിൽ നാം പരിശോധിക്കുകയും തിരുത്തുകയും ചെയ്യേണ്ടതാണ്. കാരണം, നവമാധ്യമങ്ങളുടെ കാര്യക്ഷമമായ ഉപയോഗം നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളെ പതിന്മടങ്ങ് ഫലപ്രദവും ആയാസകരവുമാക്കാൻ ഉപകരിക്കുന്നു എന്നു മാത്രമല്ല, പ്രേഷിതപ്രവർത്തനത്തിന്റെ ഭാവി എങ്ങനെ സഭയ്ക്കുള്ളിൽ തന്നെ ഒരു പുതിയ മാധ്യമസംസ്കാരം നമ്മൾ രൂപപ്പെടുത്തുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

ഭാരതത്തിലെവിടെയും പ്രേഷിതപ്രവർത്തനം നടത്തുവാനുള്ള അവസരം 2017 ൽ നമ്മുടെ സഭയ്ക്ക് ലഭ്യമായതിനുശേഷം, പുതിയ മിഷൻ പ്രദേശങ്ങൾ ഏറ്റെടുത്ത് അവിടെ ജോലിചെയ്യുവാനായി നമ്മുടെ പല രൂപതകളും സമർപ്പിതകൂട്ടായ്മകളും കുടുംബപ്രേഷിതരും നടത്തുന്ന പ്രയത്നങ്ങൾക്ക് എല്ലാ വിജയങ്ങളും ആശംസിക്കുകയും, അതിനായി മുൻകൈ എടുത്ത രൂപതാധ്യക്ഷന്മാരെയും സമർപ്പിതസമൂഹാധികാരികളെയും അല്മായ നേതൃത്വത്തെയും ഞാൻ നന്ദിപൂർവം ഓർക്കുകയും ചെയ്യുന്നു. മിഷനുവേണ്ടി പ്രാർത്ഥിച്ചും മിഷനറി ദൈവവിളികൾ പ്രോത്സാഹിപ്പിച്ചും ആവുന്ന രീതിയിലെല്ലാം സാമ്പത്തിക സംഭാവനകൾ നൽകിയും നമ്മുടെ പ്രേഷിത പ്രവർത്തനങ്ങളെ സഹായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതിനായി സഭാകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിന്റെ ശുശ്രൂഷകളുമായി സഹകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. മറക്കാൻ പാടില്ലാത്ത ഒരു ഉപദേശം ക്രിസ്തു അന്ത്യഅത്താഴസമയത്ത് ശിഷ്യന്മാർക്കു നല്കുന്നുണ്ട്. നിങ്ങൾക്ക് പരസ്പരം സ്നേഹം ഉണ്ടെങ്കിൽ, നിങ്ങൾ എന്റെ ശിഷ്യന്മാരെന്ന് ലോകം അറിയും (യോഹ.13:35). ശിഷ്യരുടെ ജീവിതത്തിന്റെ ഉൽകൃഷ്ടതയാണ് ഗുരുവിന്റെ നാമം നിലനിർത്തുന്നതും അറിയിക്കുന്നതും. സുകൃതപൂർണ്ണമായ ജീവിതംകൊണ്ടും പ്രഘോഷണം കൊണ്ടും നമ്മുടെ ഗുരുവിനെയും അദ്ദേഹം നൽകുന്ന നിത്യജീവനെയും അനേകരിലെത്തിക്കാം. അതി

നായി പരിശ്രമിക്കുന്നവരെ പ്രാർത്ഥനകൊണ്ടും സഹകരണങ്ങൾ കൊണ്ടും സഹായിക്കാം. അങ്ങനെ സുവിശേഷത്തിന്റെ സ്നേഹവും കാരുണ്യവും പ്രത്യാശയുമാകുന്ന വെളിച്ചം നൽകി ജനഹൃദയങ്ങളെ സ്പർശിക്കുവാനായി നാം പരിശ്രമിച്ചാൽ, പരിമിതമായ വാക്കുകൾ കൊണ്ട് തന്നെ ഫലപ്രദമായ പ്രേഷിതപ്രവർത്തനം നടത്താം. അതിനായി ശ്രേഷ്ഠമിഷനറിയായ ക്രിസ്തുനാഥന്റെ അനുഗ്രഹവും പ്രേഷിതറാണിയായ പരിശുദ്ധ അമ്മയുടെയും പ്രേഷിത താതൻ തോമാശ്ലീഹായുടെ മധ്യസ്ഥതയും മിഷനറിമാരായ നാമോരോരു ത്തരെയും സഹായിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2020-ാം ആണ്ട് ഡിസംബർ മാസം 18-ാം തീയതി നൽകപ്പെട്ടത്.

മിശിഹായിൽ സ്നേഹപൂർവ്വം,

**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**

സീറോ മലബാർസഭയുടെ മേജർആർച്ചുബിഷപ്പ്

***NB:*** *1. 2021 ജനുവരി 03-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോമലബാർസഭയുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.*

*2. സീറോമലബാർ മിഷൻവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രങ്ങളിൽ ഏല്പിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽ 2021 ഫെബ്രുവരി 28-ന് മുമ്പായി എത്തി ക്കേണ്ടതാണ്.*

**പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ**

## നല്ല ബന്ധങ്ങളും നന്മ ചെയ്യുന്ന ജീവിതവും

**ഫാ. മാത്യു വെള്ളാനിക്കൽ**

**(തിരുവചനഭാഗം: 1 പത്രോ 3, 1–22)**

പത്രോസ്ശ്ലീഹാ തന്റെ ക്രിസ്തീയസമൂഹത്തിനു നല്കുന്ന നിർദ്ദേശങ്ങളാണ് ഈ വചനഭാഗത്തിന്റെ ഉള്ളടക്കം. ആരോഗ്യകരമായ ബന്ധങ്ങൾ കുടുംബങ്ങളിലും സമൂഹത്തിലും കെട്ടിപ്പടുക്കണമെന്നും, എപ്പോഴുംനന്മമാത്രം ചെയ്യുന്ന ജീവിതം നയിക്കണമെന്നുമാണ് ഇവിടെ ശ്ലീഹാ നല്കുന്ന ഉപദേശം. ഈ ഭാഗം താഴെക്കാണുംവിധം വിഭജിക്കാം:

1. ഭാര്യാഭർതൃബന്ധം (3,1–7)
2. സാഹോദര്യബന്ധവും നന്മ ചെയ്യുന്ന ജീവിതവും (3, 8–12)
3. നന്മ ചെയ്യുന്നതിൽ തീക്ഷ്ണതയുള്ളവരാകുക (3,13–16)
4. രക്ഷാകരസഹനത്തിൽ മിശിഹായെ അനുകരിക്കുക (3, 17–18)
5. മിശിഹായുടെ കൈവന്ന രക്ഷയുടെ സന്ദേശം (3,19–22)

ആരോഗ്യകരമായ ബന്ധങ്ങൾ കുടുംബത്തിലും സമൂഹത്തിലും കെട്ടിപ്പടുക്കുക എന്നത് സഭയുടെ അടിസ്ഥാനപരമായ ദൗത്യമാണെങ്കിൽ അത് പുരോഹിതശുശ്രൂഷയുടെ ഒരു പ്രധാനപ്പെട്ട ചുമതലയായി പുരോഹിതർ കരുതേണ്ടതുണ്ട്.

**1. ഭാര്യാഭർതൃബന്ധം**

"ഭാര്യമാരേ, നിങ്ങൾ ഭർത്താക്കന്മാർക്കു വിധേയരായിരിക്കുവിൻ. വചനം അനുസരിക്കാത്ത ആരെങ്കിലും ഉണ്ടെങ്കിൽ അവരെ വാക്കുകൊണ്ടല്ല, പെരുമാറ്റംകൊണ്ടു വിശ്വാസത്തിലേക്ക് ആനയിക്കാൻ ഭാര്യമാർക്കു കഴിയും. അവർ നിങ്ങളുടെ ആദരപൂർവ്വകവും നിഷ്കളങ്കവുമായ പെരുമാറ്റം കാണുന്നതുമൂലമാണ് ഇതു സാധ്യമാവുക. ഇങ്ങനെതന്നെ ഭർത്താക്കന്മാരേ, നിങ്ങൾ വിവേകത്തോടെ നിങ്ങളുടെ ഭാര്യമാരോടൊത്തു ജീവിക്കുവിൻ. സ്ത്രീ ബലഹീനപാത്രമാണെങ്കിലും ജീവദായകമായ കൃപയ്ക്കു തുല്യ അവകാശിനിയെന്ന നിലയിൽ അവളോടു ബഹുമാനം കാണിക്കുവിൻ. ഇതു നിങ്ങളുടെ പ്രാർത്ഥനയ്ക്കു തടസ്സമുണ്ടാകാതിരിക്കാൻ വേണ്ടിയാണ്" (3,1–2–.7).

വിശ്വാസികളും കുടുംബിനികളുമായ സ്ത്രീകൾക്കുള്ള ഉപദേശമായിട്ടാണ് ശ്ലീഹാ ഈ വാക്യങ്ങൾ അവതരിപ്പിക്കുന്നത്. ഇനിയും വിശ്വാസത്തിലേക്കു കടന്നുവന്നിട്ടില്ലാത്ത വിജാതീയഭർത്താക്കന്മാരുള്ള ഭാര്യമാരോട് തങ്ങളുടെ സന്മാതൃകയിലൂടെ ഭർത്താക്കന്മാരെ വിശ്വാസത്തി

ലേക്ക് ആനയിക്കാനാണ് പത്രോസ്ശ്ലീഹാ അനുസ്മരിപ്പിക്കുന്നത്. വിജാതീയനാണെങ്കിലും ഭർത്താവിനെ ഭാര്യ അനുസരിക്കണം എന്നാണ് ശ്ലീഹാ പറയുന്നത്. അനുസരണം സ്നേഹബന്ധത്തിന്റെ ഒരു വശമാണ്. ഭർത്താക്കന്മാരോട് ശ്ലീഹാ ഉപദേശിക്കുന്നത് അവരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യണമെന്നാണ് (3,7). സ്നേഹമാകുന്ന ദൈവത്തിൽ പിതാവ് സ്നേഹവും പുത്രൻ അനുസരണവും നല്കുന്നുണ്ടല്ലോ. അപ്പോൾ സ്നേഹത്തിന്റെ ഒരു വശമാണ് അനുസരണം എന്നതിനും സംശയമില്ല. അതാണ് ക്രിസ്തീയജീവിതത്തിൽ ഭാര്യാഭർതൃബന്ധത്തിൽ പ്രാവർത്തികമാകേണ്ടത്.

സ്ത്രീയുടെ യഥാർത്ഥ സൗന്ദര്യവും അലങ്കാരവും ബാഹ്യമോടികളല്ലെന്നും സൗമ്യവും ശാന്തവുമായ സ്വഭാവവും പെരുമാറ്റവുമാണെന്നും ശ്ലീഹാ എടുത്തുപറയുന്നു (3,3-4). ഭാര്യാഭർത്താക്കന്മാരുടെ പരസ്പര ബന്ധത്തിനു മാതൃകയായി പൂർവ്വപിതാക്കന്മാരെയും മാതാക്കളെയും എടുത്തുകാണിക്കുന്നുണ്ട്. ക്രൈസ്തവരെ അബ്രാഹത്തിന്റെ സന്തതികളായി പരിഗണിക്കുന്ന ആദിമസഭാപാരമ്പര്യമാണ് ഇവിടെ പ്രതിഫലിക്കുന്നത് (റോമാ 4,13-25). കുടുംബമാണല്ലോ ആരോഗ്യപരമായ മനുഷ്യബന്ധങ്ങൾ സൃഷ്ടിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്ന കളരി. അതുകൊണ്ട് പുരോഹിതൻ തന്റെ അജപാലനശുശ്രൂഷയിൽ കുടുംബബന്ധങ്ങൾക്ക് പ്രാധാന്യം നല്കണം. തന്റെ ശുശ്രൂഷയിലുള്ള കുടുംബങ്ങളെല്ലാം ആരോഗ്യപരമായ മനുഷ്യബന്ധങ്ങൾ പുലർത്തുന്നു എന്നുറപ്പു വരുത്തുന്ന അജപാലനശുശ്രൂഷ നല്കുവാൻ പുരോഹിതൻ ശ്രദ്ധിക്കണം.

**2. സാഹോദര്യവും നല്ല ജീവിതവും**

"അവസാനമായി, നിങ്ങളെല്ലാവരും ഹൃദയൈക്യവും അനുകമ്പയും സഹോദരസ്നേഹവും കരുണയും വിനയവുമുള്ളവരായിരിക്കുവിൻ. തിന്മയ്ക്കു തിന്മയോ, നിന്ദനത്തിനു നിന്ദനമോ പകരം കൊടുക്കാതെ, അനുഗ്രഹിക്കുവിൻ. അനുഗ്രഹം അവകാശമാക്കുന്നതിനു വേണ്ടി വിളിക്കപ്പെട്ടിരിക്കുന്നവരാണല്ലോ നിങ്ങൾ" (3,8-9).

ക്രിസ്തീയവിശ്വാസികളായ സകലരും -ഉടമകളും അടിമകളും ഭർത്താവും ഭാര്യയും മാതാപിതാക്കളും മക്കളും- അനുഷ്ഠിക്കേണ്ട പുണ്യങ്ങളുടെ വിവരണമാണ് ഇവിടെ പ്രതിപാദിക്കുന്നത്. കൂട്ടായ്മ, സഹിഷ്ണുത, സഹോദരസ്നേഹം, ദീനാനുകമ്പ തുടങ്ങിയ പുണ്യങ്ങളാണ് ഇവിടെ വിവക്ഷിക്കുന്നത്. ക്രൈസ്തവർ തമ്മിൽ മാത്രമല്ല, തങ്ങളെ ശത്രുതാമനോഭാവത്തോടെ വീക്ഷിക്കുന്ന സമൂഹത്തിലെ ഇതരവിഭാഗങ്ങളോടും ക്രിസ്തീയപുണ്യപൂർണ്ണതയിൽത്തന്നെ വർത്തിക്കണം എന്നാണ് ലേഖനകർത്താവ് നല്കുന്ന ഉപദേശം (3, 9). അനുസരണവും കാരുണ്യവും കൈവിടാതെ വ്യാപരിക്കുമ്പോഴാണ് സ്നേഹ

ത്തിന്റെ ഈ സാമൂഹികക്രമം സാദ്ധ്യമാകുന്നത്. തിന്മയ്ക്കെതിരായ പ്രതികാരത്തിനു മുതിരരുത് എന്നു നിർദ്ദേശിക്കുന്ന ഇതര വചനഭാഗങ്ങളുടെ സ്വാധീനം ഇവിടെ ദർശിക്കാം.

സകല അനീതികൾക്കും മുമ്പിൽ നന്മമാത്രം പ്രവർത്തിച്ച മിശിഹായായിരിക്കണം ക്രൈസ്തവരുടെ മാതൃക. കുടുംബത്തിലും സമൂഹത്തിലും നന്മ ചെയ്യുന്നവരുടെ പ്രാർത്ഥനയേ ദൈവം കേൾക്കുകയുള്ളൂ എന്ന സങ്കീർത്തനഭാഗം (സങ്കീ 34,12-16) ഉദ്ധരിച്ചുകൊണ്ടാണ് പത്രോസ്ശ്ലീഹാ ഈ ഉപദേശം നല്കുന്നത്. ക്ഷമിച്ചുകൊണ്ടു പ്രാർത്ഥിക്കണം എന്ന കർതൃപ്രാർത്ഥനയും ഇതിനു പശ്ചാത്തലമായി കാണാം. അജപാലനശുശ്രൂഷയുടെ ലക്ഷ്യം വിശ്വാസികളുടെ സമൂഹത്തെ ദൈവമക്കളുടെ ഒരു കുടുംബമായി കെട്ടിപ്പടുക്കുക എന്നതാണ്. ഇത് മനുഷ്യകുലത്തെ മുഴുവൻ ദൈവമക്കളുടെ കുടുംബമാക്കിത്തീർക്കുന്ന വിശ്വസാഹോദര്യം യാഥാർത്ഥ്യമാക്കുവാൻ ആവശ്യകമാണ്. അതുകൊണ്ട് സഭയിലും സമൂഹത്തിലും ഈ കുടുംബാരൂപി വളർത്തുവാൻ സഹായകരമായ ഒരു അജപാലനശൈലിയായിരിക്കണം പുരോഹിതന്റേത്.

**3. നന്മ ചെയ്യുന്നതിൽ തീക്ഷ്ണതയുള്ളവരാവുക**

"നന്മ ചെയ്യുന്നതിൽ നിങ്ങൾ തീക്ഷ്ണതയുള്ളവരാണെങ്കിൽ നിങ്ങളെ ഉപദ്രവിക്കാൻ ആർക്കു കഴിയും? നീതിക്കുവേണ്ടി കഷ്ടതകൾ സഹിക്കേണ്ടിവന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ. അവരുടെ ഭീഷണി നിങ്ങൾ ഭയപ്പെടേണ്ടാ; നിങ്ങൾ അസ്വസ്ഥരാവുകയും വേണ്ടാ. മിശിഹായെ കർത്താവായി നിങ്ങളുടെ ഹൃദയത്തിൽ പൂജിക്കുവിൻ. നിങ്ങൾക്കുള്ള പ്രത്യാശയെപ്പറ്റി വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ സദാ സന്നദ്ധരായിരിക്കുവിൻ" (3,13-15).

മതമർദ്ദനങ്ങളുടെ ഭീകരതയിൽ പതറാതെ വിശ്വാസത്തിൽ ഉറച്ചു നില്ക്കണമെന്നും, ശത്രുക്കളും അവിശ്വാസികളുമായ മതമർദ്ദകരോട് എപ്രകാരമാണ് ക്രിസ്തീയമായി പ്രതികരിക്കേണ്ടതെന്നുമാണ് ഇവിടെ ശ്ലീഹാ ഉപദേശിക്കുന്നത്. നന്മ ചെയ്യുന്നതിൽ തീക്ഷ്ണതയുള്ളവർ പീഡനങ്ങളെ നിസ്സാരമായി തള്ളിക്കളയാൻ കരുത്തുള്ളവരാകും. നന്മ ചെയ്തിട്ടും സഹിക്കേണ്ടിവരുന്നതിനെ 'ഭാഗ്യം' എന്നാണ് ഗ്രന്ഥകാരൻ വിശേഷിപ്പിക്കുന്നത്. ഇത് ഈശോ പറഞ്ഞ സുവിശേഷഭാഗ്യങ്ങളെ അനുസ്മരിപ്പിക്കുന്നതാണ്. 'മറ്റുള്ളവർ നിങ്ങളെ പീഡിപ്പിക്കുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ' എന്ന മിശിഹായുടെ ഗിരിപ്രഭാഷണത്തിലെ വാക്കുകൾതന്നെയാണ് ശ്ലീഹാ ഇവിടെ ഉദ്ധരിക്കുന്നത്.

നന്മ ചെയ്യുമ്പോഴും തിന്മമാത്രം പ്രതിഫലമായി ലഭിക്കുമ്പോൾ വിശ്വാസികൾ എപ്രകാരം പ്രതികരിക്കണം എന്ന് ശ്ലീഹാ ഇവിടെ പഠി

പ്പിക്കുന്നു. തങ്ങളുടെ പ്രത്യാശയെ ചോദ്യം ചെയ്യുന്നവരോട് മറുപടി പറയാൻ അറിഞ്ഞിരിക്കണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, ക്രൈസ്തവർക്കെതിരെ നിയമനടപടികൾക്കൊരുങ്ങുന്നവർക്ക് നിയമ പരമായി മറുപടി പറയാൻ അറിഞ്ഞിരിക്കണമെന്നല്ല. തിന്മയെ നന്മ കൊണ്ടു നേരിടണമെന്നുതന്നെയാണ് അതിന്റെ അർത്ഥം. നമ്മളോടു ശത്രുത പുലർത്തുന്നവരോട് എളിമയോടും സൗമ്യതയോടുംകൂടി വർത്തിക്കുവാൻ പഠിക്കണം. പുരോഹിതന്റെ ജീവിതത്തിൽ ഇതു വളരെ പ്രസക്തമാണ്. അജപാലനശുശ്രൂഷയിൽ പലപ്പോഴും ഇതുപോ ലെയുള്ള സാഹചര്യങ്ങളുണ്ടാകും. അപ്പോഴെല്ലാം, "നിങ്ങൾ എന്നെ കണ്ടു പഠിക്കുവിൻ. ഞാൻ ശാന്തശീലനും എളിമയുള്ളവനുമാണ്" (മത്താ 11, 29) എന്ന കർത്താവിന്റെ വാക്കുകൾക്കനുസൃതം ശാന്തത കൈവെടിയാതെ വർത്തിക്കുവാൻ പുരോഹിതർക്കു കഴിയണം.

**4. രക്ഷാകരസഹനത്തിൽ മിശിഹായെ അനുകരിക്കുക**

"നന്മ പ്രവർത്തിച്ചിട്ടു കഷ്ടതയനുഭവിക്കുകയെന്നതാണു ദൈവ ഹിതമെങ്കിൽ, അതാണു തിന്മ പ്രവർത്തിച്ചിട്ടു കഷ്ടതയനുഭവിക്കുക എന്നതിനെക്കാൾ നല്ലത്. എന്തുകൊണ്ടെന്നാൽ, മിശിഹാതന്നെയും പാപങ്ങൾക്കുവേണ്ടി ഒരിക്കൽ മരിച്ചു. അതു നീതിരഹിതർക്കുവേണ്ടി യുള്ള നീതിമാന്റെ മരണമായിരുന്നു. ശരീരത്തിൽ മരിച്ച് ആത്മാവിൽ ജീവൻ പ്രാപിച്ചുകൊണ്ടു നിങ്ങളെ ദൈവസന്നിധിയിലെത്തിക്കുന്നതിനു വേണ്ടിയായിരുന്നു അത്" (3: 17-18).

മിശിഹായെ അനുകരിക്കുക എന്നതിന് മിശിഹായുടെ സഹന ങ്ങളെ അനുകരിക്കുക എന്നുകൂടി അർത്ഥമുണ്ട്. മിശിഹായുടെ സഹനം മിശിഹാനുയായികൾക്കു ജീവിതമാതൃക മാത്രമല്ല, തങ്ങളുടെ ജീവി താസ്തിത്വങ്ങളെ മുഴുവൻ നിർണ്ണയിക്കുന്ന ആധാരശിലകൂടിയാണ്. സഹനങ്ങളിലൂടെ മിശിഹാ നേടിത്തന്നെ രക്ഷയും മതമർദ്ദനങ്ങളെ അഭി മുഖീകരിച്ച് ക്രൈസ്തവർ നേടുന്ന രക്ഷയും തമ്മിലുള്ള ബന്ധമാണ് ഇവിടെ വിവക്ഷിക്കപ്പെടുന്നത്. മിശിഹാ എന്നേക്കുമായി ഒരിക്കൽമാത്രം മരിച്ചപ്പോൾ വിശ്വാസികളുടെ സഹനം ഒന്നിനു പുറകെ ഒന്നായി തുട രുന്ന സഹനങ്ങളാണ്. മിശിഹാ നീതിമാനായിരിക്കെ സഹിച്ച് ശരീര ത്തിൽ മരിച്ചപ്പോൾ അവിടുന്ന് അരൂപിയിലൂടെ മഹത്ത്വീകൃതനായതു പോലെ നീതിമാനായിരിക്കെ സഹിക്കുന്നവർക്ക് മിശിഹായുടെ അരൂ പിയുടെ ശക്തി ലഭിക്കുന്നു.

തിന്മയുടെ ഫലമാണ് സഹനം എന്ന ചിന്തയ്ക്ക് ഒരു തിരുത്ത ലാണ് ഇവിടെയുണ്ടാവുക. ക്രിസ്തീയസഹനത്തെ ക്രിയാത്മകമായി കാണുവാൻ കഴിയണം. ഈലോകസഹനങ്ങളുടെ പിന്നിൽ ദൈവകര മുണ്ടെന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. സഹനത്തിലൂടെയാണ് രക്ഷ എന്ന ക്രൈസ്തവദർശനമാണ് ഇവിടെ നല്കപ്പെടുന്നത്. മിശിഹാ സഹ

നമരണങ്ങളിലൂടെ ഉത്ഥാനത്തിലേക്കു പ്രവേശിച്ചതുപോലെ നാമും മിശിഹായോടുകൂടെ സഹിച്ച് മരിച്ചാൽ –ഈലോക താല്പര്യങ്ങളെ ഹനിച്ചു ജീവിച്ചാൽ– അവിടുത്തെ മഹത്ത്വത്തിൽ പങ്കുചേരുവാൻ നമുക്കു കഴിയും. പുരോഹിതന്റെ അജപാലനശുശ്രൂഷാജീവിതത്തിൽ പലപ്പോഴും സഹനമുണ്ടാവുക സ്വാഭാവികമാണ്. സ്വന്തമായ സുഖസൗകര്യങ്ങൾ മാറ്റിവച്ച് നിരന്തരം ശുശ്രൂഷയിലേർപ്പെടേണ്ട ജീവിതമാണ് പുരോഹിതന്റേത്. അതുപോലെ അജഗണങ്ങളിൽനിന്നും അധികാരികളിൽനിന്നും സഹനങ്ങളുണ്ടാവാനുള്ള സാദ്ധ്യതയുമുണ്ട്. അവയെല്ലാം മിശിഹായുടെ സഹനത്തോടു ചേർന്നുനിന്ന് രക്ഷകരമാക്കിത്തീർക്കുവാൻ പുരോഹിതനു കഴിയണം.

**5. മിശിഹായിലൂടെ കൈവന്ന രക്ഷയുടെ സന്ദേശം**

“അവരാകട്ടെ നോഹിന്റെ കാലത്തു പെട്ടകം പണിയപ്പെട്ടപ്പോൾ, ക്ഷമാപൂർവ്വം കാത്തിരുന്ന ദൈവത്തെ അനുസരിക്കാത്തവരായിരുന്നു. ആ പെട്ടകത്തിലുണ്ടായിരുന്ന എട്ടുപേർ മാത്രമേ ജനത്തിലൂടെ രക്ഷ പ്രാപിച്ചുള്ളു. അതിന്റെ സാദൃശ്യമുള്ള ജ്ഞാനസ്നാനം ഇപ്പോൾ നിങ്ങളെ രക്ഷിക്കുന്നു. അതു നിങ്ങളുടെ ശരീരത്തിന്റെ മാലിന്യത്തിന്റെ നിർമ്മാർജ്ജനമല്ല; മറിച്ച്, ശുദ്ധമനസാക്ഷിയ്ക്കായി ഈശോമിശിഹായുടെ ഉത്ഥാനംവഴി ദൈവത്തോടു നടത്തുന്ന പ്രാർത്ഥനയാണ്. ഈശോമിശിഹായാകട്ടെ, സ്വർഗ്ഗത്തിലേക്കു പ്രവേശിച്ച് ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു. ദൂതന്മാരും അധികാരികളും ശക്തികളും അവിടുത്തേക്കു കീഴ്പ്പെട്ടുമിരിക്കുന്നു.” (3: 20–22).

ഈശോയുടെ മരണത്തിലൂടെ രക്ഷയിലേക്കു വീണ്ടെടുക്കപ്പെട്ടവർ (3,18) പത്രോസ്ശ്ലീഹായുടെ സഭയിലെ വിശ്വാസികളാണ്. നോഹിന്റെ പെട്ടകം പ്രതിനിധാനം ചെയ്യുന്ന സഭാംഗങ്ങളാണിവർ. എന്നാൽ മതപീഡകരായ എതിരാളികൾ നോഹയുടെ കാലത്തെ അനുസരണമില്ലാത്തവരെപ്പോലെയാണ് (3, 20). അവരുടെ നിത്യനാശം ഈശോയുടെ മരണത്തിലൂടെ ഉറപ്പിക്കപ്പെട്ടു എന്നാണ് ലേഖനകർത്താവു പറയുന്നത്. സഭയിലെ അംഗങ്ങൾക്ക് ഈശോയുടെ മരണോത്ഥാനത്തിലൂടെ രക്ഷ എപ്രകാരം ഉറപ്പിക്കപ്പെട്ടോ അതുപോലെ തന്നെ മതപീഡകർക്കു നിത്യശിക്ഷയും ഉറപ്പിക്കപ്പെട്ടിരിക്കുന്നു എന്നാണ് ഈ വചനങ്ങളുടെ അർത്ഥം. മതപീഡകരുടെമേൽ അന്തിമ വിജയം മിശിഹായ്ക്കാണെന്ന സന്ദേശം വിശ്വാസികൾക്കു നല്കി അവരെ വിശ്വാസത്തിലുറപ്പിക്കാനാണ് ലേഖനകർത്താവു ശ്രമിക്കുന്നത്.

ഈശോ പാതാളത്തിൽചെന്ന് നരകവാസികളായ ആത്മാക്കളോടു വചനം പ്രസംഗിച്ച് അവരെ രക്ഷിച്ചു എന്ന ‘സ്പിരിറ്റ് ഇൻ ജീസസ്’കാരുടെ വ്യാഖ്യാനം തെറ്റാണ്. യഹൂദപാരമ്പര്യത്തിൽ പരാമർശിക്കുന്ന, ദൈവത്തോടു മറുതലിച്ച് നിത്യശിക്ഷയിൽപെട്ടുപോയ വഴി

തെറ്റിയ മാലാഖമാരെക്കുറിച്ചാണ് 'ബന്ധനസ്ഥരായ ആത്മാക്കൾ' എന്നു പറഞ്ഞിരിക്കുന്നത്. ഈശോയുടെ മരണോത്ഥാനത്തിലൂടെ വിശ്വാസികളുടെ നിത്യരക്ഷ പ്രഖ്യാപിക്കപ്പെട്ടതുപോലെ അവിശ്വാസികളുടെ നിത്യശിക്ഷയും പ്രഖ്യാപിക്കപ്പെട്ടു എന്നാണ് ഈ പ്രസ്താവനയുടെ അർത്ഥം. അതുകൊണ്ട്, വിശ്വാസത്തിനു പ്രതിസന്ധിയുണ്ടാവുമ്പോൾ തിന്മയുടെ വിജയം താല്ക്കാലികമാണെന്നും അന്തിമവിജയം വിശ്വാസത്തോടു വിശ്വസ്തത പുലർത്തുന്നവർക്കാണെന്നുമുള്ള ബോദ്ധ്യത്തോടെ വിശ്വാസത്തിൽ ഉറച്ചുനില്ക്കുവാൻ നമുക്കു കഴിയണം. ഇത് അജപാലകർക്കും അജഗണങ്ങൾക്കും ഒരുപോലെ പ്രസക്തമാണ്.

**ജീവിതസൂചിക**

1. കുടുംബബന്ധങ്ങൾ ആരോഗ്യകരമായി പടുത്തുയർത്തുവാൻ സഹായിക്കുന്ന അജപാലനശുശ്രൂഷയാണോ ഞാൻ നിർവഹിക്കുന്നത്?

2. വിശ്വസാഹോദര്യത്തെ പരിപോഷിപ്പിക്കുന്ന സമൂഹമായി സഭാസമൂഹത്തെ നമുക്ക് എങ്ങനെ പടുത്തുയർത്താം?

3. തിന്മയുടെ മദ്ധ്യേ നന്മയെ മുറുകെപ്പിടിച്ചുകൊണ്ടു ജീവിക്കുവാൻ ഞാൻ എപ്രകാരം പരിശ്രമിക്കുന്നു?

4. ഒരു പുരോഹിതനെന്ന നിലയിൽ മിശിഹായുടെ രക്ഷാകരസഹനത്തിൽ ഞാൻ എപ്രകാരം പങ്കുചേരണം?

5. മിശിഹായുടെ മരണോത്ഥാനങ്ങളിലൂടെ കൈവരിച്ച രക്ഷയുടെ സുവിശേഷം ഞാൻ എപ്രകാരം പ്രഘോഷിക്കണം?

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ജനുവരി 17-ാം തീയതി ബഹു. മോൺ. ജോസഫ് കണിയാമറ്റം അച്ചന്റെയും ജനുവരി 19-ാം തീയതി ബഹു. ജോർജ്ജ് മേമന അച്ചന്റെയും ജനുവരി 29-ാം തീയതി ബഹു. ജോസഫ് കോട്ടേപ്പറമ്പിൽ അച്ചന്റെയും ഫെബ്രുവരി 1-ാം തീയതി ബഹു. ജോസഫ് മഞ്ചുവള്ളിൽ അച്ചന്റെയും ഫെബ്രുവരി 7-ാം തീയതി ബഹു. പീറ്റർ ചെറുകരമുട്ടം അച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും നമുക്കോർക്കാം.

**കൂരിയ അവധി**

ഡിസംബർ 24 മുതൽ ജനുവരി 6 വരെ രൂപതാകച്ചേരി അവധിയായിരിക്കും

**സീറോ മലബാർ പ്രേഷിതവാരാചരണം- 2021 – ജനുവരി 06–12**

സീറോ മലബാർ സഭയുടെ വിവിധ മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മിഷനറിമാരെയും മിഷനറി പ്രവർത്തനങ്ങളെയും അനുസ്മരിക്കുവാനും അറിയുവാനും മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനായി പ്രാർത്ഥിക്കുവാനും സീറോ മലബാർ മിഷനെ സഹായിക്കുവാനുമായി പ്രത്യേകമായി മാറ്റി വച്ചിരിക്കുന്ന അവസരമാണല്ലോ സീറോ മലബാർ മിഷൻ വാരാചരണം. 2021 ജനുവരി 06 മുതൽ 12 വരെയാണ് സീറോ മലബാർ മിഷൻ വാരമായി ആചരിക്കുന്നത്. സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് മിഷൻവാരത്തെക്കുറിച്ച് നൽകിയിട്ടുള്ള സർക്കുലർ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ദിവസം വായിക്കുകയും വാരാചരണം നടത്തുകയും ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

**വാർഷിക ധ്യാനം**

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന വൈദീകർക്കായുള്ള വാർഷിക ധ്യാനം ഡിസംബർ 1,2,3 തീയതികളിൽ ഓൺലൈനായി നടത്തി. തമരശ്ശേരി വൈദികനും കുന്നോത്ത് ഗുഡ്ഷെപ്പേർഡ് സെമിനാരി അദ്ധ്യാപകനുമായ ബഹുമാനപ്പെട്ട ജെയിംസ് കിളിയനാനി അച്ചനാണ് ധ്യാനചിന്തകൾ പങ്കുവച്ചത്. ഓരോ ഫൊറോനയിലുമുള്ള വൈദീകർ നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിൽ ഒത്തു ചേരുകയും ധ്യാനത്തിൽ പങ്കെടുക്കുകയും ചെയ്തു. ധ്യാന വിജയത്തിനായി സഹകരിച്ച എല്ലാവർക്കും നന്ദി.

**മോൺ. പോൾ മുണ്ടോളിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# INFORMATION

**Mar Jose Pulickal**
Bishop of Kanjirapally
Pastoral Centre, P.B. NO. 22,
Kanjirapally – 686 507. Kottayam Dt. Kerala, India
Tel: +91 4828 203956, Fax: +91 4828 206022, 204491
Email: bishopjosepulickal@gmail.com
Web: www.kanjirapallydiocese.com

SALT OF THE EARTH
LIGHT OF THE WORLD

Prot. No. 206/CU.K.03.20

November 30, 2020

Your Eminence/Grace/Excellency,

Cordial greetings from the Eparchy of Kanjirapally!

I write this to convey a word of caution about a person masquerading as a Catholic priest, namely MR. JOSE MAILACKAL. He is originally from the parish of St. Thomas Church Kumily in the Eparchy of Kanjirapally and is said to be currently residing at Ernakulam. We received a complaint against him back in 2014, stating that he publicly 'performed' certain priestly functions – concelebrating, preaching, healing, blessing etc. – pretending to be an ordained Catholic priest and publicly presenting himself in clerical attire.

Mar Mathew Arackal, my predecessor, made an enquiry about the matter. To those who met him, as part of the enquiry, Jose Mailackal admitted that he was not an ordained priest in the Catholic Church, non-Catholic Churches or in any other Christian denominations. He apologized for his fraudulent action and promised that he would not repeat it, which he gave in writing. At that time we evaluated that he was insane to a certain extent and we accepted his apology in good faith. In the absence of further complaints after his apology, the eparchy decided to close the case in a Christian spirit of forgiveness, not wanting to bring more embarrassment to him or his family.

However, in October 2020, we received another serious complaint that Jose Mailackal, presented himself again in public as a Catholic priest, preacher and miracle worker and cheated many ingenuous faithful. He has reportedly amassed huge wealth from people and procured land in different parts of Kerala, all under the promise of spiritual favours or under the threat of doom and curse. Further enquiry proved that he simulated the celebration of sacraments in various Catholic churches in Kerala, in pilgrim churches like Velankanni, Gulf countries, the Holy Land and the UK. Recently we are receiving more reports from people of different Churches including non-Catholics who were defrauded by this pseudo priest. Now, many civil cases are filed against him and they are on the process.

I consulted with the Major Archbishop His Beatitude Mar George Cardinal Alencherry on this matter and he directed me to convey this information to all the bishops of India and to other persons concerned. Therefore, I request you to be aware and cautious of this pseudo priest and send a word of caution to your faithful. Some of his photographs posing as priest and his known address and phone numbers are attached herewith.

With prayerful best wishes,

Yours in the Lord Christ Jesus

MAR JOSE PULICKAL BISHOP OF KANJIRAPALLY
SALT OF THE EARTH LIGHT OF THE WORLD

† Jose Pulickal
Bishop, Eparchy of Kanjirapally

## PHOTOS, ADDRESS AND MOBILE NOS. - MR. JOSE MAILACKAL








Fr. JOSE
P.B. NO.: 1048
ERNAKULAM HPO
COCHIN - 682 011, KERALA

MR. JOSEPH JOSEPH
MAILACKAL HOUSE
50/269A
ELLATHPARAMB ROAD
POONITHARA P.O.
PIN 682 034

MOBILE NOS:
9446608040
9447180400
9961080400

**ഏവർക്കും ക്രിസ്തുമസ്സിന്റെയും പുതുവൽസരത്തിന്റെയും മംഗളങ്ങൾ..**

**HCC (XI, XII) യൂണിവേഴ്സിറ്റി പരീക്ഷ ഫെബ്രുവരി 2-ന്**

കാലിക്കറ്റ് യൂണിവേഴ്സിറ്റി ചെയർ ഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസ് നടത്തുന്ന HCC (Plus One, Plus Two) പരീക്ഷകൾ ജനുവരി 10-ന് ഞായറാഴ്ച രാവിലെ 10.00 മണിമുതൽ 11.00 മണിവരെ നടത്തുന്നതാണ്. പരീക്ഷയ്ക്കുവേണ്ട സഹായവും ക്രമീകരണങ്ങളും ഇടവകയിലെ ബഹു. വികാരിയച്ചനും, ഹെഡ്മാസ്റ്ററും ചേർന്ന് ഒരുക്കുമല്ലോ. പരീക്ഷകൾ സൺഡേസ്കൂളിൽ ക്രമീകരിക്കുന്ന പരീക്ഷഹാളിൽ വികാരിയച്ചൻ നിയോഗിക്കുന്ന സൂപ്പർവൈസറുടെ മേൽനോട്ടത്തിലാണ് നടത്തേണ്ടത്. മൂല്യനിർണയം ഇടവകകളിൽ തന്നെ നടത്തേണ്ടതാണ്. ഹെഡ്മാസ്റ്റേഴ്സ് Answer Sheet കൃത്യമായിട്ട് verify ചെയ്ത് മാർക്ക് നിശ്ചിത ഫോർമാറ്റിൽ രേഖപ്പെടുത്തി മതബോധന കേന്ദ്രത്തിലേക്ക് അയച്ചുതരികയും ഉത്തരകടലാസുകൾ ഫൊറോന കേന്ദ്രത്തിൽ ജനുവരി 24 നു മുമ്പ് എത്തിക്കേണ്ടതുമാണ്.

**പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച്**

കോവിഡ് പ്രോട്ടോക്കോൾ കൃത്യമായി പാലിച്ചുകൊണ്ടാണ് പരീക്ഷ നടത്തേണ്ടത്.

1. പരീക്ഷ നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം ഇടവകയിലെ ബഹു. വികാരിയച്ചനും, ഹെഡ്മാസ്റ്ററിനും ആയിരിക്കും.

2. പരീക്ഷാസമയത്തിന് മുമ്പ് കുട്ടികളുടെ രജിസ്റ്റർ നമ്പർ എഴുതി പരീക്ഷാ ഹാൾ ക്രമീകരിക്കേണ്ടതാണ്.

3. പരീക്ഷയ്ക്ക് 30 മിനിറ്റ് മുമ്പ് (9.30 ന്) കുട്ടികളെ പരീക്ഷാ ഹാളിൽ പ്രവേശിപ്പിക്കുക. 9.45 ന് ചോദ്യ പേപ്പറുകൾ നൽകുക. 15 മിനിറ്റ് സമയം കൂൾ ഓഫ് ടൈം ആണ്. 10 മണിക്ക് ഉത്തരക്കടലാസുകൾ നൽകുക. 11.00 മണിവരെയാണ് പരീക്ഷ സമയം.

4. പരീക്ഷാ സമയം കൃത്യമായി പാലിക്കേണ്ടതാണ്. പരീക്ഷ തുടങ്ങി അര മണിക്കൂർ കഴിഞ്ഞു വരുന്ന പരീക്ഷാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കേണ്ടതില്ല.

5. വിദ്യാർത്ഥികൾക്ക് പരീക്ഷ ഹാളിൽ Mobile Phone അനുവദനീയമല്ല.

6. പരീക്ഷ കഴിഞ്ഞ് മൂല്യനിർണയം ഇടവകകളിൽ തന്നെ നടത്തുക. ഹെഡ്മാസ്റ്റേഴ്സ് Answer Sheet കൃത്യമായിട്ട് verify ചെയ്ത് മാർക്ക് നിശ്ചിത ഫോർമാറ്റിൽ രേഖപ്പെടുത്തി മതബോധന കേന്ദ്രത്തിലേക്ക് അയച്ചുതരികയും ഉത്തരകടലാസുകൾ ഫൊറോന കേന്ദ്രത്തിൽ ജനുവരി 24 നു മുമ്പ് എത്തിക്കുകയും ചെയ്യുക.

7. പരീക്ഷാർത്ഥിയുടെ കൈവശം ഹാൾടിക്കറ്റ് ഉണ്ടായിരിക്കണം. ഹാൾടിക്കറ്റ് ഇല്ലാത്തവരെ പരീക്ഷ എഴുതാൻ അനുവദിക്കേണ്ടതില്ല.

8. പരീക്ഷ എഴുതുവാനുള്ള ആൻസർ ബുക്ക്, യൂണിവേഴ്സിറ്റി സീലോടുകൂടി നൽകുന്നതാണ്. സീലില്ലാത്ത പേപ്പറുകൾ മൂല്യ നിർണ്ണയം ചെയ്യാൻ പാടില്ല.

**ആദരാഞ്ജലികൾ**

30.11.2020 ന് ഹൃദയാഘാതംമൂലം നിത്യതയിലേക്ക് യാത്രയായ കൊളവയൽ ഇടവകയിലെ അധ്യാപകനും മുൻ ഹെഡ്മാസ്റ്ററുമായ മങ്കുത്തേൽ വിജുസാറിന് മതബോധന കേന്ദ്രത്തിന്റെ അനുശോചനങ്ങളും പ്രാർത്ഥനകളും. സഭയ്ക്കും സമൂഹത്തിനും സാർ ചെയ്ത നന്മകൾക്ക് നല്ല ദൈവം പ്രതിഫലം നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**മേഖലാ ഡയറക്ടറിന് നന്ദിയും സെക്രട്ടറിക്ക് സ്വാഗതവും**

കഴിഞ്ഞ മാസങ്ങളിൽ മതബോധനത്തിന്റെ കല്ലോടി മേഖലാ ഡയറക്ടറായി സേവനം ചെയ്ത റവ. ഫാ. ജോണി ഇലവുങ്കൽ അച്ചന് രൂപതാ മതബോധന കേന്ദ്രത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി. പുതിയ ഡയറക്ടറായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന റവ. ഫാ. ബിജു മാവറ അച്ചന് ഹൃദ്യമായ സ്വാഗതം.

കഴിഞ്ഞ വർഷങ്ങളിൽ മുള്ളൻകൊല്ലി മേഖലാ സെക്രട്ടറിയായി സ്തുത്യർഹമായി സേവനം ചെയ്ത ശ്രീ. കണ്ടത്തിക്കുടിയിൽ ആന്റണി സാറിന് മാനന്തവാടി രൂപതാ മതബോധനകേന്ദ്രം സ്നേഹപൂർവ്വം നന്ദി അറിയിക്കുന്നു. പുതിയ മേഖലാസെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ശ്രീ. കുളിരിയേൽ ജോസ് സാറിന് ഹൃദ്യമായ സ്വാഗതം.

**HDC കോൺടാക്റ്റ് ക്ലാസ്സ്**

HDC ഒന്നാം വർഷക്കാരുടെ അദ്യത്തെ കോൺടാക്റ്റ് ക്ലാസ്സ് ജനുവരി 2 ശനിയാഴ്ച്ച 9.30 ന് ദ്വാരകയിൽ വച്ച് നടത്തപ്പെടുന്നതാണ്. രണ്ടാം വർഷക്കാരുടെ അടുത്ത കോൺടാക്റ്റ് ക്ലാസ്സ് ജനുവരി 26 ചൊവാഴ്ച്ച 9.30 ന് ദ്വാരകയിൽ വച്ച് നടത്തപ്പെടുന്നതാണ്. ബത്തേരിയിൽ രണ്ടാം വർഷക്കാരുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതല്ല.

## DCC കോൺടാക്റ്റ് ക്ലാസ്സും പരീക്ഷയും

| Semester | Class | Exam |
|---|---|---|
| I Sem | December 13 | |
| II Sem | (യേശു: യുവജനങ്ങൾക്കൊരു മാതൃക)<br>December 27 | |
| III Sem | (ഭൂമിയിലെ ഏദൻ)<br>December 27 | December 20<br>(യേശു: യുവജനങ്ങൾക്കൊരു മാതൃക)<br>January10 (നെറ്റിയിലെ വിയർപ്പുകൊണ്ട്) |
| | (ഭൂമിയിലെ ഏദൻ) | December 23 (ഭൂമിയിലെ ഏദൻ) |

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷനറിമാരെ,

പുതിയൊരു വർഷത്തിലേക്ക് പ്രവേശിക്കുവാനായ് നാം ഒരുങ്ങിയിരിക്കുകയാണല്ലോ. പുതുവർഷത്തിന്റെ ആശംസകളും പ്രാർത്ഥനകളും സ്നേഹപൂർവ്വം നേരുന്നു. ഒത്തിരി സ്വപ്നങ്ങളും പ്രതീക്ഷകളുമായിട്ടാണ് നാം പുതുവർഷത്തെ വരവേൽക്കുക. ഇന്നലകളിലെ നഷ്ടങ്ങളെ പറ്റി ഓർക്കാതിരിക്കാം. പ്രതീക്ഷയോടെ നല്ല നാളേക്കായി കാത്തിരിക്കാം. വി. പൗലോസ് തെസലോനിക്കക്കാർക്കെഴുതിയ ഒന്നാം ലേഖനം 5:16-18ൽ കാണുക ഇപ്രകാരമാണ്, 'എപ്പോഴും സന്തോഷത്തോടെ ആയിരിക്കുവിൻ, ഇടവിടാതെ പ്രാർത്ഥിക്കുവിൻ, എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ'. ഈ വചനത്തിൽ മൂന്നു കാര്യങ്ങളുണ്ട്. 1. സന്തോഷത്തോടെ ഇരിക്കണം. സന്തോഷം തേടിയുള്ള നമ്മുടെ യാത്രയിൽ യഥാർത്ഥസന്തോഷം കണ്ടെത്തേണ്ടത് ഈശോയിൽ നിന്നാണ്. ഈശോയോട് ചേർന്നിരിക്കുമ്പോൾ കിട്ടുന്ന സന്തോഷമാണ് നമ്മെ വളർത്തുന്നത്. ഈ സന്തോഷം അനുഭവിക്കാൻ പുതുവർഷത്തിൽ പരിശ്രമിക്കാം. 2. ഇടവിടാതെ പ്രാർത്ഥിക്കണം. ഈശോ ശിഷ്യൻമാരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചു. കൂടുതൽ പ്രാർത്ഥിക്കാനുള്ള സമയമാണ് 2021. ദിവ്യബലിയിൽ പങ്കെടുത്തും, വചനം വായിച്ചും, ജപമാല പ്രാർത്ഥിച്ചും, സുകൃതജപങ്ങൾ ഉരുവിട്ടും ഇടവിടാതെ പ്രാർത്ഥിക്കുന്ന ഒരു ശീലം 2021 ൽ നമുക്കു വളർത്തിയെടുക്കാം. 3. എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കണം. നന്ദി പ്രകാശിപ്പിക്കുന്ന കാര്യത്തിൽ നാം ഓരോരുത്തരും വളരെ പിന്നോക്കമാണ്. ദൈവത്തോടും സഹജീവികളോടും നാം നന്ദി പ്രകാശിപ്പിക്കണം. നന്ദി പ്രകാശിപ്പിക്കുമ്പോഴാണ് നമ്മൾ വിലയുള്ളവരായി തീരുന്നത്. പുതു വർഷത്തിൽ നന്ദി പറയുന്ന ശീലം നമുക്കു സ്വന്തമാക്കാം. 2020 ഏറെ ദു:ഖങ്ങൾ തന്ന വർഷമായിരുന്നുവെങ്കിലും ഒരു പോറലുപോലുമേൽക്കാതെ ദൈവം നമ്മെ സംരക്ഷിച്ചു. അതുകൊണ്ട് തന്നെ നന്ദിയുടെ മനസ്സുമായി നമുക്ക് ആയിരിക്കാം.

പുതുവർഷത്തിലേക്ക് ദൈവം നമ്മെ കൊണ്ടുവന്നത് ദൈവത്തിന് നമ്മെകുറിച്ച് എന്തോ പദ്ധതിയുള്ളതുകൊണ്ടാണ്. കഴിഞ്ഞ വർ

ഷത്തിൽ സംഭവിച്ച കുറവുകൾക്ക് മാപ്പ് ചോദിച്ച് സ്നേഹിക്കുന്ന ദൈവ പിതാവിന്റെ കരം പിടിച്ച് ധൈര്യമായി പുതുവർഷം നമുക്ക് ആരംഭി ക്കാം. സംഘടന പ്രവർത്തനങ്ങളിൽ കൂടുതൽ തീക്ഷ്ണതയുള്ളവ രാകാം. ഏവർക്കും ഒരിക്കൽ കൂടി പുതുവത്സരാശംസകൾ നേർന്നു കൊണ്ട്,

പ്രേഷിതാഭിവാദ്യങ്ങളോടെ,
**ഷിജുഅച്ചൻ**

2021 ജനുവരി - സുവിശേഷത്തിന്റെ പ്രഭ ചൊരിയുന്നവർ
പ്രയർ 2021 - നവ വൈദീകർക്കുവേണ്ടി
മിഷൻ പ്രയർ ബാങ്ക് - സാഗർ രൂപത (നിലമ്പൂർ മേഖലയിലെ ശാഖകൾ)

**പ്രേഷിത സൗഹൃദം -മേഖല ഭാരവാഹികളോടൊപ്പം**

ശാഖ, മേഖല, രൂപത തലങ്ങളിലുള്ള ബന്ധങ്ങളും പ്രവർത്ത നങ്ങളും ഊർജ്ജസ്വലവും ഊഷ്മളവുമാക്കാനായി ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതയിൽ പ്രേഷിത സൗഹൃദം എന്ന കൂട്ടായ്മയ്ക്കു ആരംഭം കുറിച്ചു. അകലങ്ങളിലാണെങ്കിലും മനസ്സുകൊ ണ്ട് അടുപ്പം സൂക്ഷിക്കുന്ന പ്രേഷിത സൗഹൃദത്തിന്റെ ആദ്യഘട്ടമാ യി മേഖല ഭാരവാഹികളുടെ സംഗമം സംഘടിപ്പിച്ചു. 13 മേഖലകളിൽ നിന്നായി 50 ലേറെ ഭാരവാഹികളും രൂപത ഭാരവാഹികളും ഓ ൺലൈൻ ആയി നടത്തിയ സംഗമത്തിൽ പങ്കെടുത്തു. രൂപത ഡയറ ക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ, പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാ ക്കൽ, സെക്രട്ടറി സജീഷ് എടത്തട്ടേൽ, വൈസ് പ്രസിഡന്റ് ആര്യ കൊച്ചുപുരക്കൽ, മെർളിൻ മേപ്പാടത്ത് എന്നിവർ നേതൃത്വം കൊടുത്തു. പ്രേഷിത സൗഹൃദത്തിന്റെ ആദ്യഘട്ടം ഏറ്റവും മനോഹരമാക്കാൻ സ ഹകരിച്ച എല്ലാവർക്കും നന്ദി.

**അഭിനന്ദനങ്ങൾ**

ഫാ.ജോസഫ് മാലിപ്പറമ്പിൽ, കുഞ്ഞേട്ടൻ അനുസ്മരണത്തോ ടനുബന്ധിച്ച് സംസ്ഥാന സമിതി സംഘടിപ്പിച്ച ലേഖന മത്സരത്തിൽ മാനന്തവാടി രൂപതയിൽ നിന്നുള്ള വിജയികൾ ജൂനിയർ വിഭാഗത്തിൽ ജെർലിൻ മറ്റത്തിൽ (കൽപ്പറ്റ മേഖല ചാരിറ്റി ശാഖ ), അൽന വിൻ സെന്റ് (മുള്ളൻകൊല്ലി മേഖല സീതാമൗണ്ട് ശാഖ) എന്നിവർ ഒന്നും രണ്ടും സ്ഥാനത്തിനും സീനിയർ വിഭാഗത്തിൽ മരിയ ചെറുതറപ്പേൽ (നീലഗിരി മേഖല കയ്യൂന്നി ശാഖ), ലിസ് മരിയ ഉള്ളാട്ടിൽ (കൽപ്പറ്റ മേഖല വാഴവറ്റ ശാഖ) എന്നിവർ ഒന്നും രണ്ടും സ്ഥാനത്തിനും അർ ഹരായി. പങ്കെടുത്തവർക്കും വിജയികളായവർക്കും രൂപത കുടുംബ

ത്തിന്റെ അഭിനന്ദനങ്ങൾ

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയിലെ തലഞ്ഞി ശാഖ സംഘടിപ്പിച്ച ഉണർവ് 2020 അഖില കേരള പ്രസംഗ മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനത്തിന് അർഹരായ മാനന്തവാടി രൂപതയിലെ മിഷൻലീഗ് അംഗങ്ങളായ സോണിജ് മാരാംകണ്ടത്തിൽ (കുഞ്ഞോം ശാഖ), ഐറിൻ വാതക്കോടത്ത് (നടവയൽ ശാഖ) എന്നിവർക്ക് രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

ഓൾ ഇന്ത്യ ജെ. ആർ. എഫ് പരീക്ഷയിൽ ഉന്നതവിജയം നേടി റിസേർച്ച് ഫെലോഷിപ്പിന് അർഹതനേടിയ ചെറുപുഷ്പ മിഷൻലീഗ് നീലഗിരി റീജിയൺ മുൻ പ്രസിഡന്റും മച്ചിക്കൊല്ലി ഇടവകാംഗവുമായ ടോണി വടക്കുംപാടത്തിന് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**നന്ദി**

കഴിഞ്ഞ ഒന്നരവർഷക്കാലം ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത സെക്രട്ടറി ആയിരുന്നുകൊണ്ട് നേതൃത്വനിരയിലെ നിറ സാനിധ്യമായിരുന്ന ശ്രീ.ടോം ജോസ് പൂവക്കുന്നേൽ പൊതു പ്രവർത്തനമേഖലയിലേക്ക് മാറിയതിനാൽ തൽസ്ഥാനത്തുനിന്നും രാജി വച്ചു. അനേക വർഷങ്ങളായി രൂപത എക്സിക്യൂട്ടീവ് അംഗം, രൂപത സെക്രട്ടറി എന്നീ നിലകളിൽ സി.എം.എൽ സംഘടനയ്ക്കും സംഘടനയിലൂടെ തിരുസഭയ്ക്കും നൽകിയ സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു. തുടർന്നുള്ള പ്രവർത്തന വീഥികളിൽ സംഘടനയിലൂടെ ആർജ്ജിച്ച നേതൃത്വപാഠവവും, മൂല്യങ്ങളും ടോംമിന് മുതൽകൂട്ടാവട്ടെ എന്നാശംസിക്കുകയും ചെയ്യുന്നു.

**രാജത്വതിരുനാൾ**

ചരിത്ര നിയന്താവും നിത്യരാജാവുമായ ക്രിസ്തുനാഥന്റെ രാജത്വതിരുനാളിൽ രാജാക്കൻമാരുടെ രാജാവായ അവിടുത്തെ ഭരണം ലോകം മുഴുവനിലും സംജാതമാക്കണമെ എന്ന പ്രാർത്ഥനയോടെ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ഏവർക്കും തിരുനാൾ മംഗളങ്ങൾ ആശംസിച്ചു.

**ഗ്ലോറിയ സീസൺ –2**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ കേരളത്തിലെ മുഴുവൻ രൂപതകളെയും പങ്കെടുപ്പിച്ചുകൊണ്ട് അഖിലകേരള കരോൾ ഗാനമത്സരം നടത്തി. മിഷൻലീഗ് മാനന്തവാടി എന്ന യൂട്യൂബ് ചാനലിൽ അപ് ലോഡ് ചെയ്ത വീഡിയോകളാണ് മത്സരത്തിന് പരിഗണിച്ചത്. നിലവാരമുള്ള എല്ലാ വീഡിയോകളും യൂട്യൂ

ബിൽ അപ് ലോഡ് ചെയ്തു.

**സദ്വാർത്ത**

ഡിസംബർ മാസം മിഷൻലീഗിലെ അംഗങ്ങൾക്ക് വളരെ പ്രധാന പ്പെട്ടമാസം. ത്യാഗ സുരഭിലമായ, സുകൃത സമ്പമായ കാലഘട്ടം. ലോകം മുഴുവൻ സന്തോഷിക്കുന്ന ഈ പുണ്യമാസത്തിൽ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ബൈബിൾ മാസം ആയി ആചരിച്ചു. ദൈവം സ്നേഹമാണെന്ന് ലോകത്തോട് പറയാൻ വചനം മാംസം ധരി ച്ചവൻ കരുതി വച്ച ദൈവസ്നേഹത്തിന്റെ അക്ഷയപാത്രം വി. ബൈബിൾ. വ്യക്തികൾക്കും കുടുംബങ്ങൾക്കും വചനം കൂടുതൽ പഠി ക്കാൻ, വായിക്കാൻ, എഴുതാൻ, പ്രവർത്തിക്കാൻ, മനസിലാക്കാൻ ഒക്കെയുള്ള സുവർണ്ണാവസരം. ഡിസംബർ മാസം മുഴുവൻ കാലദേ ശങ്ങൾക്കതീതമായി സോഷ്യൽ മീഡിയയിലൂടെ വിവിധങ്ങളായ വചനാധിഷ്ഠിത പ്രവർത്തനങ്ങൾ അനേകരിലേക്ക് എത്തിച്ചതിലൂടെ ലോകം മുഴുവൻ വചനം പ്രഘോഷിക്കാൻ രൂപതയിലെ മിഷനറി മാർക്കു സാധിച്ചു. മേഖലകളും ശാഖകളും ഏറെ തീക്ഷ്ണതയോടെ ബൈബിൾ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ ക്രമീകരിക്കാൻ കാണിച്ച താൽപര്യത്തിന് രൂപത കുടുംബത്തിന്റെ നന്ദി.

**വചനവഴിയെ – ബൈബിൾ പാരായണ യജ്ഞം**

ദൈവസ്നേഹത്തിന്റെ വിശുദ്ധ ചരിത്രത്തിലെ നാഴികകല്ലുക ളാണ് വി. ബൈബിളിലെ ഓരോ അദ്ധ്യായവും. ഡിസംബർ1 മുതൽ 31 വരെ സമ്പൂർണ്ണ ബൈബിൾ പാരായണത്തിനുള്ള അവസരം ഒരു ക്കികൊണ്ട് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ഓരോ ശാഖ യ്ക്കും വായിക്കാനുള്ള വചനഭാഗങ്ങൾ വീതിച്ചു നൽകി. വചനവഴിയേ സഞ്ചരിക്കുന്ന ക്രിസ്തുവിന്റെ പ്രേഷിതരാകാൻ രൂപതയിലെ മുഴുവൻ കുഞ്ഞുങ്ങളെയും പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് 31 ദിവസം നീണ്ടുനിന്ന ബൈബിൾ പാരായണം സംഘടിപ്പിച്ചത്. ഇതി നോട് സഹകരിച്ച എല്ലാവർക്കും രൂപത കുടുംബത്തിന്റെ നന്ദി.

**എന്റെ ക്രിസ്തുമസ് കാലം**

തിരുപ്പിറവിയുടെ പുണ്യദിനത്തിലേക്ക് പുണ്യങ്ങളുമായി വീണ്ടു മൊരു തീർത്ഥയാത്ര. ഹൃദയമാകുന്ന പുൽക്കൂട്ടിൽ പിറക്കാനാഗ്രഹി ക്കുന്ന സ്വർഗ്ഗീയ രാജകുമാരനായ് കുഞ്ഞുമിഷനറിമാർ തങ്ങളുടെ ഹൃദയനിലങ്ങളെ ഒരുക്കുന്നതിനായ് ക്രമീകരിച്ച പ്രത്യേക പ്രോഗ്രാം. ഡിസംബർ 1 മുതൽ 25 വരെ 25 ചലഞ്ചുകളുമായി ഓരോ ദിനവും മര കാവ് ശാഖയിലെ ചുണക്കുട്ടികൾ രംഗത്തെത്തി. എന്റെ ക്രിസ്തുമസ് കാലം ഏറെ മനോഹരവും അർത്ഥസമ്പുഷ്ടവുമാക്കാൻ യത്നിച്ച എല്ലാ

വർക്കും പ്രത്യേകിച്ച് ഈ പ്രോഗ്രാം ഡയറക്ടു ചെയ്ത സി. സെബി എം.എസ്.എം.ഐ ക്കും മീഡിയ കമ്മീഷൻ അംഗങ്ങൾക്കും രൂപത കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും.

**പാഥേയം**

വചനം പഠിക്കുന്നതിനും വചനത്തിന്റെ പൊരുൾ മനസ്സിലാക്കുന്നതിനുമായി വചനം മാംസം ധരിച്ച പുൽക്കൂട്ടിലേക്ക് ഒരു യാത്ര; വചനം പാഥേയമാകുന്ന  തീർത്ഥയാത്ര. വചനം മാംസം ധരിച്ചവനെ ധ്യാനിക്കാൻ വചനം പഠിക്കാൻ വചനമാസം മുഴുവനും അനുദിനവും ദൈവവചനം ആകർഷകമായി മിഷനറിമാരിൽ എത്തിച്ച പരിപാടിയായിരുന്നു പാഥേയം. പാഥേയം ഭംഗിയാക്കി തീർത്ത എല്ലാവർക്കും നന്ദി.

**വചനമുദ്ര- സ്റ്റിക്കർ**

വളർന്നുവരുന്ന വരും തലമുറയിൽ വചനത്തോട് താൽപര്യവും ആകർഷണവും ഉണ്ടാക്കുന്നതിനായി ഈ മാസത്തിലെ എല്ലാ ദിവസവും വളരെ ആകർഷകമായ വിധത്തിൽ  വചനമുദ്ര എന്ന പേരിൽ വചന സ്റ്റിക്കറുകൾ ഉണ്ടാക്കി നൽകി. വചനമുദ്രയുടെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും നന്ദി.

**വചനചാരുത**

മാനന്തവാടി രൂപതയിലെ പ്രേഷിത കുടുംബങ്ങൾക്കായി ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ഓൺലൈൻ ടാബ്ളോ അവതരണ മത്സരം സംഘടിപ്പിച്ചു. വി. ബൈബിളിലെ സംഭവങ്ങളെ ആസ്പദമാക്കി നടത്തിയ മത്സരം അനേകർക്ക് ബൈബിൾ അൽപം കൂടി വായിക്കുവാനും മനസ്സിലാക്കുവാനും ഉപകരിച്ചു.

**വചനക്കൂട്**

മാനന്തവാടി രൂപതയിലെ മാത്രം ശാഖകളെ ഉൾപ്പെടുത്തി വി. ബൈബിളിലെ സംഭവങ്ങൾ മനസ്സിലാക്കുന്നതിനും പഠിക്കുന്നതിനും അനുഭവതലത്തിൽ എത്തിക്കുന്നതിനുമായി ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ഒരുക്കിയ സുവർണ്ണാവസരമാണ് വചനക്കൂട് എന്ന പേരിൽ നടത്തിയ ബൈബിൾ ദൃശ്യാവതരണ മത്സരം. ഈ പ്രോഗ്രാമിനോട് സഹകരിച്ച എല്ലാവർക്കും നന്ദി.

**വചനതാരകം**

ബൈബിൾ മാസാചരണത്തിന്റെ ഭാഗമായി ക്രിസ്തുമസ് കാലത്ത് വചനങ്ങൾ എഴുതി ചേർത്ത കൊളാഷ് നക്ഷത്ര നിർമ്മാണ മത്സരം നടത്തി. വചനങ്ങൾ എഴുതിചേർത്ത പേപ്പറുകൾ, മാസികകളിലും ആനുകാലികപ്രസിദ്ധീകരണങ്ങളിലും വരുന്ന വചനങ്ങൾ എന്നിവ ഉപയോഗിച്ചാണ് നക്ഷത്രത്തിന്റെ ആകൃതിയിൽ കൊളാഷു

കൾ നിർമ്മിച്ചത്.

**ആത്മാക്കളുടെ വിശുദ്ധൻ**

'എനിക്ക് ആത്മാക്കളെ തരിക ബാക്കിയെല്ലാം എടുത്തുകൊൾക' എന്നുദ്ഘോഷിച്ചുകൊണ്ട് ക്രിസ്തുവിനായി ആത്മാക്കളെ നേടിയ വനും ചെറുപുഷ്പ മിഷൻലീഗിന്റെ ഉപമധ്യസ്ഥനുമായ വി. ഫ്രാൻസിസ് സേവ്യറുടെ തിരുനാൾ മംഗളങ്ങൾ ഏവർക്കും ആശംസിച്ചു.

**പ്രേഷിതസൗഹൃദം രണ്ടാംഘട്ടം-അർദ്ധവാർഷിക മാനേജിംഗ് കമ്മിറ്റി**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത അർദ്ധവാർഷിക മാനേജിംഗ് കമ്മിറ്റി നടത്തി. രൂപത ജോ. ഡയറക്ടർ സി. ക്രിസ്റ്റീന എ.ഫ്.സി.സി പ്രാർത്ഥനയ്ക്കു നേതൃത്വം നൽകി. രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ യോഗത്തിൽ പങ്കെടുക്കാനെത്തിയ ഏവർക്കും സ്വാഗതം ആശംസിച്ചു. മേഖലകളിൽ നിന്നായി 50 ഓളം മേഖല ഭാരവാഹികൾ പങ്കെടുത്തു. രൂപത പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ അദ്ധ്യക്ഷതവഹിച്ച യോഗം മാനന്തവാടി രൂപത വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ ഉദ്ഘാടനം ചെയ്തു. വിവിധ മേഖല ഭാരവാഹികൾ തങ്ങളുടെ മേഖലകളിൽ നടത്തിയ പ്രവർത്ത നങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. രൂപത സെക്രട്ടറി, റീജനൽ ഓർഗ നൈസർ, സംസ്ഥാന മാനേജിംഗ് കമ്മിറ്റി അംഗം എന്നിവർക്കായുള്ള തിരഞ്ഞെടുപ്പും നടത്തി. ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത എക്സിക്യൂട്ടീവിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന പുതിയ ഭാരവാ ഹികൾ സജീഷ് എടത്തട്ടേൽ (രൂപത സെക്രട്ടറി), ജോമോൻ മണപ്പാട്ട് (റീജണൽ ഓർഗനൈസർ), ലിന്റോ പാട്ടശ്ശേരി (സംസ്ഥാന മാനേജിംഗ് കമ്മറ്റി അംഗം) എന്നിവർക്ക് രൂപത കുടുംബത്തിലേക്ക് സ്വാഗതം; ഒപ്പം അഭിനന്ദനങ്ങളും പ്രാർത്ഥനകളും. രൂപത ഓർഗനൈസർ തങ്കച്ചൻ മാ പ്പിളക്കുന്നേൽ ഏവർക്കും നന്ദി പറഞ്ഞു.

**വെളിച്ചത്തിന്റെ വഴിത്താര**

മാനന്തവാടി രൂപത ചെറുപുഷ്പ മിഷൻലീഗിന്റെയും മീഡിയ & കമ്മ്യൂണിക്കേഷന്റെയും നേതൃത്വത്തിൽ വെളിച്ചത്തിന്റെ വഴിത്താര എന്ന പേരിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവുമായിട്ടുള്ള ചോദ്യോത്തര പരിപാടി ഡിസംബർ 6 ഞായറാഴ്ച രാവിലെ 11.00 മണി മുതൽ 1.00 മണി വരെ നടത്തി. വിശ്വാസപരം, സഭാജീവിതം, മിശ്രവി വാഹം ലൗ ജിഹാദ് എന്നിങ്ങനെ സമകാലിക പ്രസക്തമായ വിഷയ ങ്ങളിൽ സഭയുടെ നിലപാട്, എന്നിങ്ങനെ വിവിധങ്ങളായ വിഷയങ്ങളെ

ആസ്പദമാക്കി ഒരു മേഖലയിൽനിന്നും 5 ചോദ്യങ്ങൾ വീതം ക്രമീകരിച്ചു. രൂപത എക്സിക്യൂട്ടീവ് അംഗം ശ്രീ ഷാജി ചന്ദനപറമ്പിൽ സാറും രൂപത വൈസ് പ്രസിഡന്റ് ആര്യ കൊച്ചുപുരക്കലും പിതാവുമായി സംവാദത്തിൽ ഏർപ്പെട്ടു. മിഷൻലീഗ് മാനന്തവാടി, മീഡിയ കമ്മീഷൻ മാനന്തവാടി എന്നീ യൂറ്റ്യൂബ് ചാനൽ വഴി ലൈവ് പ്രോഗ്രാം ആയതുകൊണ്ട് പങ്കെടുക്കുന്ന വ്യക്തികൾക്ക് കമന്റ് ബോക്സിലൂടെ ചോദ്യങ്ങൾ ടൈപ്പ് ചെയ്തു ചോദിക്കുവാനുള്ള അവസരവും ഉണ്ടായിരുന്നു. തുറന്ന ചർച്ചയിലൂടെ അജ്ഞതയുടെ ഇരുളകറ്റി വെളിച്ചത്തിന്റെ പ്രഭ വിതറാൻ സഹായിച്ച ഞങ്ങളുടെ പ്രിയ ഇടയൻ ജോസ് പൊരുന്നേടം പിതാവിന് രൂപത കുടുംബത്തിന്റെ നന്ദി. നേതൃത്വം നൽകിയ ഷാജി ചന്ദനപറമ്പിൽ സാർ, ആര്യ, സജീഷ് എടത്തട്ടേൽ, അലോഷിൻ, മെർലിൻ എന്നിവർക്കും നന്ദി. വെളിച്ചത്തിന്റെ വഴിത്താരയിൽ പ്രോഗ്രാം വിജയകരമാക്കാൻ പ്രയത്നിച്ച എല്ലാവർക്കും പ്രത്യേകിച്ച് രൂപത ഡയറക്ടർ ഷിജു ഐക്കരക്കാനായിൽ അച്ചനും, ശാഖാ, മേഖല നേതൃത്വങ്ങൾക്കും, മീഡിയ & കമ്മ്യൂണിക്കേഷൻ വിഭാഗത്തിനും നന്ദി.

**നന്ദിയും സ്വാഗതവും.**

കഴിഞ്ഞ രണ്ടര വർഷക്കാലം ചെറുപുഷ്പ മിഷൻലീഗ് പയ്യം പള്ളി മേഖലയെ വളരെ തീക്ഷ്ണതയോടും ആത്മാർത്ഥതയോടും അതിലുപരി സ്നേഹത്തോടും കൂടി നയിച്ച് ഇനി തന്റെ പുതിയ പ്രേഷിത മിഷനിലേക്കു പോകുവാൻ ഒരുങ്ങുന്ന ബഹുമാനപ്പെട്ട അനീഷ് പയ്യാലയിൽ അച്ചന് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി കുടുംബത്തിന്റെ നന്ദിയും അച്ചന്റെ പുതിയ മിഷൻ മേഖലയിൽ എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.അതോടൊപ്പം പുതിയ മേഖല ഡയറക്ടറായി നിയുക്തനായിരിക്കുന്ന ഫാ. ജിതിൻ എടച്ചിലാത്തിന് മിഷൻലീഗ് കുടുംബത്തിലേക്ക് സ്വാഗതവും ഭാവുകങ്ങളും ആശംസിക്കുന്നു.

**വി. യൗസേഫ് പിതാവിന്റെ വർഷാചരണം**

2020 ഡിസംബർ 8 മുതൽ–2021 ഡിസംബർ 8 വരെ വി. യൗസേഫ് പിതാവിന്റെ വർഷമായി ആചരിക്കുമ്പോൾ, ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത 'ഓരോ വിശ്വാസിയും വിശുദ്ധന്റെ മാതൃക പിന്തുടർന്നുകൊണ്ട് ദൈവേഷ്ടത്തിന്റെ പൂർത്തീകരണത്തിനായി ദിനം പ്രതി അവരുടെ വിശ്വാസ ജീവിതം ശക്തിപ്പെടുത്തുക' എന്ന പാപ്പയുടെ പ്രഖ്യാപിത ലക്ഷ്യം ഊന്നി പറഞ്ഞുകൊണ്ട് എല്ലാവരെയും അതിനായി ആഹ്വാനം ചെയ്തു.

**കരുണയുടെ കരങ്ങളുമായി**

കരുണയുടെ തീരം പദ്ധതിയുടെ ഭാഗമായി ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ഏറ്റവും വലിയ കരുണയുടെ തിരുനാളായ ക്രിസ്തുമസിനോടനുബന്ധിച്ച് സ്വന്തം ഭവനങ്ങളിൽ നിന്നും അന്യരാക്കപ്പെട്ട വൃദ്ധമാതാപിതാക്കളെ സംരക്ഷിക്കുന്ന ആൻസ് ഭവൻ (പെരുവക), മാനസീക അസ്വാസ്ഥ്യം മൂലം കഷ്ടപ്പെടുന്ന സഹോദരങ്ങൾക്കു സംരക്ഷണം നൽകുന്ന ജീവൻധാര ട്രസ്റ്റ് (പെരുവക) എന്നീ സ്ഥാപനങ്ങൾ സന്ദർശിച്ച് ഭക്ഷണസാധനങ്ങൾ നൽകി. രൂപത ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ, പ്രസിഡന്റ് രഞ്ജിത്ത് മുതുപ്ലാക്കൽ, ജനറൽ ഓർഗനൈസർ തങ്കച്ചൻ മാപ്പിളക്കുന്നേൽ എന്നിവർ നേതൃത്വം നൽകി.

**വിജയാശംസകൾ**

കഴിഞ്ഞ ത്രിതല തിരഞ്ഞെടുപ്പിൽ ബത്തേരി നഗരസഭയിലേക്കും, എടവക ഗ്രാമപഞ്ചായത്തിലേക്കും സ്ഥാനാർത്ഥികളായി നിന്ന് ജനസമ്മദി നേടി വിജയിച്ച ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ മുൻ സെക്രട്ടറി ടോം ജോസിനും രൂപത ടീം അംഗമായ ഷിൽസൻ മാത്യുവിനും രൂപത കുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

**പാപ്പയ്ക്കു ജൻമദിനാശംസകൾ**

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയുടെ ജൻമദിനത്തിൽ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത പാപ്പയ്ക്കു ജന്മദിനാശംസകൾ നേർന്നു.

**ബൈബിൾ കഥകൾ**

ഡിസംബർ 21 മുതൽ ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത തിരുബാലസഖ്യത്തിലെ കുഞ്ഞുങ്ങൾക്കായി ബൈബിൾ കഥകൾ ആനിമേഷൻ രൂപത്തിലാക്കി മിഷൻലീഗ് മാനന്തവാടി എന്ന യൂട്യൂബ് ചാനലിൽ അപ് ലോഡ് ചെയ്തു.

**വചന ക്രിസ്തുമസ് ട്രീ**

ക്രിസ്തുമസ് കാലം ആഘോഷമാക്കാൻ തിരുബാലസഖ്യത്തിലെ കുരുന്നുകൾ സ്വന്തം ഭവനങ്ങളിൽ വചനങ്ങൾകൊണ്ട് അലങ്കരിച്ച ക്രിസ്തുമസ് ട്രീ നിർമ്മിക്കാൻ അവസരം നൽകി. കുഞ്ഞുമനസ്സുകളെ സ്പർശിച്ചതും ഇഷ്ടപ്പെട്ടതുമായ വചനങ്ങൾ ചെറിയ കടലാസുകളിൽ മനോഹരമായി എഴുതി ട്രീയിൽ തൂക്കി ട്രീ മനോഹരമാക്കുക. ഏറ്റവും മനോഹരമായി നിർമ്മിക്കുന്ന വചന ക്രിസ്തുമസ് ട്രീക്ക് ആകർഷകമായ സമ്മാനവും വാഗ്ദാനം ചെയ്തു.

**ക്രിസ്തുമസ് രാവ്**

മഞ്ഞിന്റെ പുതപ്പിട്ട, നക്ഷത്രങ്ങൾ കണ്ണുചിമ്മുന്ന, മണ്ണിലും വിണ്ണിലും ഗ്ലോറിയ ഗീതങ്ങൾ മുഴങ്ങുന്ന ക്രസ്തുമസ്രാവ് പുൽക്കൂട്ടിലെ പൊന്നുണ്ണിക്കൊപ്പം നക്ഷത്രവിളക്കുകൾ തെളിച്ച്, കരോൾഗാനങ്ങൾ പാടി, നൃത്തചുവടുകൾവച്ച്, വർണ്ണശബളമായ, അനുഗ്രഹീതമായൊരു ക്രിസ്തുമസ് രാവ് ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ഡിസംബർ 23 ന് വൈകുന്നേരം തൃശ്ശിലേരി സെന്റ് ജോർജ്ജ് ഇടവകയിൽ ഒരുക്കി. വ്യാധിയുടെ നാളുകളിൽ കരുതലിന്റെ കവചം തീർത്ത ആരോഗ്യ പ്രവർത്തകരെ ആദരിച്ചുകൊണ്ട് ക്രിസ്തുമസ്സിന്റെ മനോഹാരിതയ്ക്കു മാറ്റുകൂട്ടി. ക്രിസ്തുമസ് രാവ് ഏറ്റവും മനോഹരമാക്കാൻ മുൻകൈ എടുത്ത് നേതൃത്വം നൽകിയ തൃശ്ശിലേരി വികാരി സിജോ അച്ചനും മറ്റ് ശാഖ ഭാരവാഹികൾക്കും ഇടവക ജനം മുഴുവനും ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത കുടുംബത്തിന്റെ നന്ദി.

**പ്രേഷിതവാരം**

2021 ജനുവരി 6–12 വരെ സീറോ മലബാർ സഭ പ്രേഷിതവാരമായി ആചരിക്കുന്നതിന്റെ ഭാഗമായി ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയും വിവിധ പരിപാടികളോടെ പ്രേഷിത വാരം ആഘോഷിക്കുന്നതിനായി ശാഖ മേഖല രൂപത തലങ്ങളിലുള്ളവരോട് ആഹ്വാനം ചെയ്തു.

**ശാഖ വാർത്തകൾ**

**പാൽചുരം ശാഖ**

നവംബർ മാസം പള്ളിയും പരിസരവും സെമിത്തേരിയും വൃത്തിയാക്കുകയും എല്ലാ ദിവസവും സെമിത്തേരി സന്ദർശിച്ച് മരിച്ചവിശ്വാസികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. മതാദ്ധ്യാപകരുടെ പേരും ഫോട്ടോയും വച്ച് വീഡിയോ ഉണ്ടാക്കി എല്ലാ മതാദ്ധ്യാപകർക്കും അയച്ചുകൊടുത്തു. ഇടവകയ്ക്കൊരു ബൈബിൾ എന്ന പേരിൽ ശാഖ അംഗങ്ങൾ സമ്പൂർണ ബൈബിൾ പകർത്തിയെഴുതി. ബൈബിൾ മാസം, ക്രിസ്തുമസ് എന്നിവ ഏറ്റവും ഭംഗിയായി ആചരിക്കുന്നതിനെ പറ്റി തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**മരക്കടവ്**

നവംബർമാസം മുഴുവൻ മിഷൻലീഗ് അംഗങ്ങൾ സിമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു. ഡിസംബർ ആറ് പതിമൂന്ന് തീയതികളിൽ മിഷൻ ലീഗ് അംഗങ്ങൾക്ക് ക്രിസ്തുമസ് ഒരുക്കധ്യാനം നടത്തി. ഡിസംബർ ഒന്നാം തീയതി മുതൽ ശാഖ സ്വന്തമായി സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തി. മിഷൻ ലീഗ് അംഗങ്ങൾ എല്ലാ

ദിവസവും ദിവ്യബലിയിൽ പങ്കുചേരുകയും, കൊച്ചുകൊച്ചു പുണ്യ പ്രവർത്തികൾ ചെയ്യുകയും, സുകൃതജപങ്ങൾ ചൊല്ലുകയും നിയോഗങ്ങൾ വെച്ചുകൊണ്ട് നോമ്പ് നോക്കുകയും ചെയ്തു. ശാഖ യിലെ അംഗങ്ങളെ ഉൾകൊള്ളിച്ചുകൊണ്ട് ബൈബിൾ ദൃശ്യാവതരണം നടത്തിയതിന്റെ വീഡിയോ ഉണ്ടാക്കി. അഖിലേന്ത്യ കർഷക സമര ത്തിന് സമ്പൂർണ ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് മരക്കടവ് ശാഖ മുന്നോട്ടുവന്നു, സ്വന്തം സ്ഥലത്തുനിന്ന് അവർക്കുവേണ്ടി ശബ്ദമുയർത്തി.

**ചിത്രഗിരി**

ബൈബിളിലൂടെ ഉണ്ണിയേശുവിലേക്ക് എന്ന ക്രിസ്മസ് ഒരുക്കത്തിന്റെ ഭാഗമായി ഡിസംബർ ഒന്ന് മുതൽ ഓരോ ദിവസവും പ്രത്യേകം നിയോഗം വച്ച് -പ്രാർത്ഥന, സുകൃതജപം, ത്യാഗപ്രവർത്തി, വചനപഠനം, ബൈബിൾക്വിസ് എന്നിവനടത്തി. ഒരുമയുടെ വചന ത്താളുകൾ എന്ന സംരംഭത്തിന് ശാഖയിലെ മുഴുവൻ അംഗങ്ങളെയും ചേർത്ത് ഒരു മാസം കൊണ്ട് സംമ്പൂർണ്ണ ബൈബിൾ പകർത്തി എഴുതി ഉണ്ണിയീശോയ്ക്ക് പിറന്നാൾ സമ്മാനം ഒരുക്കി. മാനന്തവാടി രൂപത ഗ്ലോറിയ സീസൺ 2 ഓൺലൈൻ കരോൾ ഗാന മത്സരത്തിൽ കുട്ടികൾ പങ്കെടുത്തു.

**ചുണ്ടക്കര**

ഒന്നാം തീയതി ബൈബിൾമാസാചരണത്തിന് തുടക്കം കുറിച്ചു ഭവനങ്ങളിൽ കുട്ടികൾ ഉൽപ്പത്തി മുതലുള്ള അധ്യായങ്ങൾ വായിക്കാൻ തുടങ്ങി വാർഡ് അടിസ്ഥാനത്തിൽ ഓൺലൈൻ കരോൾഗാനമൽസരം നടത്തി ഒരു ടീം രൂപതാ ഓൺലൈൻ കരോൾഗാന മൽസരത്തിൽ പങ്കെടുത്തു. ഒരോ ദിവസവും ഒരു വചനം കുട്ടികൾ പഠിച്ചു. കൈയ്യെ ഴുത്തു മാസിക കൊളാഷ് നിർമ്മാണം എന്നിവയ്ക്ക് തുടക്കം കുറിക്കുകയും ഒരു മണിക്കൂർ ആരാധന നടത്തുകയും ചെയ്തു.

ഹൃദയവയലുകൾ ഒരുക്കി വചനമായവന്റെ വചനവഴിയെ മുന്നേറാൻ ചെമ്മഞ്ഞകൊടിക്കീഴിൽ അണിനിരക്കുന്ന എല്ലാ മിഷനറി മാരെയും പുൽക്കൂട്ടിൽ പിറന്ന പൊന്നുണ്ണി അനുഗ്രഹിക്കട്ടെ.

സ്നേഹപൂർവ്വം,

**സജീഷ് എടത്തട്ടേൽ**

സി. എം. എൽ. രൂപത സെക്രട്ടറി.

## Department of Youth Ministry

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പ്രത്യേകിച്ച് ക്രിസ്തുമസ് കാലത്ത് ഇടവകകളിലെ യുവജനങ്ങളെ ആത്മീയമായി ഒരുക്കുന്നതിനു വേണ്ടിയും ഒരുമിച്ച് കൂട്ടുന്നതിനു വേണ്ടിയും ക്രിസ് യൂത്ത് എന്ന പരിപാടി ഇടവകകൾ കേന്ദ്രീകരിച്ച് നടത്തി. കുമ്പസാരത്തിനുള്ള ഒരുക്കം, കുമ്പസാരം, സംഗീത ആരാധന, വി. കുർബാന എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പരിപാടിയാണിത്. ഇതുവഴി സൺഡേ സ്കൂളിലെ മുതിർന്നകുട്ടികൾക്കും യുവജനങ്ങൾക്കും ആത്മീയ ഉണർവ്വ് ലഭിക്കാനും കുമ്പസാരിച്ച് വി. കുർബാനയിൽ പങ്കെടുക്കാനും സാധിച്ചു. കോവിഡ് നിബന്ധനകൾക്ക് വിധേയമായി 9 ഇടവകകളിൽ ക്രിസ് യൂത്ത് നടത്തി.

**ആറാട്ടുതറ**

ആറാട്ടുതറ സെന്റ് തോമസ് ഇടവകയിൽ 2020 ഡിസംബർ 6 ഞായറാഴ്ച 10.30 മുതൽ 1 മണി വരെ ക്രിസ് യൂത്ത് നടത്തി. ക്ലാസ്സിനും ആരാധനക്കും യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കലും ജീസസ് ബാന്റിലെ ജോൺ പോളും നേതൃത്വം നൽകി. 50 യുവജനങ്ങൾ പങ്കെടുത്തു. യുവജനങ്ങളെ സംഘടിപ്പിക്കാൻ നേതൃത്വം നൽകിയ വികാരി ബഹു. ഷാജു മുളവേലിക്കുന്നേലച്ചനും കെ.സി.വൈ.എം. ആനിമേറ്റർ സി. ജോസ് മേരി ഡി.എം.പി.റ്റി. യ്ക്കും മതാധ്യാപകർക്കും അഭിനന്ദനങ്ങൾ.

**വാകേരി**

വാകേരി സെന്റ് ആന്റണീസ് ഇടവകയിൽ 2020 ഡിസംബർ 6 ഞായറാഴ്ച 3 മണി മുതൽ 7 മണി വരെ നടത്തിയ ക്രിസ് യൂത്ത് പരിപാടിയിൽ 65 യുവജനങ്ങൾ പങ്കെടുത്തു. ക്ലാസ്സിനും ആരാധനക്കും യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കലും ജീസസ് ബാന്റിലെ ജോൺ പോളും നേതൃത്വം നൽകി. യുവജനങ്ങളെ സംഘടിപ്പിക്കാൻ നേതൃത്വം നൽകിയ വികാരി അച്ചനും ആനിമേറ്റർ സി. മേരി ജെയിംസ് എസ്.കെ.ഡി, മതബോധന അദ്ധ്യാപകർ, കൈക്കാരൻമാർ, കെ.സി.വൈ.എം. പ്രവർത്തകർ എന്നിവർക്ക് അഭിനന്ദനങ്ങൾ.

**കുഞ്ഞോം**

കുഞ്ഞോം സെന്റ് ആന്റണീസ് ഇടവകയിൽ 7-12-2020 തിങ്കളാഴ്ച വൈകുന്നേരം 6 മണി മുതൽ 9 മണി വരെ യുവജനങ്ങൾക്കായി കുമ്പസാരവും, ആരാധനയും യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തി. 60 യുവജനങ്ങൾ പങ്കെടുത്തു. യുവജനങ്ങളെ സംഘടിപ്പിക്കാൻ നേതൃത്വം നൽകിയ വികാരി അച്ചനും, ജോബിയച്ചനും സി. കൊച്ചുറാണി സി.എം.സി.ക്കും മതബോധന അദ്ധ്യാപകർ, കൈക്കാരൻമാർ, കെ.സി.വൈ.എം. പ്രവർത്തകർ എന്നിവർക്കും അഭിനന്ദനങ്ങൾ.

**ദ്വാരക**

ദ്വാരക സെന്റ് അൽഫോൻസാ ഇടവകയിൽ ഡിസംബർ 8 ചൊവ്വാഴ്ച 3 മണി മുതൽ 6 മണി വരെ യൂത്ത് മിനിസ്ട്രി ടീമിന്റെ നേതൃത്വത്തിൽ നടത്തിയ ക്രിസ് യൂത്ത് പരിപാടിയിൽ 35 യുവജനങ്ങൾ പങ്കെടുത്തു. ക്ലാസ്സിനും ആരാധനക്കും യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കലും, ജീസസ് ബാന്റിലെ ജോൺ പോളും നേതൃത്വം നൽകി. ഫാ. അഖിൽ കുന്നത്ത് വി. ബലിയർപ്പിച്ചു പ്രാർത്ഥിച്ചു. ഇതിനു നേതൃത്വം നല്കിയ വികാരി ഫാ. ഷാജി മുളകുടിയാങ്കലിനും ഹെഡ്മാസ്റ്റർ ബിനു സാറിനും അഭിനന്ദങ്ങൾ.

**മരക്കടവ്**

മരക്കടവ് സെന്റ് ജോസഫ്സ് ഇടവകയിൽ ഡിസംബർ 11 വെള്ളിയാഴ്ച 9.30 മുതൽ 12 മണി വരെ യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ യുവജന കുമ്പസാര ഒരുക്കവും കുമ്പസാരവും വി. ബലിയും നടന്നു. 75 യുവജനങ്ങൾ പങ്കെടുത്തു. ഫാ. ലാൽ പൈനുങ്കൽ, ഫാ.ജോബി മുക്കാട്ടുകാവുങ്കൽ, ആൻസൺ ആന്റണി, സി. ബെൻസി എസ്.എച്ച്, സി. ഡിവ്ന എസ്.ഡി. എന്നിവർ ഇതിന് നേതൃത്വം വഹിച്ചു. യുവജനങ്ങളെ സംഘടിപ്പിച്ച സാന്റോ അമ്പലത്തറ അച്ചനും, സി. ജെസ്സിൻ എസ്.സി.വി. ക്കും, മതബോധന അദ്ധ്യാപകർ, കൈക്കാരൻമാർ, കെ.സി.വൈ.എം. പ്രവർത്തകർ എന്നിവർക്കും അഭിനന്ദനങ്ങൾ.

**മാനന്തവാടി**

മാനന്തവാടി 2020 ഡിസംബർ 12 ശനിയാഴ്ച 10.30 മുതൽ ഒരു മണി വരെ മാനന്തവാടി സെന്റ് പോൾ ആന്റ് പീറ്റർ ദേവാലയത്തിൽ യുവജന ധ്യാനം നടന്നു. യൂത്ത് മിനിസ്ട്രി ടീം നേതൃത്വം നൽകിയ ഈ പരിപാടിയിൽ 45 യുവജനങ്ങൾ പങ്കെടുത്തു. ക്ലാസ്സിനും ആരാധനക്കും യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കലും ജീസസ് ബാന്റിലെ സെബാസ്റ്റ്യനും നേതൃത്വം നൽകി. വി.ബലി

അർപ്പിച്ചത് ഫാ. വിപിൻ കളപ്പുരയായിരുന്നു. ഇത് സംഘടിപ്പിച്ച വികാരി ബഹു. ഫാ. ജോസഫ് പരുവുമ്മേലിനും, സി. ആനി ജോൺ എസ്. എച്ച്.നും മതബോധന അദ്ധ്യാപകർ, കൈക്കാരൻമാർ, കെ.സി.വൈ.എം. പ്രവർത്തകർ എന്നിവർക്കും അഭിനന്ദനങ്ങൾ.

**മരകാവ്**

മരകാവ് സെന്റ് തോമസ് ഇടവകയിൽ ഡിസംബർ 12 ശനിയാഴ്ച 2 മണി മുതൽ 5 മണി വരെ യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ക്രിസ് യൂത്ത് നടന്നു. ക്ലാസ്സിനും ആരാധനക്കും യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കലും ജീസസ് ബാന്റിലെ സെബാസ്റ്റ്യനും നേതൃത്വം നൽകി. 70 യുവജനങ്ങൾ പങ്കെടുത്ത ഈ യുവജനക്കൂട്ടായ്മക്ക് നേതൃത്വം വഹിച്ച ബഹു. സജി പുതുകുളങ്ങര അച്ചനും, സി. സെബി എം.എസ്.എം.ഐ. ക്കും, മതബോധന അദ്ധ്യാപകർ, കൈക്കാരൻമാർ, കെ.സി. വൈ. എം. പ്രവർത്തകർ എന്നിവർക്കും അഭിനന്ദനങ്ങൾ.

തോണിച്ചാൽ 2020 ഡിസംബർ 13 ഞായറാഴ്ച 9.30 മുതൽ ഒരു മണി വരെ തോണിച്ചാൽ സെന്റ് സെബാസ്റ്റ്യൻസ് ദേവാലയത്തിൽ വെച്ച് യുവജനങ്ങൾക്ക് വേണ്ടിയുള്ള ആത്മീയ ശുശ്രൂഷയായ ക്രിസ് യൂത്ത് നടന്നു. ക്ലാസ്സിനും ആരാധനക്കും യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കലും ജീസസ് ബാന്റിലെ ആൻസ ആന്റണിയും നേതൃത്വം നൽകി. 75 യുവജനങ്ങൾ പങ്കെടുത്ത ഈ പരിപാടി സംഘടിപ്പിച്ച വികാരി ബഹു. ഫാ. ജെസ്റ്റിൻ മുത്താനിക്കാട്ടിനും, വി. ബലി അർപ്പിച്ച ഫാ. ബിവാൾഡിനും, ഫാ. ജിന്റോ തട്ടുപറമ്പിലിനും, സി. ഷീന എസ്. കെ. ഡി. ക്കും മതബോധന അദ്ധ്യാപകർ, കൈക്കാരൻമാർ, കെ.സി.വൈ.എം. പ്രവർത്തകർ എന്നിവർക്കും അഭിനന്ദനങ്ങൾ.

**പടമല**

പടമല സെന്റ് അൽഫോൻസ ഇടവകയിൽ 2020 ഡിസംബർ 13 ഞായറാഴ്ച 3 മണി മുതൽ 6 മണി വരെ യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ യുവജനങ്ങൾക്ക് വേണ്ടിയുള്ള ആത്മീയ ശുശ്രൂഷയായ ക്രിസ് യൂത്ത് നടന്നു. ക്ലാസ്സിനും ആരാധനക്കും യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കലും, ജീസസ് ബാന്റിലെ ആൻസ ആന്റണിയും നേതൃത്വം നൽകി. 75 യുവജനങ്ങൾ പങ്കെടുത്തു. ഇവരെ സംഘടിപ്പിച്ച വികാരി ബഹു. ഫാ. ജോണി കല്ലുപുരക്കും, സി.റോസ് മേരി എസ്.കെ.ഡിക്കും, മതബോധന അദ്ധ്യാപകർ, കൈക്കാരൻമാർ, കെ.സി.വൈ.എം. പ്രവർത്തകർ എന്നിവർക്കും അഭിനന്ദനങ്ങൾ.

ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി അസോസിയേറ്റ് ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, ക്രിസ് യൂത്ത് കോഡിനേറ്റർ സി. ബെൻസി എസ്.എച്ച്, സി. ഡിവ്ന എസ്.ഡി, സി. ആൻസി, ജീസസ് ബാന്റിലെ യുവജനങ്ങൾ എന്നിവരുടെ ടീം ആണ് ക്രിസ് യൂത്തിന് നേതൃത്വം നല്കിയത്.

**JESUS PROFESSIONALS COMMUNITY**

**വിശ്വാസ പരിശീലക ദിനാഘോഷം**

2020 നവംബർ 4 ന് വി. ചാൾസ് ബോറോമിയോയുടെ തിരുനാൾ ദിനം ജെ. പി. കമ്മ്യൂണിറ്റി അംഗങ്ങൾ തങ്ങൾക്ക് വിശ്വാസം പകർന്നേകുന്ന എല്ലാ മതാദ്ധ്യാപകർക്കും മംഗളങ്ങൾ നേരുകയും പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.

**കുട്ടികളുടെ ദിനം**

നവംബർ 14 കുട്ടികളുടെ ദിനാഘോഷത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ഉള്ളിൽ ദൈവിക വെട്ടം നിറച്ച് ലോകത്തിന്റെ പ്രകാശമാകാൻ ജെ. പി. കമ്മ്യൂണിറ്റി അംഗങ്ങൾ പരസ്പരം പ്രാർത്ഥിച്ച് മംഗളങ്ങൾ നേർന്നു.

**നവംബർ മാസത്തിന്റെ പുണ്യം**

നവംബർ മാസത്തിൽ മരിച്ച വിശ്വാസികൾക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും നിത്യതയെ ഓർമ്മപ്പെടുത്തുന്ന സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന പോസ്റ്ററുകൾ നിർമ്മിച്ച് ഓരോ ദിവസവും സാമൂഹ്യ മാധ്യമങ്ങളിൽ ഇടുകയും ചെയ്തു. ഇത് അനേകർക്ക് പ്രചോദനമായി.

**എന്നെ സംരക്ഷിക്കുന്ന അമലോൽഭവ**

2020 ഡിസംബർ 8 ന് 'എന്നെ സംരക്ഷിക്കുന്ന അമലോൽഭവ'എന്ന പേരിൽ ഒരു വീഡിയോ നിർമ്മിച്ചു. ഇതിനായി അനില മുള്ളൻകൊല്ലിയും ജോസിയ നെയ്ക്കുപ്പയും മാതാവിന്റെ ചിത്രം വരക്കുകയും അഞ്ജു മരിയ ബാബു കല്ലൂർക്കുന്ന് അമലോൽഭവത്തെ പ്രകീർത്തിച്ചുകൊണ്ട് പ്രസംഗവും നടത്തി. ഡിസംബർ 8-ാം തിയ്യതി 12 മണി മുതൽ ഒരു മണി വരെ കൃപയുടെ മണിക്കൂറായി ജെ.പി. കമ്മ്യൂണിറ്റി അംഗങ്ങൾ ആചരിച്ചു.

'ലാ മെലോഡിയ' എന്ന സോങ്ങ് കോമ്പററീഷനിൽ മാനന്തവാടി രൂപത യൂത്ത് മിനിസ്ട്രിയുടെ ജീസസ് ബാന്റ് പങ്കെടുക്കുകയും എല്ലാവരും സർട്ടിഫിക്കറ്റ് നേടുകയും ചെയ്തു.

'എന്ത് ഞാൻ പകരം നൽകും' എന്ന തുടങ്ങുന്ന മ്യൂസിക്കൽ കവർ സോങ്ങ് ലാലച്ചന്റെ നേതൃത്വത്തിൽ നവംബർ 22 ന് പുറത്തിറക്കി. സിനിമെറ്റോഗ്രാഫി, എഡിറ്റിങ്ങ് എന്നിവ നിഖിൽ ഡേവിസും

മിക്സ്ങ്ങ് ആന്റ് മാസ്റ്ററിങ്ങ് ഹെബിൻ ബെന്നിയും നിർവ്വഹിച്ചു. ഇതിൽ പാടിയവർ യഥാക്രമം അതുൽ, പീററർ, ജോബിൻ, എമിൽ, അലീന, ആൻ മരിയ, ഷീനു, സോന എന്നിവരാണ്. അഭിനന്ദനങ്ങൾ.

**YOUR NEIGHBOUR ASSOCIATION**

**വേൾഡ് എയ്ഡ്സ് ഡേ**

2020 ഡിസംബർ 1–ാം തിയ്യതി വേൾഡ് എയ്ഡ്സ് ഡേയോട് അനുബന്ധിച്ച് എയ്ഡ്സ് ബോധവൽക്കരണ വീഡിയോയും പോസ്റ്ററുകളും തയ്യാറാക്കി സമൂഹ മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തി. ഇതിന് നേതൃത്വം നൽകിയ യുവജനങ്ങൾക്കും 2019 ലൈഫ് ബാച്ചിനും അഭിനന്ദനങ്ങൾ.

**നാഷണൽ പൊലൂഷൻ കൺട്രോൾ ഡേ**

നാഷണൽ പൊലൂഷൻ കൺട്രോൾ ഡേ ആയി ആചരിക്കുന്ന 2020 ഡിസംബർ 2–ാം തിയ്യതി ഈ ദിനത്തിന്റെ പ്രാധാന്യവും വിദ്യാർത്ഥികൾ പാലിക്കേണ്ട ജീവിത ശൈലികളും വിവരിച്ചുകൊണ്ട് ലിയ സന്ദേശം നൽകി. ധാരാളം പോസ്റ്ററുകൾ നിർമ്മിച്ച് ഓൺലൈൻ വഴി പ്രസിദ്ധപ്പെടുത്തി.

**ലോക ഭിന്നശേഷി ദിനം**

2020 ഡിസംബർ 3–ാം തിയ്യതി ലോക ഭിന്നശേഷി ദിനത്തിൽ ഇത്തരം കുട്ടികളുടെ ഓൺലൈൻ പ്രോഗ്രാമുകൾക്ക് പ്രോത്സാഹനവും അഭിനന്ദനവും നൽകുകയും ഇവരെ പരിശീലിപ്പിക്കുന്ന അദ്ധ്യാപകരെ വിളിച്ച് പ്രോത്സാഹനം നൽകുകയും ചെയ്തു. യുവജനങ്ങളും കുട്ടികളും പോസ്റ്ററുകൾ നിർമ്മാണത്തിലൂടെ ഈ ദിനത്തിന്റെ മഹനീയത മനസിലാക്കുകയും തങ്ങളുടെ ഉത്തരവാദിത്വത്തെക്കുറിച്ച് ബോധവാൻമാരാകുകയും ചെയ്തു.

**മനുഷ്യാവകാശ ദിനം**

ലോക മനുഷ്യാവകാശ ദിനമായ ഡിസംബർ 10–ാം തിയ്യതി ഡിജിറ്റൽ പോസ്റ്ററിലൂടെയും, ഈ ദിനത്തിൽ വിദ്യാർത്ഥികളുടെ അവകാശത്തെയും ഉത്തരവാദിത്വങ്ങളെയും കുറിച്ച് വ്യക്തമാക്കുന്ന വീഡിയോയും തയ്യാറാക്കി പ്രസിദ്ധപ്പെടുത്തി. നേതൃത്വം നൽകിയ എയ്ഞ്ചലീന ബിജുവിനും സാന്ദ്രക്കും അഭിനന്ദനങ്ങൾ.

**നാഷണൽ എനർജി കസർവേഷൻ ഡേ**

2020 ഡിസംബർ 14 ന് നാഷണൽ എനർജി കസർവേഷൻ ദിനത്തോടനുബന്ധിച്ച് വീടുകളിൽ വൈദ്യുതിയുടെ അമിതമായ ഉപയോഗം കുറയ്ക്കുവാൻ ഉതകത്തക്ക വിധം ചാർട്ട് രൂപപ്പെടുത്തുകയും വൈദ്യുതി കുറച്ചുപയോഗിച്ച് മീറ്റർ റീഡിംഗ് രേഖപ്പെടുത്തി വിദ്യാർത്ഥി

കൾ പ്രായോഗിക പരിശീലനം നേടി. ഇതിനോടൊപ്പം പോസ്റ്ററുകളും നിർമ്മിച്ചു. 20 വിദ്യാർത്ഥികൾ ഇതിൽ പങ്കുചേർന്നു. നേതൃത്വം നൽകിയ ഡാനിയേലിനും കൂട്ടുകാർക്കും അഭിനന്ദനങ്ങൾ.

## LIFE TRAINING

### ജെയ് വിളികളോടെ

ക്രിസ്തുരാജന്റെ തിരുനാളിനോടനുബന്ധിച്ച് 2020 നവംബർ 24 ന് 2019 ബാച്ചിലെ 22 വിദ്യാർത്ഥികൾ തങ്ങളുടെ സഹോദരങ്ങളോടൊപ്പം ക്രിസ്തുരാജന് മഹത്വം നൽകിക്കൊണ്ട് മുദ്രാവാക്യങ്ങൾ വിളിക്കുന്ന വീഡിയോകൾ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തി. വ്യത്യസ്തത നിറഞ്ഞ ഈ പരിപാടിക്ക് നേതൃത്വം നൽകിയത് ലീഡേഴ്സായ ക്രിസ്റ്റി, ജോസ്ന എന്നിവരാണ്. അഭിനന്ദനങ്ങൾ.

### അമലോൽഭവ നാഥയോടൊപ്പം

2020 ഡിസംബർ 8 ന് അമലോൽഭവ തിരുനാൾ ദിനത്തിന് ഒരുക്കമായി 7-ാം തിയ്യതി തിങ്കളാഴ്ച 8.30 ന് യൂത്ത്മിനിസ്ട്രി കുടുംബം മുഴുവനും സൂം പ്ലാറ്റ് ഫോമിൽ ഒരുമിച്ച് ചേർന്ന് സംഗീത ആരാധന നടത്തി മാതാവിനെ പ്രകീർത്തിച്ചു. പരിശുദ്ധ അമ്മയുടെ മാധ്യസ്ഥം ചോദിച്ചുകൊണ്ട് വിമലഹൃദയ പ്രതിഷ്ഠയും പരിശുദ്ധ കുർബാനയുടെ ആശീർവാദവും വിദ്യാർത്ഥികൾക്ക് നൽകി. ഇതിന് നേതൃത്വം നൽകിയത് ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, ഫാ.ജോബി മുക്കാട്ടുകാവുങ്കൽ, ജോൺ പോൾ എന്നിവരാണ്. 65 വിദ്യാർത്ഥികൾ ഇതിൽ പങ്കുചേർന്നു. അമ്മക്കുള്ള സമ്മാനമായി അതുല്യ 2018, അഞ്ജലി 2017 എന്നിവർ സന്ദേശം ഉൾക്കൊള്ളുന്ന വീഡിയോകൾ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തി.

### ഡെയ്‌ലി ക്വിസ്

ലൈഫ് വിദ്യാർത്ഥികളുടെ പഠന മുന്നേററത്തിന്റെ ഭാഗമായി അനുദിനവും രാത്രി 8.30 ന് ഡെയ്‌ലി ക്വിസ്, വീക്ക്‌ലി ക്വിസ്, മാസാവസാനം, മന്ത്‌ലി ക്വിസ് എന്നിവ നടത്തി വരുന്നു. 80 കുട്ടികൾ പങ്കെടുക്കുന്ന ക്വിസിന് നേതൃത്വം നൽകുന്ന ഡയാൻ, ഹെലേന, ജോസ്ന, ദിയ, എയ്ഞ്ചലീന ബിജു, ആഷ്‌ലി എന്നിവർക്ക് അഭിനന്ദനങ്ങൾ.

### ക്രിസ്തുമസ് ഗിഫ്റ്റ്

ഉണ്ണീശോയുടെ പിറവിത്തിരുനാളിനൊരുക്കമായി യൂത്ത് മിനിസ്ട്രി കുടുംബം മുഴുവനും സുകൃതങ്ങൾ ചെയ്ത് പ്രാർത്ഥിച്ചൊരുങ്ങി. എല്ലാ ദിനവും സുകൃതങ്ങളടങ്ങിയ പോസ്റ്റർ ഫേസ് ബുക്ക് പേജിലൂടെ പ്രസിദ്ധപ്പെടുത്തി. വീടുകളിൽ ഒന്നാം തിയ്യതി തന്നെ പുൽക്കൂടുകൾ ഒരുക്കി ലൈഫ് കുടുംബങ്ങൾ പ്രാർത്ഥിച്ച് ഒരുങ്ങാൻ

തുടങ്ങി. ഈ പുൽക്കൂടുകളുടെ ചിത്രങ്ങൾ ഉൾപ്പെടുത്തി അനുദിനവും കുട്ടികൾ പോസ്റ്റർ നിർമ്മിച്ച് സ്റ്റാറ്റസ് ആക്കുന്നതുവഴി പുതിയൊരു ക്രിസ്തു സംസ്ക്കാരം രൂപപ്പെടുത്തുവാൻ ഇടവരുന്നു.

**ഒന്നിച്ച് തുടങ്ങാം**

പിറവിത്തിരുനാളിന്റെ 25 ദിന ഒരുക്കനാളുകളിൽ ലൈഫ് വിദ്യാർത്ഥികൾ എന്നും പ്രഭാതത്തിൽ 5.45 ന് ഫാ. ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ സൂമിൽ ഒരുമിച്ച് കൂടുകയും അന്നേദിനം ഒരുമിച്ച് പ്രാർത്ഥിച്ച് ഓരോ ദിവസവും ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ച് പരിശീലനവും നൽകി വരുന്നു. ഇത് പുതിയൊരു ചൈതന്യവും ഉണർവ്വും സ്വന്തമാക്കുവാൻ വിദ്യാർത്ഥികൾക്ക് സഹായകമാകുന്നു.

**പുൽക്കൂട്ടിലേക്ക്**

തിരുപ്പിറവിയുടെ ഒരുക്കമായി 2018 ലെ ലൈഫ് വിദ്യാർത്ഥികൾ പുൽക്കൂട്ടിലേക്ക് എന്ന പ്രസംഗ പരമ്പര തയ്യാറാക്കി ഫേസ്ബുക്കിൽ അപ്പ്ലോഡ് ചെയ്തു. ഇതിൽ പങ്കെടുത്ത അതുല്യ, എയ്ഞ്ചലീന ബിജു, ലിയ, ദിയ, ആഷ്ലി, എമ്മാനുവേൽ, എയ്ഞ്ചലീന എന്നിവർക്ക് അനുമോദനങ്ങൾ.

**ഓർമ്മകളോടെ**

നവംബർ മാസം മരിച്ച വിശ്വാസികളെ പ്രത്യേകം ഓർത്ത് പ്രാർത്ഥിക്കുന്ന പാരമ്പര്യം വളർത്തിയെടുക്കുന്നതിനുവേണ്ടി ലൈഫ് കുടുംബങ്ങളിൽ ഉത്ഥാന കച്ച നിർമ്മിക്കുകയും അതിൽ കുടുംബത്തിൽ നിന്ന് മരിച്ച് പോയവരുടെ പേരുകൾ എഴുതി പ്രാർത്ഥിക്കുന്ന സംസ്ക്കാരം രൂപപ്പെടുത്തുകയും ചെയ്തു. കൂടാതെ ഇതുമായി ബന്ധപ്പെട്ട സഭാപഠനങ്ങൾ കുട്ടികൾ പഠിക്കുകയും വീഡിയോ ആക്കി പുറത്തിറക്കുകയും ചെയ്തു. ഇതിന് നേതൃത്വം നൽകിയ ഹെലന, സാന്ദ്ര, നേഹ എന്നിവർക്ക് അനുമോദനങ്ങൾ.

**'ആത്മാക്കളെ തരിക'**

2020 ഡിസംബർ 4-ാം തിയ്യതി വി. ഫ്രാൻസിസ് സേവ്യറിന്റെ തിരുനാൾ ദിനത്തിൽ അദ്ദേഹത്തിന്റെ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന പോസ്റ്ററുകൾ നിർമ്മിച്ച് പ്രസിദ്ധപ്പെടുത്തി. ലൈഫ് 2019 ബാച്ചിലെ 20 പേർ ഇതിൽ പങ്കുചേർന്നു. വിദ്യാർത്ഥികൾക്ക് അഭിനന്ദനങ്ങൾ.

**ലൈഫ് പരിശീലനങ്ങൾ**

ഓൺ ലൈൻ വഴിയുള്ള പരിശീലനത്തിൽ 6 ബാച്ചുകളിലായി 84 ലൈഫ് വിദ്യാർത്ഥികൾ പങ്കുചേരുന്നു. സൂം, ഗൂഗിൾ മീറ്റ്, വെബെക്സ് എന്നീ പ്ലാറ്റ് ഫോമുകളിലാണ് പരിശീലനം നൽകി

വരുന്നത്. നവംബർ മാസത്തിൽ ശനി, ഞായർ ഒഴികെ ആഴ്ചയിൽ 5 ദിനവും സൂം മീറ്റിംഗ് വഴി പരിശീലനം നൽകുന്നു. ഡിസംബർ മാസത്തിൽ തിങ്കൾ, വ്യാഴം എന്നീ ദിനങ്ങളിലായി 6 ബാച്ചിനും നിശ്ചയിക്കപ്പെട്ട സമയങ്ങളിൽ ഓൺലൈനിൽ സമ്മേളിക്കുന്നു. വിദ്യാർത്ഥികൾക്ക് ഓരോരുത്തർക്കും നിശ്ചിത ജോലികൾ നൽകി നേതൃത്വ പരിശീലനം നൽകുന്നു. അക്കാഡമിക് ലീഡർ, സ്പിരിചൽ ഗുരു, ലൈഫ് കോച്ച്, സ്കിൽ ഇൻചാർജ്, മ്യൂസിക്കൽ ട്രെയിനർ, ഇമോഷണൽ ട്രെയിനർ, ഗോൾ ട്രെയിനർ, സോഷ്യൽ ഡെ ഒബ്സേർവർ, സ്പിരിചൽ ഡെ ഒബ്സേർവർ, റിലേഷൻ ഷിപ്പ് മാനേജർ, എക്സാമിനേഷൻ കൺട്രോളർ, മീഡിയ ലീഡർ, മോട്ടിവേറ്റർ തുടങ്ങിയ ജോലികൾ നൽകിക്കൊണ്ട് പ്രായോഗികമായ പരിശീലനം നൽകി വരുന്നു.

**സി. ആൻസി തോമസ് സി.എം.സി.**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

പ്രിയ യുവജനസുഹൃത്തുക്കളെ,

ലോകജനതയുടെ മുൻപിൽ ഏറെ വെല്ലുവിളികളും പ്രതിസന്ധികളും തീർത്ത 2020 പടിയിറങ്ങുകയും, ഒത്തിരിയേറെ പ്രതീക്ഷകളുടെയും സ്വപ്നങ്ങളുടെയും നിറപ്പകിട്ടുമായി 2021 സമാഗതമായിരിക്കുകയും ചെയ്തിരിക്കുന്നു. 2020 വർഷത്തിലെ തിരഞ്ഞെടുത്ത വാക്കുകളിൽ ഒന്നാണ് 'എപ്പിഡെമിക്' എന്നത്. ഇതു വരെയും ജനങ്ങൾ കേട്ടിട്ട്പോലും ഇല്ലാത്ത കൊറോണ, ലോക്ക് ഡൗൺ, ക്വാറന്റെൻ എന്നിങ്ങനെ ഒത്തിരിയേറെ പദങ്ങളും അവയുടെ പരിണിത ഫലങ്ങളും തൊട്ടറിഞ്ഞ, അനുഭവിച്ച കാലഘട്ടമായിരുന്നു. ഗുരുകുല വിദ്യാഭ്യാസ കാലഘട്ടം മുതൽ ഇന്നുവരെയും ലോകം കണ്ടിട്ടില്ലാത്ത അധ്യയനവർഷത്തിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസരംഗവും, തൊഴിലില്ലായ്മയും, രോഗങ്ങളും, ജീവിതപ്രതിസന്ധികളും, മാനസിക, ശാരീരിക വെല്ലുവിളികളും നിറഞ്ഞ ഒരു കാലഘട്ടം. ലക്ഷക്കണക്കിന് ജനങ്ങൾ നിത്യ വസതിയിലേക്ക് വിളിക്കപ്പെടുകയും തങ്ങളുടെ പ്രിയപ്പെട്ടവരോട് ചേർന്ന് നിൽക്കുവാനോ അന്ത്യചുംബനം നൽകുവാനോ കഴിയാതെ കടന്നുപോയ കാഴ്ചകളും, ഭീതിജനിപ്പിക്കുന്ന ദിനരാത്രങ്ങളും. ആറടിമണ്ണ് എന്ന മനുഷ്യ സങ്കല്പം മാറ്റിമറിച്ചുകൊണ്ട് പത്തടിയായും, മനുഷ്യനെ ഒരു പിടിചാരമായും അടക്കേണ്ടിവന്ന ദിനങ്ങൾ. എന്തിനേറെ പ്രിയപ്പെട്ടവരുടെ മുഖം മാസ്ക് ഇല്ലാതെ കാണുവാൻ പറ്റാത്ത കാലഘട്ടം. ഇതെല്ലാം മനുഷ്യ ജീവിതത്തിൽ ഒത്തിരിയേറെ പരിവർത്തനങ്ങൾക്കും വിചിന്തനങ്ങൾക്കും വഴിതെളിച്ചു എന്നത് ഒരു സുപ്രധാന കാര്യമാണ്. മനുഷ്യൻ ദൈവത്തെക്കാൾ വളർന്നു എന്ന് ശാസ്ത്രലോകവും വൈദ്യശാസ്ത്രവുമെല്ലാം വെല്ലുവിളിച്ചാലും ദൈവികപദ്ധതിയെ തോൽപ്പിക്കാൻ ശാസ്ത്രസാങ്കേതിക വിദ്യകൾക്ക് ആകില്ല എന്ന് ഈ എപ്പിഡെമിക് യുഗവും നമ്മെ ബോധ്യപ്പെടുത്തി. മാസ്ക്കുകൾ വച്ച് കണ്ണുകളിലൂടെ മാത്രം വികാര, വിചാര അനുഭവങ്ങൾ പങ്കുവെച്ച നമ്മൾ ഇനിയുള്ള ജീവിതത്തിലും മറ്റുള്ളവരുടെ മുമ്പിൽ അണയ്ക്കപ്പെടാത്ത വെളിച്ചത്തിന്റെ നേർരേഖകളായി, കനകരശ്മികളായി നന്മയുടെ കാവൽക്കാരായിത്തീരാം. ഈ സൈബർയുഗത്തിൽ യുവജനങ്ങളുടെ

മദ്ധ്യസ്ഥനായിതീർന്ന വാഴ്ത്തപ്പെട്ട കാർലോയെപ്പോലെ 'വിശുദ്ധ ജീവിതം' മറ്റുള്ളവർക്ക് പകർന്നുകൊടുക്കുന്നവരായി നമുക്ക് മാറാം. 2021 പ്രത്യാശയുടെയും ഉത്തരവാദിത്വത്തിന്റെയും മിഴികൾ തുറക്കുന്നു. യുവജനങ്ങൾ നാടിന്റെയും സഭയുടെയും സമ്പത്താണ്. സ്വപ്നങ്ങളുടെ വർണ്ണചിറകുകളിൽ, വൈവിധ്യമാർന്ന പ്രവർത്തനശൈലികളിലൂടെ, ഒറ്റക്കെട്ടായി നിലകൊള്ളുവാനും പ്രവർത്തിക്കുവാനും വേണ്ടി നമുക്ക് യാത്ര ആരംഭിക്കാം. 2021 ദൈവാനുഗ്രഹത്തിന്റെയും ഐശ്വര്യത്തിന്റെയും വർഷമാകട്ടെ എന്ന് ആശംസിക്കുന്നു

പുതുവത്സരാശംസകളോടെ,

സ്നേഹപൂർവ്വം, അഗസ്റ്റ്യനച്ചൻ

**പ്രസംഗ മത്സരം**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ പേൾ 2020 കലാസാഹിത്യ മത്സരങ്ങളുടെ ഭാഗമായുള്ള പ്രസംഗ മത്സരത്തിന്റെ ലൈവ് സ്ട്രീമിംഗ് 2020 നവംബർ 18 ന് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ യൂട്യൂബ് ചാനലിലൂടെ നിർവഹിക്കപ്പെട്ടു. വിവിധ മേഖലകളിൽ നിന്നായി 20 ഓളം യുവജനങ്ങൾ മത്സരത്തിൽ പങ്കെടുത്തു.

**YOUTH CAFE 2020**

കെ.സി.വൈ.എം. മാനന്തവാടി രൂപത യുവജനങ്ങൾക്കുവേണ്ടി ഒത്തുചേരാനും ഒരുമിച്ച് വളരാനുമായി അണിയിച്ചൊരുക്കുന്ന Youth Cafe യുടെ ഔദ്യോഗിക ഉദ്ഘാടനം നവംബർ 21 ന് മാനന്തവാടി രൂപത മെത്രാൻ അഭി. മാർ. ജോസ് പൊരുന്നേടം പിതാവ് നിർവ്വഹിച്ചു. കെ.സി.വൈ.എം. മാനന്തവാടി രൂപത പ്രസിഡൻറ് ശ്രീ. ബിബിൻ ചെമ്പക്കര അദ്ധ്യക്ഷനായ ഉദ്ഘാടന സമ്മേളനത്തിൽ വെച്ച് ആഗസ്റ്റ് പ്രവർത്തന മാസാചരണ വിജയികളെ പ്രഖ്യാപിച്ചു. Zoom വഴിയായി നടത്തപ്പെട്ട ഉദ്ഘാടന സമ്മേളനം പ്രാർത്ഥനയോടെ ആരംഭിച്ചു. കെ.സി.വൈ.എം. രൂപത ആനിമേറ്റർ സി. സാലി CMC പ്രാർത്ഥന നയിച്ചു. Youth Café യുടെ ഉദ്ദേശ്യവും ലക്ഷ്യവും ആമുഖ പ്രഭാഷണത്തിൽ കെ.സി.വൈ.എം. രൂപത ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ വ്യക്തമാക്കി . കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. ബിജോ പി. ബാബു മുഖ്യ പ്രഭാഷണവും മാനന്തവാടി രൂപത വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ ആശംസകളർപ്പിച്ചു സംസാരിച്ചു. 13 മേഖലകളിൽ നിന്നായി കടന്നുവന്ന മേഖല ഭാരവാഹികൾക്കായി ഫാ. സിജോ ചേന്നാട്ട് CMI 'വിശ്വാസത്തിന്റെ ആഘോഷം' എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു.

**YOUTH CAFE മേഖലകളിൽ**

ഒത്തുചേരാനും ഒരുമിച്ച് വളരാനും വേദിയായ കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ YOUTH CAFE രണ്ടാം ഘട്ട സെഷൻസ് രണ്ട് ഭാഗങ്ങളായി നടത്തപ്പെട്ടു. ഒന്നാം ഭാഗം 2020 ഡിസംബർ 15 ന് ബത്തേരി, ചുങ്കക്കുന്ന്, ദ്വാരക, കല്ലോടി, കൽപ്പറ്റ, മാനന്തവാടി, മണിമൂളി എന്നീ മേഖലകളെ ഒത്തുചേർത്ത് നടത്തപ്പെട്ടു. മാനന്തവാടി രൂപത വികാരി ജനറാൾ ബഹു. മോൺ. പോൾ മുണ്ടോളിക്കൽ ഉദ്ഘാടനം ചെയ്ത സെഷനിൽ വിവിധ മേഖലകളിൽ നിന്നായി 50 ഓളം പേർ പങ്കെടുത്തു. രണ്ടാം ഭാഗം 2020 ഡിസംബർ 17 ന് മുള്ളൻക്കൊല്ലി, നടവയൽ, നീലഗിരി, നിലമ്പൂർ, പയ്യമ്പള്ളി, തരിയോട് എന്നീ മേഖലകളെ ഒത്തുചേർത്ത് നടത്തി. മണിമൂളി-നിലമ്പൂർ സിഞ്ചെല്ലൂസ് ബഹു. ഫാ. തോമസ് മണക്കുന്നേൽ ഉദ്ഘാടനം ചെയ്ത സെഷനിൽ 50 ഓളം പേർ പങ്കെടുത്തു. രണ്ടാം ഘട്ട സെഷനുകൾ യുവജനങ്ങളുടെ കഴിവുകളുടെ പ്രകടന വേദിയായി മാറി.

**പ്രവർത്തന മാസാചരണം മികച്ച യൂണിറ്റ്**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ ആഗസ്റ്റ് പ്രവർത്തനമാസാചരണത്തിൽ മികച്ച യൂണിറ്റായി മരക്കടവ് യൂണിറ്റ് തിരഞ്ഞെടുക്കപ്പെട്ടു. രണ്ടാം സ്ഥാനം ചുങ്കക്കുന്ന് യൂണിറ്റും കയ്യൂന്നി യൂണിറ്റും മൂന്നാം സ്ഥാനം പാലേമാട് യൂണിറ്റും കരസ്ഥമാക്കി. മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച യൂണിറ്റുകൾക്കും യൂണിറ്റുകളെ നയിക്കുന്ന ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, ഭാരവാഹികൾ എന്നിവർക്കും പ്രത്യേക അഭിനന്ദനങ്ങൾ.

**COFFY 2020**

COFFY യുടെ നവംബർ മാസത്തെ സെഷൻ 2020 നവംബർ 22 ഞായറാഴ്ച ഉച്ചയ്ക്ക് 1.15 ന് നടത്തപ്പെട്ടു. ഫ്രാൻസിസ് മാർപാപ്പയുടെ പുതിയ ചാക്രികലേഖനമായ ഫ്രത്തേലി തൂത്തിയെകുറിച്ചുള്ള വിചിന്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ക്ലാസ് റവ. ഫാ. നോബിൾ തോമസ് പാറയ്ക്കൽ നയിച്ചു.

**പേൾ 2020 ഫലപ്രഖ്യാപനം**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ പേൾ 2020 കലാ-സാഹിത്യ മത്സരങ്ങളുടെ ഫലപ്രഖ്യാപനം 2020 നവംബർ 21 ന് നിർവ്വഹിക്കപ്പെട്ടു. മത്സരത്തിൽ പയ്യമ്പള്ളി മേഖല ഓവറോൾ കരസ്ഥമാക്കി, ചുങ്കക്കുന്ന് മേഖല രണ്ടാം സ്ഥാനവും, ദ്വാരക, മണിമൂളി മേഖലകൾ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. കലാമത്സരങ്ങളിൽ പയ്യമ്പള്ളി മേഖല ഒന്നാം സ്ഥാനവും, മാനന്തവാടി മേഖല രണ്ടാം സ്ഥാനവും, മണിമൂളി മേഖല മൂന്നാം സ്ഥാനവും അലങ്കരിച്ചു.

സാഹിത്യ മത്സരങ്ങളിൽ ചുങ്കക്കുന്ന് മേഖല ഒന്നാം സ്ഥാനവും, പയ്യമ്പള്ളി മേഖല രണ്ടാം സ്ഥാനവും, ദ്വാരക മേഖല മൂന്നാം സ്ഥാനവും കരസ്ഥമാക്കി. മത്സരങ്ങളിൽ വിജയികളായ എല്ലാ സുഹൃത്തുക്കൾക്കും അഭിനന്ദനങ്ങൾ. മത്സരത്തിനുവേണ്ട സജ്ജീകരണങ്ങൾ ചെയ്ത എല്ലാവർക്കും, എല്ലാ മത്സരാർത്ഥികൾക്കും ഹൃദയം നിറഞ്ഞ നന്ദി.

**രൂപത സാഹിത്യ – കലാമത്സര വിജയികൾ 2020**

| ക്രമ നമ്പർ | പേര്, | സ്ഥാനം | മേഖല | യൂണിറ്റ് |
|---|---|---|---|---|
| **സാഹിത്യമത്സരം** | | | | |
| **പത്രവാർത്ത** | | | | |
| 1 | കമിലോ കണ്ണന്താനം | IA | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |
| 2 | ജെസ്ന ഇല്ലിക്കൽ | II A | പയ്യമ്പള്ളി | കാട്ടിക്കുളം |
| 3 | ജോനാഥ് തടങ്ങഴിയിൽ | III B | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |
| **നോട്ടീസ് രചന** | | | | |
| 1 | അഞ്ജു പന്തനാനിയ്ക്കൽ | I A | മണിമൂളി | പാലേമാട് |
| 2 | കമിലോ കണ്ണന്താനം | II A | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |
| 3 | മെർലിൻ പനയേലിൽ | III A | മുള്ളൻക്കൊല്ലി | പാടിച്ചിറ |
| **പോസ്റ്റർ രചന** | | | | |
| 1 | റ്റാൻസിയ പുൽപ്പറമ്പിൽ | IA | പയ്യമ്പള്ളി | തൃശ്ശിലേരി |
| 2 | അലീന കാഞ്ഞിരംപാറയിൽ | IIA | മുള്ളൻക്കൊല്ലി | മുള്ളൻക്കൊല്ലി |
| 3 | ആൽഫിയ പള്ളിപ്പാട്ട് | III A | കൽപ്പറ്റ | ചാരിറ്റി |
| 4 | മരിയ പ്ലാച്ചേരിക്കുഴി | III A | ദ്വാരക | കൊമ്മയാട് |
| **മുദ്രാവാക്യ രചന** | | | | |
| 1 | ജിതിൻ പ്ലാച്ചേരിക്കുഴി | I A | ദ്വാരക | കൊമ്മയാട് |
| 2 | ആൽബിൻ മാതേക്കൽ | II A | ദ്വാരക | ചുള്ളിയാന |
| 3 | മരിയ കുലിപ്പുരയ്ക്കൽ | III A | മണിമൂളി | മണിമൂളി |
| **കവിതാ രചന** | | | | |
| 1 | ക്രിസ്റ്റി വടക്കേക്കര | I A | ചുങ്കക്കുന്ന് | ഒറ്റപ്ലാവ് |
| 2 | മെബിൻ കാരക്കുന്നേൽ | II A | പയ്യമ്പള്ളി | പടമല |
| 3 | അഞ്ജന കദളിക്കുന്നേൽ | III A | നടവയൽ | ചെറുകാട്ടൂർ |
| **കലാമത്സരം** | | | | |
| **പ്രസംഗം** | | | | |
| 1 | കിഷോർ പന്തയ്ക്കൽ | IA | പയ്യമ്പള്ളി | കമ്മന |
| 2 | ജോനാഥ് തടങ്ങഴിയിൽ | II A | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |
| 3 | അനശ്വര കുന്നുംപുറത്ത് | II A | പയ്യമ്പള്ളി | പടമല |

| | | | | |
|---|---|---|---|---|
| 4 | ദേവപ്രസാദ് പാലത്തിങ്കൽ | III A | മണിമൂളി | മണിമൂളി |

**ലളിത ഗാനം - ആൺ**

| | | | | |
|---|---|---|---|---|
| 1 | അജിൻ വയലിൽ | I A | നടവയൽ | നടവയൽ |
| 2 | ഡൊമിനിക് കുന്നുംപുറത്ത് | II A | മണിമൂളി | പാലാങ്കര |
| 3 | ഗസൽ ജോയി ഒഴുകയിൽ | III A | മുള്ളൻക്കൊല്ലി | മരക്കടവ് |

**ലളിത ഗാനം - പെൺ**

| | | | | |
|---|---|---|---|---|
| 1 | ആൻ നിയ കച്ചിറയിൽ | I A | മാനന്തവാടി | കണിയാരം |
| 2 | ക്ലയർ മാടപ്പള്ളിക്കുന്നേൽ | II A | ദ്വാരക | ദ്വാരക |
| 3 | മരിയ ജോയി ഒഴുകയിൽ | III A | മുള്ളൻക്കൊല്ലി | മരക്കടവ് |

**മോണോആക്ട്**

| | | | | |
|---|---|---|---|---|
| 1 | ഫ്രാൻസിസ് വെളിയപ്പിള്ളി | I A | പയ്യമ്പള്ളി | തൃശ്ശിലേരി |
| 2 | ടീന ഞള്ളമ്പുഴ | II B | നിലമ്പൂർ | നിലമ്പൂർ |
| 3 | സ്നേഹ സുരേഷ് ഉള്ളാട്ടിൽ | III B | മണിമൂളി | മണിമൂളി |

**നാടോടിനൃത്തം - ആൺ**

| | | | | |
|---|---|---|---|---|
| 1 | ഫ്രാൻസിസ് വെളിയപ്പിള്ളി | I A | പയ്യമ്പള്ളി | തൃശ്ശിലേരി |
| 2 | അലൻ കപ്പലുമാക്കൽ | II A | മാനന്തവാടി | കരിമാനി |

**നാടോടിനൃത്തം - പെൺ**

| | | | | |
|---|---|---|---|---|
| 1 | അമിത വേഴപറമ്പിൽ | I A | മാനന്തവാടി | കണിയാരം |
| 2 | സ്നേഹ കുരിശുപറമ്പിൽ | II A | പയ്യമ്പള്ളി | കാട്ടിക്കുളം |
| 3 | സാന്ദ്ര ടോം കാട്ടടി | III A | മണിമൂളി | മണിമൂളി |

**നാടൻ പാട്ട്**

| | | | | |
|---|---|---|---|---|
| 1 | ജോസ്ന കോട്ടവാതിക്കൽ & ടീം | I A | മുള്ളൻക്കൊല്ലി | ആടിക്കൊല്ലി |
| 2 | റോബിൻ കോച്ചേരി & ടീം | II A | ദ്വാരക | വിളമ്പുകണ്ടം |
| 3 | സനു ഇല്ലിക്കൽ & ടീം | II A | പയ്യമ്പള്ളി | കാട്ടിക്കുളം |
| 4 | ഷറോണ പുതുക്കുളം & ടീം | III A | മണിമൂളി | നരിവാലമുണ്ട |

**കെ സി വൈ എം ആന്തം**

| | | | | |
|---|---|---|---|---|
| 1 | സ്നേഹ പാറേക്കാട്ടിൽ & ടീം | I B | നീലഗിരി | കയ്യൂന്നി |
| 2 | ആൽഫിൻ മുഞ്ഞനാട്ട് & ടീം | II B | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |
| 3 | അനിഷ മേലേക്കുന്നേൽ & ടീം | IIIB | നടവയൽ | നടവയൽ |

**ഉത്സവ് 2020**

നവംബർ 22, 29 തിയ്യതികളിൽ ഓൺലൈനായി നടത്തപ്പെട്ട 2020 വർഷത്തെ സംസ്ഥാന കലാ - സാഹിത്യ മത്സരങ്ങളിൽ മാനന്തവാടി രൂപതയിലെ യുവജന പ്രതിഭകൾ മികവുറ്റ പ്രകടനം കാഴ്ച വെച്ചു.

**നവ വൈദികർക്ക് ആശംസകൾ**

തിരുപ്പട്ട സ്വീകരണത്തിലൂടെ മാനന്തവാടി രൂപതയുടെ

അജപാലന ദൗത്യത്തിൽ പങ്കുകാരായികൊണ്ട് സേവന പാതയിലേക്ക് ഇറങ്ങുന്ന നവ വൈദികരായ റവ ഫാ. ജോർജ് അരുമയിൽ, റവ. ഫാ. ജോസഫ് പൊയ്കയിൽ, റവ. ഫാ. ജോൺ ഉപ്പുവീട്ടിൽ, റവ. ഫാ. സെബാസ്റ്റ്യൻ പാറയിൽ എന്നിവർക്ക് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങളും സർവ്വവിധ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

**വിവാഹാശംസകൾ**

കെ.സി.വൈ.എം. മാനന്തവാടി രൂപത മുൻ വൈസ്പ്രസിഡന്റും ഇപ്പോൾ രൂപത സിൻഡിക്കേറ്റ് അംഗവുമായിരിക്കുന്ന അലീന ജോയിയ്ക്കും വരൻ നിഥിനും കെ.സി.വൈ.എം. നടവയൽ മേഖല പ്രസിഡന്റ് ദീപക്കിനും വധു അനിലയ്ക്കും വിവാഹമംഗളാശംസകൾ.

**നന്ദിയോടെ**

തന്റേതായ വ്യക്തിമുദ്രകൊണ്ടും നേതൃത്വപാടവം കൊണ്ടും യുവഹൃദയങ്ങളെ സ്വന്തമാക്കിയ കെ.സി.വൈ.എം. മാനന്തവാടി രൂപത സെക്രട്ടറി മേബിൾ ജോയ് പുള്ളോലിക്കലിന് ഹൃദയം നിറഞ്ഞ നന്ദിയും പുതിയ പ്രവർത്തന മേഖലകളിലേക്ക് എല്ലാവിധ ആശംസകളും.

**ആദരാഞ്ജലികൾ**

കെ. സി. വൈ. എം. മാനന്തവാടി രൂപത മുൻ ആനിമേറ്റർ സി. ലിൻസി എസ്. എ. ബി. എസ്സിന്റെ മാതാവ് ത്രേസ്യാ പൂതക്കുഴിയുടെ നിര്യാണത്തിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

**മേഖല വാർത്തകൾ**

**നീലഗിരി മേഖല**

നവംബർ 1, 2 തീയതികളിൽ സകല വിശുദ്ധരുടെയും സകല മരിച്ചവരുടെയും തിരുനാൾ ആചരിച്ചു. രൂപതയുടെ നേതൃത്വത്തിൽ നടത്തിയ കുരിശിന്റെ തണലിൽ പ്രാർത്ഥനാ ദിനത്തിൽ യൂണിറ്റുകളിൽ കുരിശിന്റെ ചുവട്ടിൽ നിന്ന് തിരിപിടിച്ച് പ്രാർത്ഥിച്ചു. കോവിഡ് ബാധിച്ച് മരിച്ച വ്യക്തിയുടെ മരണാനന്തര ശുശ്രൂഷയ്ക്ക് മേഖല ടാക്സ് ഫോഴ്സ് അംഗങ്ങൾ നേതൃത്വം നൽകി. അധ്യാപകദിനത്തിൽ മേഖലയിൽ ഉൾപ്പെട്ട എല്ലാ യൂണിറ്റുകളിലും അധ്യാപകദിനാശംസകൾ അറിയിച്ചു. മേഖലാ സാഹിത്യമത്സരത്തിൽ 62 പേർ മത്സരിച്ചു. നവംബർ 16 ന് ശിശുദിനത്തോടനുബന്ധിച്ച് വിവിധ യൂണിറ്റിലെ കുട്ടികളെ ഉൾപ്പെടുത്തി ആശംസകൾ അറിയിച്ച് വീഡിയോ തയ്യാറാക്കി. രൂപതാ കലാമത്സരത്തിൽ കെ.സി.വൈ.എം. ആന്തത്തിന് കയ്യൂന്നി യൂണിറ്റ് ഒന്നാം സ്ഥാനത്തെത്തി.

**യൂണിറ്റ് വാർത്തകൾ**

**നരിവാലമുണ്ട യൂണിറ്റ്**

പേൾ മേഖലാ കലാ സാഹിത്യ മത്സരത്തിൽ സമ്മാനങ്ങൾ കരസ്ഥമാക്കിയവർക്കും പങ്കെടുത്തവർക്കും ആശംസകൾ നേർന്നു. സന്യാസ ജീവിതത്തിലേക്ക് പ്രവേശിച്ച സി. ട്രീസ തോമസിന് യൂണിറ്റിന്റെ പേരിൽ ആശംസകൾ അർപ്പിക്കുകയും സ്നേഹോപഹാരം നൽകുകയും ചെയ്തു. ക്രിസ്തുമസിന് ഒരുക്കമായി ദേവാലയത്തിൽ നക്ഷത്രം തൂക്കി. മാതാവിന്റെ അമലോത്ഭവ തിരുനാൾ ദിനത്തിൽ ഇടവകയുടെ ഭാഗമായ മാമാങ്കര കുരിശടിയിൽ ജപമാലയും നൊവേനയും ചൊല്ലി കാഴ്ചവെച്ചു. 18 നും 30 നും ഇടയിൽ പ്രായമുള്ളവർക്ക് വേണ്ടി 'കൊറോണയും ക്രിസ്തുമസും' എന്ന വിഷയത്തിൽ പ്രസംഗമത്സരം സംഘടിപ്പിച്ചു. ഡൽഹി കർഷക സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് യൂണിറ്റിന്റെ നേതൃത്വത്തിൽ പന്തംകൊളുത്തി പ്രതിഷേധം നടത്തി.

**മരക്കടവ് യൂണിറ്റ്**

പേൾ ഓൺലൈൻ മേഖലാ കലാമത്സരത്തിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുക്കുകയും 5 ഇനങ്ങളിൽ സമ്മാനർഹരാകുകയും ചെയ്തു. രൂപത കലാ മത്സരത്തിൽ ലളിതഗാനം (ആൺ-പെൺ) ഇനങ്ങളിൽ III With A ഗ്രേഡ് ലഭിച്ചു. കെ. സി. വൈ. എം. മാനന്തവാടി രൂപത നടത്തിയ ആഗസ്റ്റ് മാസ പ്രവർത്തനങ്ങളുടെ മത്സരത്തിൽ മരക്കടവ് യൂണിറ്റ് മികച്ച യൂണിറ്റായി 1-ാം സ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാനതല 'ഉത്സവ് 2020' മത്സരത്തിൽ 'മൈം' പ്രോഗ്രാമിൽ പങ്കെടുത്തു. ക്രിസ്തുമസിന് ഒരുക്കമായി വലിയ നക്ഷത്രം നിർമ്മിച്ച് പള്ളിയിൽ സ്ഥാപിച്ചു. അഖിലേന്ത്യാ കർഷക സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് യുവജനങ്ങൾ പൂർണ്ണപിന്തുണ പ്രഖ്യാപിക്കുകയും കർഷകവിരുദ്ധ നിയമങ്ങൾക്കെതിരെ പ്രതിഷേധം അറിയിക്കുകയും ചെയ്തു. ഇടവകയിലെ യുവജനങ്ങൾക്കായി നടത്തിയ യൂത്ത് എക്സ്പീരിയൻസ് ക്രൈസ്റ്റ് എന്ന പരിപാടിയിൽ യുവജനങ്ങൾ 55 പേർ പങ്കെടുത്തു. ഇടവക മേഖലാ തലങ്ങളിൽ സാഹിത്യ കലാ മത്സരങ്ങളിൽ പങ്കെടുത്ത് വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

**മണിമൂളി യൂണിറ്റ്**

സകല വിശുദ്ധരുടേയും തിരുനാൾ ദിനം രൂപതയോട് ചേർന്ന് പ്രർത്ഥനാദിനമായി ആചരിച്ചു. അന്നേ ദിവസം യുവജനങ്ങൾക്കായുള്ള വിശുദ്ധ ബലിയിൽ 40 ൽ പരം യുവജനങ്ങൾ പങ്കെടുക്കുകയും കത്തിച്ച തിരി കൈകളിലേന്തി വി. കുരിശിന്റെ മുൻപിൽനിന്ന് ബഹു.

വൈദികരോട് ചേർന്ന് കരുണ കൊന്ത ചൊല്ലി സഭക്കെതിരെയുള്ള സാമൂഹ്യവിരുദ്ധരുടെ ചെയ്തികൾക്കെതിരെ പ്രതിഷേധിച്ചു. ബഹുമാനപ്പെട്ട പ്രിൻസ് അച്ചന്റെ നേതൃത്വത്തിൽ യുവജനങ്ങൾ കുരിശടി വൃത്തിയാക്കുകയും കരുണ കൊന്ത ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. മതാധ്യാപക ദിനത്തിൽ അധ്യാപകർക്ക് ആശംസകൾ അർപ്പിക്കുകയും വീഡിയോ പ്രദർശനത്തിലൂടെ അവരെ ആദരിക്കുകയും ചെയ്തു. രൂപതാ സാഹിത്യ, കലാമത്സരങ്ങളിൽ എല്ലാ ഇനങ്ങളിലും യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു. മേഖലയിൽ സാഹിത്യ കലാമത്സരങ്ങളിൽ 1 – ാം സ്ഥാനം നേടി ഓവറോൾ കരസ്ഥമാക്കി. നവംബർ 22 ന് യുവജനങ്ങൾക്ക് വേണ്ടി വിശുദ്ധ ബലി അർപ്പിക്കുകയും 80 ൽ പരം യുവജനങ്ങൾ പങ്കെടുക്കുകയും ചെയ്തു. പള്ളിയും പരിസരവും സെമിത്തേരിയും വൃത്തിയാക്കി. തുടർന്ന് നടന്ന മീറ്റിങ്ങിൽ വച്ച് കലാ സാഹിത്യ മത്സരങ്ങളിൽ സമ്മാനർഹരായവരെ അഭിനന്ദിച്ചു. യൂണിറ്റ് ആനിമേറ്റർ സി. സിസിലിയുടെ നാമഹേതുക തിരുനാൾ ആഘോഷിച്ചു.

**അരുൾനിലയം യൂണിറ്റ്**

നവംബർ മാസത്തിൽ മരിച്ച വിശ്വാസികൾക്ക് വേണ്ടി എല്ലാ ദിവസവും കുർബാനയിൽ പങ്കെടുത്തും സിമിത്തേരി സന്ദർശിച്ചും പ്രാർത്ഥിച്ചു. ഇടവകയിൽ കോവിഡ് ബാധിച്ച് മരിച്ചവ്യക്തിയുടെ മൃതസംസ്കാരത്തിന് മേഖല കോവിഡ് ടാസ്ക് ഫോഴ്സ് ടീം സഹായിച്ചു. കലാസാഹിത്യമത്സരത്തിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. ജോഷി കൊട്ടാരത്തിൽ ലളിതഗാന മത്സരത്തിൽ മേഖലയിൽ രണ്ടാംസ്ഥാനം കരസ്ഥമാക്കി.

**വിമലഗിരി യൂണിറ്റ്**

നവംബർ മാസത്തിൽ സകല മരിച്ചവർക്കുംവേണ്ടി പ്രാർത്ഥിച്ചു. പള്ളിയും പള്ളി പരിസരവും യുവജനങ്ങളുടെ നേതൃത്വത്തിൽ വൃത്തിയാക്കി. പേൾ 2020 ഭാഗമായി സാഹിത്യ കലാമത്സരങ്ങളിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. വിവിധ ഇനങ്ങളിൽ സമ്മാനങ്ങൾ കരസ്ഥമാക്കി. യൂണിറ്റിന്റെ നേതൃത്വത്തിൽ ഫണ്ട് ശേഖരണാർത്ഥം കൊന്ത വിൽപ്പന നടത്തി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സൗജന്യമായി കൊന്തകൾ വിതരണം ചെയ്തു. കർഷക ബില്ല് കർഷകരുടെ ദുരിത ബില്ല് ആക്കുന്നതിനെതിരെ പ്രതികരിച്ചു.

**കുന്നൂർ യൂണിറ്റ്**

നവംബർ 1, 2 തീയതികളിൽ സകല വിശുദ്ധരുടെയും സകല മരിച്ചവരുടെയും തിരുനാളുകൾ ആചരിച്ചു. മേഖലാ സാഹിത്യ കലാ

മത്സരങ്ങളിൽ യൂണിറ്റിൽനിന്നും അംഗങ്ങൾ പങ്കെടുത്തു. അധ്യാപക ദിനത്തിൽ അധ്യാപകർക്ക് ആശംസകൾ നേർന്നു. നവംബർ 14 ന് ശിശുദിനത്തോടനുബന്ധിച്ച് മേഖലയുടെ നേതൃത്വത്തിൽ രൂപം നൽകിയ വീഡിയോയ്ക്ക് ഐവ ഫ്രാൻസിസ് ആശംസ അറിയിച്ചു.

**പനംചിറ യൂണിറ്റ്**

കക്കാടംപൊയിലിലും പൂഞ്ഞാറിലും ഒരുപറ്റം യുവാക്കൾ വിശുദ്ധ കുരിശിനെ അവഹേളിച്ചതിനെതിരെ പ്രതിഷേധം അറിയിച്ചുകൊണ്ട് ബഹുമാനപ്പെട്ട വികാരിയച്ചന്റെ നേതൃത്വത്തിൽ മതാധ്യാപകരും കെ.സി.വൈ.എം. അംഗങ്ങളും ചേർന്ന പനംചിറ ഇടവകയുടെ ഭാഗമായ പുളിങ്കുന്ന് കുരിശടിയിൽ കൊന്തചൊല്ലി പ്രാർത്ഥിക്കുകയും കുരിശിന്റെ മഹത്വം ഉദ്ഘോഷിക്കുകയും ചെയ്തു. മേഖലാ കലാ സാഹിത്യ മത്സരങ്ങളിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു. പുതുതായി നിർമ്മിച്ച കൊടിമരം, കിച്ചൻ എന്നിവയുടെ നിർമ്മാണപ്രവർത്തനങ്ങൾക്ക് യുവജനങ്ങൾ സഹായിച്ചു.

**കുന്നലാടി**

യുവജനങ്ങളുടെ നേതൃത്വത്തിൽ കുരിശടിയിൽ തിരിതെളിച്ച് കുരിശിനെ അവഹേളിച്ചതിനെതിരെ പ്രതിഷേധമറിയിച്ചു. നവംബർ മാസത്തിൽ മരിച്ച വിശ്വാസികൾക്കായി സിമിത്തേരി സന്ദർശിച്ചു പ്രാർത്ഥിച്ചു. അധ്യാപക ദിനത്തിൽ ആശംസാകാർഡുകൾ നൽകി. യൂണിറ്റിലെ രോഗികളായവരെ സന്ദർശിച്ചു. ഓൺലൈൻ സാധ്യതകൾ ഉപയോഗപ്പെടുത്തി അനുതാപ ശുശ്രൂഷയ്ക്ക് യുവജനങ്ങൾ പങ്കെടുക്കുന്നു. മേഖല മത്സരത്തിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു.

**കൽപ്ര യൂണിറ്റ്**

കുരിശിന്റെ തണലിൽ പ്രാർത്ഥനാദിനം ആചരിച്ചു. മേഖലാ കലാ സാഹിത്യമത്സരങ്ങളിൽ യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. കലാ സാഹിത്യ മത്സരത്തിൽ പങ്കെടുത്തവർ വിവിധ ഇനങ്ങളിൽ സമ്മാനർഹരായി. കെസിവൈഎം നേതൃത്വത്തിൽ ശിശുദിനാഘോഷം നടത്തി.

**ബോസ്പറ യൂണിറ്റ്**

മേഖലാ തലത്തിൽ നടത്തിയ കലാ സാഹിത്യ മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്കായി പ്രാക്ടീസ് നൽകി. യൂണിറ്റിൽനിന്നും കലാസാഹിത്യമത്സരങ്ങളിൽ യുവജനങ്ങൾ പങ്കെടുത്തു.

**കയ്യൂന്നി യൂണിറ്റ്**

യുവജനങ്ങൾ സെമിത്തേരി സന്ദർശിച്ച് മരിച്ച വിശ്വാസികൾക്കുവേണ്ടി പ്രാർത്ഥിച്ചു. കെ.സി.വൈ.എം. ആനിമേറ്റർ സി. സൂസി കുര്യന്റെ സന്യാസ സമർപ്പണത്തിന്റെ രജത ജൂബിലി ആഘോഷിച്ചു.

മേഖലാ കലാ സാഹിത്യ മത്സരങ്ങളിൽ യൂണിറ്റിൽ നിന്നും യുവജനങ്ങൾ പങ്കെടുത്തു. രൂപതാ തലത്തിൽ നടത്തിയ കലാ മത്സരത്തിൽ കെ.സി.വൈ.എം. ആന്തത്തിന് യൂണിറ്റിന് ഒന്നാം സ്ഥാനം ലഭിച്ചു. യൂണിറ്റിന്റെ പരിധിയിൽപ്പെട്ട മണൽവയൽ മുതൽ കപ്പാല വരെയുള്ള റോഡിന്റെ ഇരുവശത്തെയും കാടുകൾ യുവജനങ്ങളുടെ നേതൃത്വത്തിൽ വെട്ടിവൃത്തിയാക്കി.

**ബെക്കി യൂണിറ്റ്**

യൂണിറ്റിലെ യുവജനങ്ങൾ പള്ളിപ്പറമ്പിലെ വിവിധ പണികളിൽ പങ്കുചേർന്നു. പള്ളിയിൽ വച്ച് നടത്തിയ ലോഗോ നിർമ്മാണത്തിൽ ഒറ്റക്കെട്ടായി പ്രവർത്തിച്ചു. സൺഡേസ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളിൽ പങ്കുചേർന്നു. ഇടവകയിൽ ഒരു ബൈബിൾ എന്ന ആശയത്തോട് ചേർന്ന് 20 ഓളം യുവജനങ്ങൾ പങ്കെടുത്തു

**റോസ്മേരി തേറുകാട്ടിൽ**
ജനറൽ സെക്രറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ഡിസംബർ 4,5,6 തിയതികളിൽ നടത്തിയ ഓൺലൈൻ കോഴ്സിൽ 96 പേരും, 18,19,20 തിയതികളിലേതിൽ 92 പേരും പങ്കെടുത്തു. അടുത്ത കോഴ്സ് ജനുവരി 8,9,10, തിയതികളിൽ.

**മരിയൻ സിംഗിൾസ്**

ക്രിസ്തുമസ് ഫ്രണ്ടിനെ തെരഞ്ഞെടുത്തു. 26,000 നന്മനിറഞ്ഞ മറിയം ചൊല്ലി ക്രിസ്മസിനൊരുങ്ങി. 1500 ജപമാല, 1200 കരുണക്കൊന്ത എന്നിവ ചൊല്ലി തിരുസഭക്കുവേണ്ടി കാഴ്ചവെച്ചു.

**മാതൃവേദി**

ഡിസംബർ 17ന് രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. വി. യൗസേപ്പിതാവിന്റെ വർഷം പ്രഖ്യാപിച്ച സാഹചര്യത്തിൽ കുടുംബം തിരുക്കുടുംബമാകാൻ എന്ന ആപ്തവാക്യം 2021 പ്രവർത്തന വർഷത്തേക്കായി മാതൃവേദി സ്വീകരിക്കുന്നു. ആ വിഷയം സംബന്ധിച്ച് കുടുംബനാഥന്മാർ, കുടുംബനാഥമാർ, കുട്ടികൾ, യുവജനങ്ങൾ എന്നിവർക്കായി 3 മിനിറ്റ് ദൈർഘ്യമുള്ള പ്രസംഗം നടത്തുന്നതാണ്. വി. യൗസേപ്പിതാവിന്റെ രൂപവുമായി മേഖലകളിലൂടെ പ്രയാണം നടത്തുന്നത് സംബന്ധിച്ച് ചർച്ചചെയ്തു. ഇതിന്റെ വിശദാംശങ്ങൾ പിന്നീട് നൽകുന്നതാണ്.

അന്താരാഷ്ട്ര മാതൃവേദി നടത്തിയ 23-ാം സങ്കീർത്തനം ചൊല്ലൽ പ്രോഗ്രാമിലും ക്രിസ്തീയ ഭക്തിഗാന മത്സരത്തിലും രൂപതയിൽനിന്നും ധാരാളം അമ്മമാർ പങ്കെടുത്തു. അമ്മവിളക്ക് 2020 എന്ന പേരിൽ മാതൃവേദിയുടെ രൂപതാ വാർഷികം വെർച്ചലായി നടത്തി.

**മേഖല വാർത്തകൾ**

മണിമൂളി - ഓൺലൈൻ വഴി ആദ്യവെള്ളിയാഴ്ച ഉപവാസ പ്രാർത്ഥന നടത്തി. മതാദ്ധ്യപകർ, ജനപ്രതിനിധികൾ എന്നിവരെ ആദരിച്ചു. 3 ലക്ഷം ജപമാലകൾ ചൊല്ലി ജപമാല കോട്ടയിലേക്ക് കാഴ്ച വച്ചു. ദിവ്യകാരുണ്യ പ്രദക്ഷിണത്തിൽ പങ്കെടുത്തു. സ്നേഹതീരം ആതുരാലയത്തിൽ നടത്തിയ സെമിനാറിൽ സഹകരിച്ചു. കൈവിളക്ക് എന്ന പേരിൽ നടത്തിയ സന്ദേശം എല്ലാവരിലേക്കും എത്തിച്ചു. രോഗീ സന്ദർശനം, അഖണ്ഡ ജപമാല എന്നിവ നടത്തി.

**കല്ലോടി** – ഡോക്ടേഴ്സ്, നേഴ്സുമാർ, ആരോഗ്യപ്രവർത്തകർ, ആശാവർക്കർമാർ എന്നിവർക്കുവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ശാഖാപ്രവർത്തനങ്ങൾ വിലയിരുത്തി ഗ്രേഡ് നിശ്ചയിച്ചു.

**നീലഗിരി** – വിവിധ നിയോഗങ്ങൾക്കായി ജപമാല ചൊല്ലി. ഒരു നിർദ്ധന രോഗിക്ക് 2000 രൂപ നൽകി. കുരിശിനെ അവഹേളിച്ചവർക്കായി പ്രാർത്ഥിച്ചു. പച്ചക്കറിവിത്തുകൾ വിതരണം ചെയ്തു. ചെയിൻ റോസറി നടത്തി.

**മുള്ളൻകൊല്ലി**–മേഖല എക്സിക്യുട്ടീവ് നടത്തി. ശാഖാ പ്രവർത്തനങ്ങൾ വിലയിരുത്തി ഗ്രേഡ് നിശ്ചയിച്ചു. ശുദ്ധീകരണാത്മാക്കളുടെ വണക്കമാസം വായിച്ചു. സമ്പൂർണ്ണ ബൈബിൾ എഴുതി തയ്യാറാക്കി രൂപതയിൽ ഏൽപ്പിച്ചു.

**തരിയോട്** – സാമൂഹ്യ പ്രവർത്തക ജിൻസി കൂവക്കലിനെ ആദരിച്ചു. വിയാനിയിൽ വൈദികരുടെ കബറിടം സന്ദർശിച്ച് പ്രാർത്ഥിച്ചു. കുറുമ്പാല പള്ളിപണിക്ക് 5000 രൂപ സംഭാവന നൽകി. വിവിധ നിയോഗങ്ങൾക്കായി കരുണക്കൊന്ത, ജപമാല, തിരുഹൃദയക്കൊന്ത എന്നിവ ചൊല്ലി.

**മാനന്തവാടി** – പൊതുപ്രവർത്തകരെ ആദരിച്ചു. മികച്ച ശാഖകളെ കണ്ടെത്തി ഗ്രേഡ് നിർണ്ണയിച്ചു. മൃതിയടഞ്ഞ പൂർവ്വികരെ അനുസ്മരിച്ച് പ്രാർത്ഥിച്ചു.

**ചുങ്കക്കുന്ന്** – മരണമടഞ്ഞ മാതൃവേദി അംഗങ്ങൾക്കായി വി. കുർബാനയും ഒപ്പീസും ചൊല്ലിച്ചു. നിർദ്ധനരായ മൂന്നു കുട്ടികൾക്ക് ആദ്യ കുർബാനയ്ക്ക് ഡ്രസ് നൽകി. ക്യാൻസർ രോഗിക്ക് 1000 രൂപയും വിവാഹത്തിന് 27,000 രൂപയും സഹായം നൽകി. രോഗീസന്ദർശനം നടത്തി.

**ശാഖാ വാർത്തകൾ**

**കല്ലോടി** – വിവിധ നിയോഗങ്ങൾക്കായി അഖണ്ഡ ജപമാല ചൊല്ലി. ശുദ്ധീകരണാത്മാക്കൾക്കുവേണ്ടിയുള്ള വണക്കമാസം, രോഗീസന്ദർനം, ഭവനസന്ദർശനം എന്നിവ നടത്തി. പള്ളിയിലെ പൊതുപരിപാടിയിൽ അമ്മമാർ പങ്കെടുത്തു. കൈയ്യെഴുത്ത് മാസിക തയ്യാറാക്കുന്നു. പൂച്ചെടി നേഴ്സറി, പച്ചക്കറിത്തോട്ടം എന്നിവ പരിപാലിക്കുന്നു. സമ്പൂർണ്ണ ബൈബിൾ എഴുതി തയ്യാറാക്കി. 1000 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു.

**വാഴവറ്റ :** മഹാമാരിക്കെതിരെ 12000 ജപമാല ചൊല്ലി. രോഗിസഹായം നൽകി. വചനമെഴുത്ത്, ഓൺലൈൻ സെമിനാർ, ചെയിൻ റോസറി, മരിയൻ ക്വിസ്, മരിയൻഗാന മത്സരം എന്നിവ നടത്തി.

**കബനിഗിരി :** 13 മണി ആരാധന, ഓൺലൈൻ കരോൾ ഗാനമത്സരം എന്നിവ നടത്തി.

**കരിമാനി :** ഇടവകയിൽ നിന്നും മൃതിയടഞ്ഞവരുടെ ലിസ്റ്റ് തയ്യാറാക്കി. ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി വി. കുർബാനയും ഒപ്പീസും കാഴ്ചവെച്ചു. സമരിറ്റൻ ഭവനത്തിന് 25000 രൂപ സംഭാവന നൽകി. വിവിധ നിയോഗങ്ങൾക്കായി ജപമാല, കരുണക്കൊന്ത, തിരുഹൃദയക്കൊന്ത എന്നീ പ്രാർത്ഥനകൾ കാഴ്ചവെച്ചു. തിരുമണിക്കൂർ ആരാധന നടത്തി.

**തലപ്പുഴ**: മൃതിയടഞ്ഞവർക്കുവേണ്ടി കുടുംബങ്ങളിൽ പ്രത്യേകം പ്രാർത്ഥന നടത്തി. നല്ല ഭരണാധികാരികളെ ലഭിക്കുവാനായി കരുണക്കൊന്ത ചൊല്ലി, ചെയിൻ റോസറി നടത്തി.

**പുതിയിടം :** രോഗീസന്ദർശനം നടത്തി. വൃദ്ധമാതാപിതാക്കളെ വി. കുർബാനക്കും കുമ്പസാരത്തിനുമായി ഒരുക്കി. ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു.

**പേരിയ :** സകല മരിച്ചവിശ്വാസികളേയും അനുസ്മരിച്ച് പ്രാർത്ഥിച്ചു. ഇടവകയിലെ നേഴ്സുമാരെ ആദരിച്ചു.

**വലിയകൊല്ലി –** പുതിയ നിയമം പകർത്തിയെഴുതി. പച്ചക്കറി തൈകൾ കുടുംബങ്ങളിൽ വിതരണം ചെയ്തു.

**മാനന്തവാടി** – നല്ല ഭരണാധികാരികളെ ലഭിക്കുവാൻ കരുണക്കൊന്ത, ജപമാല എന്നിവ ചൊല്ലി കാഴ്ചവെച്ചു. സെമിത്തേരി സന്ദർശിച്ച് ദണ്ഡവിമോചന പ്രാർത്ഥന നടത്തി.

**തവിഞ്ഞാൽ –** ഭരണാധികാരികൾക്കുവേണ്ടി പ്രാർത്ഥിച്ചു. സെമിത്തേരി സന്ദർശനം നടത്തി.

**സീതാമൗണ്ട് –** സെമിത്തേരി സന്ദർശിച്ച് പൂർവ്വീകർക്കുവേണ്ടി പ്രാർത്ഥിച്ചു. ആദ്യവെള്ളിയാഴ്ച വചന പാരായണം നടത്തി.

**പട്ടാണിക്കൂപ്പ് –** ഇടവകയിലെ ആരോഗ്യ പ്രവർത്തകർ, നേഴ്സുമാർ എന്നിവരുടെ ലിസ്റ്റ് തയ്യാറാക്കി പ്രാർത്ഥിച്ചു. ഫാ. സ്റ്റാൻ സ്വാമിയുടെ മോചനത്തിനായി ഭവനങ്ങളിൽ പ്രത്യേക പ്രാർത്ഥന നടത്തി.

**പുതിയിടംകുന്ന്** - ആരോഗ്യ പ്രവർത്തകരെ ആദരിച്ചു. കോവിഡ് രോഗികൾക്കുവേണ്ടി ജപമാല ചൊല്ലി

**മരകാവ് –** സകല മരിച്ചവർക്കും വേണ്ടി ദിവ്യബലിയർപ്പിച്ചു. പൂവ്വികരെ അനുസ്മരിച്ചു. ജനപ്രതിനിധികളുടെ ലിസ്റ്റ് തയ്യാറാക്കി. സമ്പൂർണ്ണ ബൈബിൾ പകർത്തിയെഴുതി.

**മരക്കടവ് –** ഈ വർഷത്തെ മേഖല പ്രവർത്തനങ്ങൾക്ക് ശാഖ ഒന്നാം സ്ഥാനം കരസ്ഥമാക്കി. മരിച്ചവർക്കുവേണ്ടിയുള്ള വണക്കമാസം വായിച്ചു. ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ഒരു ഉപന്യാസ മത്സരം നടത്തി. ശാഖാ വാർഷികം നടത്തി. പൊതുപ്രവർത്തകരെ ഫോൺ വിളിച്ച് ആശംസകൾ അറിയിച്ചു.

**നരിവാലമുണ്ട –** ഇടവകയിൽ മൃതിയടഞ്ഞവരുടെ ഫോട്ടോകൾ ശേഖരിച്ച് നിത്യതയുടെ തീരത്ത് എന്ന പേരിൽ ഒരു ഡോക്യുമെന്ററി തയ്യാറാക്കി. സംഘടനാ പ്രതിനിധികൾ സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു. എല്ലാ മതാധ്യാപകർക്കും ആശംസകൾ നേർന്നു. ബഹു. ബാബു പാറയിലച്ചന്റെ 41–ാം ചരമദിനത്തിൽ സംഘടനാ ഭാരവാഹികൾ പങ്കെടുത്തു. ഓർമ്മയിൽ പ്രിയ പാറയിലച്ചൻ എന്ന പേരിൽ ഒരു ഡോക്യുമെന്ററി തയ്യാറാക്കി. ഇടവകയിൽ നിന്ന് സന്യാസ ജീവിതത്തിലേക്ക് പ്രവേശിച്ച സി. ട്രീസ തോമസിന് ആശംസകൾ അറിയിച്ചു. രോഗീസന്ദർശനം നടത്തി.

**പാലാങ്കര –** പരേതർക്കുവേണ്ടി പ്രാർത്ഥിച്ചു. ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി വണക്കമാസം വായിച്ചു. ജപമാല കോട്ടയിൽ 150 ജപമാല ചൊല്ലി മേഖലയിൽ പങ്കുചേർന്നു. ശാഖാ പ്രവർത്തനങ്ങളെ വിലയിരുത്തി.

**കുറുമണി –** ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി 340 കരുണക്കൊന്ത ചൊല്ലി. മാതാവിന്റെ സമർപ്പണത്തിരുനാളിൽ കുഞ്ഞുങ്ങൾക്കായി നിത്യജീവൻ എന്ന പേരിലുള്ള പുസ്തകങ്ങൾ വിതരണം ചെയ്തു. കോവിഡുകാലത്തെ മത്സരങ്ങൾക്ക് സമ്മാനങ്ങൾ നൽകി. എല്ലാ അമ്മമാർക്കും മാസ്ക് തയിച്ചു നൽകി. കർഷക സ്ത്രീ പൗളിൻ പോൾ, സൈനികൻ ഷിയോ എന്നിവരെ ആദരിച്ചു. ക്രിസ്മസ് ഫ്രണ്ടിനെ തെരഞ്ഞെടുത്തു. ക്രിസ്മസ് സമ്മാനമായി 152 കുടുംബങ്ങൾക്ക് കവുങ്ങുംതൈ നൽകി.

**മണിമൂളി –** 12000 രൂപ രോഗിസഹായം നൽകി. സമ്പൂർണ്ണ ബൈബിൾ പകർത്തിയെഴുതി. പാലിയേറ്റീവ് ഹോം കെയർ യൂണിറ്റിനോട് ചേർന്ന് ആതുര ശുശ്രൂഷയിൽ പങ്കെടുത്തു.

**തലഞ്ഞി –** എല്ലാ ദിവസവും ഓൺലൈൻവഴി വചനം പങ്കുവെയ്ക്കുന്നു. പ്രാർത്ഥന കൂട്ടായ്മ രൂപീകരിച്ചു. കോവിഡ് രോഗികൾക്കുവേണ്ടി വിവിധ നിയോഗങ്ങൾവച്ച് പ്രാർത്ഥിച്ചു. ഉണർവ്വ് –2020 എന്ന ആത്മീയ പ്രോഗ്രാമിലേക്ക് സന്ദേശങ്ങൾ കൈമാറി. താലന്തുകൾ വീഡിയോ ആക്കി പ്രകാശനം ചെയ്തു. ഉപവാസ പ്രാർത്ഥന നടത്തി. മതാദ്ധ്യാപകർ, ജനപ്രതിനിധികൾ എന്നിവരെ ആദരിച്ചു.

**ബോസ്പര –** ഒരു നിർദ്ധന കുടുംബത്തെ സഹായിച്ചു. സെമിത്തേരി സന്ദർശിച്ചു. പൂന്തോട്ടം വൃത്തിയാക്കി.

**അമ്പായത്തോട്** – പ്രസംഗമത്സരം നടത്തി. ആരോഗ്യ മേഖലയിലുള്ളവരെ ആദരിച്ചു. ഒരു കുട്ടിക്ക് 2000 രൂപ വിദ്യാഭ്യാസ സഹായം നൽകി. കുരിശിനെ അവഹേളിച്ചവർക്കെതിരെ പ്രതിഷേധമുയർത്തി.

**വെള്ളൂന്നി** – ക്രിസ്തു രാജന്റെ തിരുനാൾ ആചരിച്ചു, സകല മരിച്ചവർക്കുംവേണ്ടി പ്രാർത്ഥിച്ചു.

**കേളകം –** സംഘടനയിൽ മരണമടഞ്ഞവരെ അനുസ്മരിച്ച് വി. കുർബാനയും ഒപ്പീസും ചൊല്ലി. ക്രിസ്മസ് ഫ്രണ്ടിനെ തെരഞ്ഞെടുത്തു.

**കയ്യൂന്നി –** ലോഗോസ് പരിശീലനം ഓൺലൈൻ വഴി നടത്തി. ആദ്യവെള്ളിയാഴ്ച ഒരു മണിക്കൂർ ആരാധന നടത്തി. വിവിധ നിയോഗങ്ങൾക്കായി കരുണക്കൊന്ത ചൊല്ലി. രോഗീസന്ദർനം നടത്തി. സമ്പൂർണ്ണ ബൈബിൾ പകർത്തിയെഴുതി. വചനമത്സരം നടത്തി.

**കൊട്ടിയൂർ** – ഭിന്നശേഷിയുള്ള കുട്ടികൾക്ക് 3000 രൂപയോടൊപ്പം ടോയ്‌ലറ്റ് സാധനങ്ങൾ, ഡ്രസ് എന്നിവ നൽകി. സമ്പൂർണ്ണ ബൈബിൾ എഴുതി തയ്യാറാക്കി. രോഗീസന്ദർശനം നടത്തി. ഒരു നിർദ്ധനരോഗിക്ക് 2000 രൂപ ചികിത്സ സഹായം നൽകി.

**അടക്കാത്തോട് –** പൂർവ്വികരെ അനുസ്മരിച്ച് ഒരു പ്രബന്ധം തയ്യാറാക്കി. ആത്മാക്കൾക്കുവേണ്ടി വി. കുർബാന ചൊല്ലിച്ചു.

**പൂക്കോട്ടുംപാടം** – സകല മരിച്ചവിശ്വാസികൾക്കും വേണ്ടി വി. ബലി അർപ്പിച്ചു. ശുദ്ധീകരണാത്മാക്കൾക്കുള്ള വണക്കമാസം വായിച്ചു. സമ്പൂർണ്ണ ബൈബിൾ പകർത്തിയെഴുതി. ഫാ. സ്റ്റാൻ സ്വാമിക്കുവേണ്ടി പ്രാർത്ഥിച്ചു.

**വഞ്ഞോട് –** മരിച്ചവരുടെ തിരുനാൾ ദിനത്തിൽ വി. ജൽത്രൂദിന്റെ പ്രാർത്ഥന നൽകി. കോളനി സന്ദർശിച്ചു.

**പറളിക്കുന്ന് –** സെമിത്തേരി സന്ദർശിച്ച് പ്രാർത്ഥിച്ചു. ഒരു നിർദ്ധനരോഗിക്ക് 4000 ചികിത്സ സഹായം നൽകി. ഫണ്ട് ശേഖരിക്കാൻ അച്ചാർ ഉണ്ടാക്കി വിറ്റു.

**കോട്ടത്തറ** – ശുദ്ധീകരണാത്മാക്കളുടെ വണക്കമാസം വായിച്ചു. വചനം ഓൺലൈൻ വഴി പങ്കുവെച്ചു. രോഗീസന്ദർശനം നടത്തി. മതാദ്ധ്യാപകർക്ക് ആശംസകൾ നേർന്നു. മാതാവിന്റെ സമർപ്പണ തിരുനാളിന് സമ്പൂർണ്ണ ജപമാല ചൊല്ലി.

**പാതിരിപ്പാടം –** നേഴ്സുമാരെ ആദരിച്ചു. സമ്പൂർണ്ണ ബൈബിൾ പകർത്തിയെഴുതി. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വേണ്ടി ജപമാലയുടെ 5–ാം രഹസ്യം ചൊല്ലി. മരണമടഞ്ഞ കോവിഡ് രോഗികൾക്കുവേണ്ടി പ്രാർത്ഥിച്ചു.

**ധർമ്മഗിരി –** സമ്പൂർണ്ണ ബൈബിൾ പകർത്തിയെഴുതി. വിവിധ നിയോഗങ്ങൾക്കായി ജപമാല ചൊല്ലി. രോഗീസന്ദർശനം നടത്തി. വഴിവക്കിലെ കാട് വെട്ടി വൃത്തിയാക്കി. കോവിഡ് രോഗികൾക്ക് വേണ്ടി പ്രാർത്ഥിച്ചു.

**കൽപ്ര –** ശുദ്ധീകരണാത്മാക്കൾക്കുള്ള വണക്കമാസം വായിച്ചു. ഭവനസന്ദശർനം, രോഗീസന്ദർശനം എന്നിവ നടത്തി. നിയമപാലകർ, കർഷകർ, സൈനികർ എന്നിവർക്കുവേണ്ടി ജപമാല ചൊല്ലി.

**കുറുമ്പാല –** മരിച്ചവിശ്വാസികൾക്കുള്ള പ്രാർത്ഥന ചൊല്ലി. വികാരിയച്ചന് ജന്മ ദിനാശംസകൾ നേർന്നു. പച്ചക്കറിതൈകൾ വിതരണം ചെയ്തു.

**പാൽച്ചുരം –** ഓൺലൈൻ വഴി മതാദ്ധ്യപകരെ ആദരിച്ചു. ഒരു നിർദ്ധന യുവതിക്ക് വിവാഹ സഹായം നൽകി. ചികിത്സാ സഹായം നൽകി. സകല വിശുദ്ധരുടേയും തിരുനാൾ ആചരിച്ചു. ഫണ്ട് ശേഖരിക്കാൻ പച്ചക്കറി കൃഷി നടത്തി. മേഖല പ്രസംഗമത്സരത്തിൽ പങ്കെടുത്തു. ഫാ. സ്റ്റാൻ സ്വാമിക്കുവേണ്ടി പ്രാർത്ഥിച്ചു.

**മുട്ടിയേൽ –** ശുദ്ധീകരണാത്മാക്കൾക്കുവേണ്ടിയുള്ള വണക്കമാസ വായന നടത്തി. കോവിഡ് രോഗികൾക്കുവേണ്ടി കരുണക്കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. 30 നേഴ്സുമാരെ ആദരിച്ചു. ഏലീശ്വ സന്ദർശനം നടത്തി.

**ശിശുമല –** കുരിശ് അവഹേളിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചു. ശുദ്ധീകരണാത്മാക്കൾക്കുവേണ്ടിയുള്ള പ്രാർത്ഥന നടത്തി. സമ്പൂർണ്ണ ബൈബിൾ പകർത്തിയെഴുതി. ഇടവകയിലെ പൊതുപ്രവർത്തകരുടെ ലിസ്റ്റ് തയ്യാറാക്കി. സാത്താൻ പൂജയ്ക്ക് എതിരെ ജപമാല ചൊല്ലി. രോഗീസന്ദർശനം നടത്തി. ഒരു നിർദ്ധന കുടുംബത്തിന് 5000 രൂപ പഠനസഹായം നൽകി.

**വാളേരി –** 50 പച്ചക്കറി തൈകൾ വിതരണം ചെയ്തു. സമ്പൂർണ്ണ ബൈബിൾ പകർത്തിയെഴുതി. ഭവനസന്ദർശനം നടത്തി. ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു.

**മരുത –** പൊതുപ്രവർത്തകർ, നേഴ്സുമാർ, ആദ്യകുർബാന സ്വീകരിച്ച കുട്ടികൾ എന്നിവരെ ആദരിച്ചു. സമ്പൂർണ്ണ ബൈബിൾ പകർത്തിയെഴുതി. ഇടവകയ്ക്ക് സ്വന്തമായി സെമിത്തേരി ലഭിക്കാനുള്ള അനുമതി ലഭിക്കാൻ അഖണ്ഡജപമാല ചൊല്ലി പ്രാർത്ഥിച്ചു. വൈദീകരുടേയും ഇടവകകളുടേയും പേരുകൾ ഓരോ കുടുംബത്തിനും നൽകി പ്രാർത്ഥിച്ചു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

## സീയോൻ വാർത്തകൾ

ഡിസംബർ 5 ന് ആദ്യശനിയാഴ്ച വൈകിട്ട് 6.30 മുതൽ 8.30 വരെ ഏകദിന ഓൺലൈൻ കൺവെൻഷൻ നടത്തി. അനുദിന ജീവിത നവീകരണത്തിന്റെ ആവശ്യകതയെക്കുറിച്ച് അസി. ഡയറക്ടർ റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ വചനം പങ്കുവച്ചു. തുടർന്ന് ഡയറക്ടർ റവ. ഫാ. സോണി വാഴകാട്ടിന്റെ നേതൃത്വത്തിൽ പരിശുദ്ധ കുർബാനയുടെ ആരാധന നടത്തി. സി. നിർമ്മല എസ്.എച്ച്., സി. അന്ന എഫ്. സി.സി., ബ്രദർ ബേബി കുപ്പയിൽ, ബ്രദർ പൈലി പെലക്കുടി എന്നിവർ ജപമാല പ്രാർത്ഥനയ്ക്കും, ബ്ര. ബിജു പുളിക്കൽ, സി. ലിസ എസ്.കെ.ഡി. എന്നിവർ ഗാനശുശ്രൂഷയ്ക്കും നേതൃത്വം നല്കി. എല്ലാ ഞായറാഴ്ചകളിലും ഫാ. ജിന്റോ തട്ടുപറമ്പിൽ, ഫാ. സോണി വാഴകാട് എന്നിവർ ഓൺലൈൻ വചനപ്രസംഗങ്ങൾ നടത്തി. ഡിസംബർ 21 തിങ്കളാഴ്ച സിയോൻ ശുശ്രൂഷകർ വീടുകളിലും, ഫാ. സോണി വാഴകാട്, ഫാ. ജിന്റോ തട്ടുപറമ്പിൽ, സി. നിർമ്മല എസ്.എച്ച്., സി. ട്രീസ എസ്.എച്ച്., സി. മെറീന എഫ്.സി.സി., സി. അന്ന എഫ്.സി.സി. എന്നിവർ സിയോൻ ചാപ്പലിലും ബൈബിൾ വായന നടത്തി. രൂപതയിലെ ബഹുമാനപ്പെട്ട വൈദീകരുടെ സഹകരണത്തോടെ ഡിസംബർ 1 മുതൽ 25 വരെ 'പുൽക്കൂട്ടിലേയ്ക്കൊരു പുണ്യയാത്ര' എന്ന പേരിൽ ഓൺലൈൻ ക്രിസ്തുമസ് സന്ദേശങ്ങൾ നൽകി. ഡിസംബർ 24 ന് പെരി. ബഹു. ജനറാളച്ചനും ഡിസംബർ 25 ന് അഭിവന്ദ്യ പിതാവും, വചനം പങ്കുവച്ചു.

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരേ,

ഒരു വർഷം കൂടി നമ്മെ വിട്ടു പിരിയുകയാണ്. പുതിയൊരു വർഷത്തിലേക്ക് നാം പ്രവേശിക്കുകയാണ്. പിന്നിട്ട വർഷത്തിലേക്ക് നാം തിരിഞ്ഞു നോക്കുമ്പോൾ സന്തോഷത്തിന്റെയും സന്താപത്തിന്റെയും-ലാഭനഷ്ട കണക്കുകൾ നമ്മുടെ മനസ്സിലുണ്ടാവാം. അതിഭീകരമായ ഒരു പ്രതിസന്ധിയിലൂടെ നാം കടന്നുപോകുകയാണ്. കൊവിഡ് എന്ന മഹാരോഗം മനുഷ്യ വർഗത്തിന്റെ നിലനില്പ്പിനെത്തന്നെ പ്രതികൂലമായി ബാധിക്കുംവിധത്തിൽ ഗ്രസിച്ചിരിക്കുകയാണ്. ലോകംതന്നെ നിശ്ചലമായ അവസ്ഥയിലായി. എന്നിട്ടും നമ്മൾ-ആദ്യമൊന്ന് പകച്ചുനിന്നെങ്കിലും ഈ രോഗത്തെ അതിജീവിച്ചുകൊണ്ടിരിക്കുകയാണ്. ജീവിതത്തിൽ പ്രതിസന്ധികളുണ്ടാകുമ്പോൾ ഓരോ വിൻസെൻഷ്യന്റെയും മനസ്സിലുണ്ടാകേണ്ട വികാരം-ഈ നിമിഷവും കടന്നുപോകുമെന്നതാവണം. നമുക്കെന്തു സംഭവിക്കുമ്പോഴും ദൈവാശ്രയബോധത്തിൽ നാം ആഴത്തിൽ വിശ്വസിക്കണം. ഇതാ കർത്താവിന്റെ ദാസി -എന്നു പറഞ്ഞ പരിശുദ്ധ കന്യകാമാതാവിന്റെ മനോഭാവമാണ് നാം വളർത്തിയെടുക്കേണ്ടത്. ദൈവത്തിന്റെ പദ്ധതി നമുക്ക് അജ്ഞാതമാണ്. ദൈവം കാണിച്ചുതരുന്ന മാർഗ്ഗത്തിലൂടെ നമുക്ക് മുന്നേറാം. ഈ പുതുവർഷത്തിൽ നമുക്ക് ഒട്ടേറെ കാര്യങ്ങൾ ചെയ്യുവാനുണ്ട്. കഷ്ടത അനുഭവിക്കുന്നവരുടെ എണ്ണം അനുദിനം നമുക്ക് ചുറ്റും വളർന്നുവരികയാണ്. നിരാംലംബരായ അവരെ സഹായിക്കുവാൻ നമുക്ക് കടമയുണ്ട്. നമ്മുടെ സഹോദരർ വിശന്ന് വലയുമ്പോൾ നാം ആഘോഷത്തിമിർപ്പിൽ ആറാടുന്നത് നീതിയല്ല. നമുക്ക് തികഞ്ഞിട്ട് നമുക്ക് മറ്റുള്ളവരെ സഹായിക്കുവാൻ സാധിക്കുകയില്ല. നമുക്കുള്ളത് പങ്കുവയ്ക്കുമ്പോഴാണ് നാം ദൈവമക്കളാവുന്നത്-യഥാർത്ഥ വിൻസെൻഷ്യനാവുന്നത്. പുതിയ വർഷത്തിൽ എല്ലാദിവസവും ഒരാളെയെങ്കിലും സഹായിക്കാതെ ഞാൻ ഉറങ്ങുകയില്ലെന്ന പ്രതിജ്ഞ ഓരോ വിൻസെൻഷ്യനും എടുക്കാം. ദാനംചെയ്ത് ദരിദ്രനായവനില്ലെന്ന തത്വം നാം വിസ്മരിക്കരുത്.

**സി.സി. യോഗം**

2020 ഡിസംബർ 18ന് സി.സി.യോഗം ചേർന്നു. ബ്ര.രാജു വലിയാറ, ബ്ര. ഫ്രാൻസീസ് പുലിക്കോട്ടിൽ എന്നിവർ പ്രാർത്ഥനകൾക്ക് നേതൃത്വം നല്കി. സി. സി. വൈ. പ്രസിഡണ്ട് ബ്ര.അഗസ്റ്റിൻ

കൊടിയംകുന്നേൽ അധ്യക്ഷത വഹിച്ചു. സി.സി. ആത്മീയ ഉപദേഷ്ടാവ് റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര മുഖ്യ സന്ദേശം നൽകി. സി.സി. ജനറൽ സെക്രട്ടറി ബ്ര. ബാബു നമ്പുടാകം സ്വാഗതവും, പ്രവർത്തനറിപ്പോർട്ടും അവതരിപ്പിച്ചു. സി. സി. ട്രഷറർ ബ്ര. എൻ.യു.ജോൺ കണക്ക്, ഓസാനാംഭവൻ സെക്രട്ടറി ബ്ര. വിൻസെന്റ് ജോൺ വടക്കുംചേരി ഓസാനാംഭവൻ കണക്ക് എന്നിവ അവതരിപ്പിച്ചു. ചർച്ചകൾക്ക് ശേഷം യോഗം ഇവ അംഗീകരിച്ചു. ജനുവരി 5-ന് ഓസാനാംഭവനിൽ ക്രിസ്മസ്, പുതുവർഷ ആഘോഷ ങ്ങൾ നടത്തുവാൻ തീരുമാനിച്ചു. ഓസാനാംഭവനിലെ അപ്പച്ചന്മാർക്ക് പുതുവസ്ത്രം നല്കുന്നതിനായി എല്ലാ കോൺഫ്രൻസുകളും 1000-രൂപവീതം നല്കണമെന്ന് യോഗം തീരുമാനിച്ചു. കൊവിഡിന്റെ രൂക്ഷമായ വ്യാപനം കുറഞ്ഞ സാഹചര്യത്തിൽ എ. സി. കോൺഫ്രൻസ് യോഗങ്ങൾ ജനുവരി 31-നകം ചേരുവാൻ തീരുമാനിച്ചു. അന്തർ ദേശീയ കൗൺസിലിന്റെ അഗ്രിഗേഷൻ ലഭിച്ച സാന്തോം (മരകാവ്), സെന്റ് മേരീസ് (മരകാവ്), ഇൻഫന്റ് ജീസസ് (പട്ടാണിക്കൂപ്പ്), സെന്റ് സെബാസ്റ്റ്യൻസ് (ആടിക്കൊല്ലി), സെന്റ് മേരീസ് (മുള്ളൻക്കൊല്ല 1), സെന്റ് ജൂഡ്സ് (കുറുമ്പാലക്കോട്ട), സെന്റ് ഫ്രാൻസീസ് അസീസി (വടപുറം, മണിമൂളി), സെന്റ് അൽഫോൻസ (വാളേരി), സെന്റ് സെബാസ്റ്റ്യൻസ് (പോരൂർ), സെന്റ് ജൂഡ്സ് (പനമരം), സെന്റ് ജോർജ്ജ് (കോട്ടത്തറ), സെന്റ് അൽഫോൻസ (ബത്തേരി), മേരിമാതാ (മൂലങ്കാവ്), സെന്റ് തെരേസ (അരുൾനിലയം, ഗൂഡല്ലൂർ), സെന്റ് പോൾ II (തൃക്കൈപ്പറ്റ), സെന്റ് സെബാസ്റ്റ്യൻ (എടപ്പെട്ടി) എന്നീ കോൺഫ്രൻസുകൾക്കുള്ള സർട്ടിഫിക്കറ്റുകൾ റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര വിതരണം ചെയ്തു. ഓസാനാംഭവൻ സെക്രട്ടറി ജോ. സെക്രട്ടറി, ബ്ര.ജോൺ അതിര കുളങ്ങര നന്ദി രേഖപ്പെടുത്തി.

**കലണ്ടർ വിതരണം**

2020-2021 വർഷത്തെ കലണ്ടർ നടവയൽ ആർച്ച് പ്രീസ്റ്റ് റവ. ഫാ. ജോസഫ് മേച്ചേരി പ്രകാശനം നടത്തി. നടവയൽ എ.സി. പ്രസിഡന്റ് ബ്ര.സണ്ണി തോമസ് ആലഞ്ചേരി ഏറ്റുവാങ്ങി. സി.സി. പ്രസിഡന്റ് ബ്ര.ജോർജ്ജ് ആക്കാന്തിരി, ഓസാനാം ഭവൻ സെക്രട്ടറി ബ്ര. വിൻസെന്റ് ജോൺ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

സ്നേഹപൂർവം,

**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**
സി.സി. ആത്മീയ ഉപദേഷ്ടാവ്
**ബ്ര. ജോർജ്ജ് ആക്കാന്തിരി**
സി.സി. പ്രസിഡന്റ്

**സാമ്പത്തിക സഹായം അനുവദിച്ചു**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നവാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ മട്ടിലയം നീർത്തട പ്രദേശങ്ങളിൽ നടപ്പിലാക്കി വരുന്ന കെ. എഫ്. ഡബ്ല്യു സോയിൽ പ്രൊജക്ടിന്റെ ഭാഗമായി 200 കർഷകർക്ക് ജൈവ പച്ചക്കറി കൃഷി ചെയ്യുതിനും 150 കർഷകർക്ക് ജൈവ പുതയിടീൽ നടത്തുന്നതിനും 100 കർഷകർക്ക് വാഴ, കിഴങ്ങുവിളകൾ എന്നിവ കൃഷി ചെയ്യുന്നതിനും സാമ്പത്തിക സഹായം അനുവദിച്ചു. ശുചിത്വ ബോധവത്ക്കരണ ക്യാമ്പയിൻ നടത്തുന്നതിന് അംഗീകാരം ലഭിച്ചു.

നബാർഡ് രാജ്യവ്യാപകമായി നടപ്പിലാക്കി വരുന്ന ശുചിത്വ ബോധവത്ക്കരണ ക്യാമ്പയിൻ വയനാട് ജില്ലയിൽ നടപ്പിലാക്കുന്നതിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് അംഗീകാരം ലഭിച്ചു. രാജ്യത്ത് 2000 പരിപാടികളാണ് നബാർഡ് ലക്ഷ്യം വയ്ക്കുന്നത്. ഇതിൽ കേരള സംസ്ഥാനത്തിന് അനുവദിച്ച 50 പരിപാടികളിൽ 06 എണ്ണം വയനാട് ജില്ലക്ക് ലഭിച്ചു. ഈ ആറു പരിപാടികളും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പൊർലോം നീർത്തട പ്രദേശത്തും കാവിൽപ്പാടം, പാലോട്ട് വാടി പ്രദേശങ്ങളിലും പുൽപ്പള്ളി, കാപ്പിസെറ്റ്, പയ്യമ്പള്ളി എന്നിവിടങ്ങളിലെ സ്വാശ്രയ സംഘങ്ങളിലും ഉള്ള അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് നടപ്പിലാക്കുവാൻ തീരുമാനിച്ചു. ക്യാമ്പയിന്റെ ഭാഗമായി ക്ലാസുകൾ, പ്രദർശനങ്ങൾ, മത്സരങ്ങൾ, സാനിറ്റേഷൻ വസ്തുക്കൾ അടങ്ങിയ കിറ്റുകളുടെ വിതരണം എന്നിവ നടത്തുന്നതാണ്. പരിപാടികളോടനുബന്ധിച്ച് അതാത് പ്രദേശത്ത് ജനപ്രതിനിധികൾക്ക് സ്വീകരണവും നൽകുന്നതാണ്. ക്യാമ്പയിന്റെ വിജയത്തിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ. എന്നിവർ നേതൃത്വം നൽകും.

**DDU-GKY**

കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കേരള കുടുംബശ്രീ മിഷനും ഒന്ന് ചേർന്ന് കൊണ്ട് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ നടത്തിവരുന്ന DDU- GKY കോഴ്സ് Covid19

ലോക്ക് ഡൗണിന് ശേഷം വീണ്ടും നവംബർ 16 ന് ബോയ്സ് ടൗൺ കേന്ദ്രമായി പ്രവർത്തിച്ചു വരുന്ന സെന്ററിൽ ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. അതുപോലെ തന്നെ കാട്ടിക്കുളം, മാനന്തവാടി തുടങ്ങിയ സെന്ററുകളിൽ ഫുഡ് പ്രൊസസ്സിംഗ് പ്രിസർവേഷൻ, ബ്യൂട്ടീഷൻ, ഇലക്ട്രീഷ്യൻ, ഫിറ്റർ ഫാബ്രിക്കേഷൻ തുടങ്ങിയ കോഴ്സുകളും വരുന്ന മാസങ്ങളിൽ ആരംഭിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. കോഴ്സുകളിൽ ചേരുന്നവർക്ക് ഭക്ഷണം, താമസം കൂടാതെ 125 രൂപ ദിവസവും എന്ന നിരക്കിൽ നൽകിവരുന്നു. ഈ ട്രെയിനിംഗുകളോടൊപ്പം കമ്പ്യൂട്ടർ, സ്പോക്കൺ ഇംഗ്ലീഷ്, വ്യക്തിത്വ വികസന ക്ലാസ്സുകൾ എന്നിവയും നൽകിപ്പോരുന്നു. പഠനത്തിനാവശ്യമായ എല്ലാ സാധന സാമഗ്രികളും തികച്ചും ഫ്രീ ആയി നൽകുന്നതോടൊപ്പം വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് 100% ജോലിയും നൽകുന്നു. കേന്ദ്രസർക്കാരിന്റെ അംഗീകാരമുള്ള SSC യുടെ സർട്ടിഫിക്കേഷനും അത് വിജയിക്കുന്നവർക്ക് ജോലിചെയ്യുമ്പോൾ സാലറിക്ക് പുറമെ 3000, 2000, 1000 എന്ന നിരക്കിൽ പ്ലേസ്മെന്റ് സപ്പോർട്ടും നൽകുന്നതാണ്. എല്ലാ കോഴ്സുകൾക്കും SSLC ആണ് അടിസ്ഥാന യോഗ്യത. എല്ലാ കോഴ്സുകളിലേക്കും ഉള്ള അഡ്മിഷൻ ആരംഭിച്ചുകഴിഞ്ഞു. ഏതാനും സീറ്റുകൾ മാത്രം ഒഴിവുണ്ട്. ഈ കോഴ്സുകളിൽ ചേർന്ന് പഠിക്കാൻ ആഗ്രഹിക്കുന്നവർ 7560892324 എന്ന നമ്പറിലോ WSSS ന്റെ ഓഫീസുമായോ ബന്ധപ്പെടുക.

**ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)**

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT (2 years) കോഴ്സിലേക്ക് 2020-2021 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ആരംഭിച്ചിരിക്കുന്നു. കേരള ടെക്നിക്കൽ എഡ്യുക്കേഷന്റെ പി.എസ്.സി. അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. എസ്. എസ്. എൽ. സി. യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645442290, 9544842220 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**ഇ ശക്തി**

സോഷ്യൽ വെൽഫയർ സൊസൈറ്റികളിലെ ഗ്രൂപ്പ് അംഗങ്ങൾ നിലവിൽ നബാർഡിന്റെ കീഴിൽ 'ഇ ശക്തി' എന്ന പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. 600 സംഘങ്ങളാണ് ഇങ്ങനെ ഡിജിറ്റലൈസേഷൻ ചെയ്ത് പ്രവർത്തിച്ച് വരുന്നത്. നവംബർ മാസത്തിൽ 600 സംഘങ്ങളുടെയും വിവരശേഖരണം പൂർത്തിയാക്കാൻ സാധിച്ചു.

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീ

കരണത്തിനും വേണ്ടി പ്രവർത്തിച്ച് വരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

**നിർമ്മാണ തൊഴിലാളി രജിസ്ട്രേഷൻ**

17-12-2020ന് ണടടട ഓഡിറ്റോറിയത്തിൽ വച്ച് നടന്ന നിർമ്മാണ തൊഴിലാളി രജിസ്ട്രേഷനിൽ 66 പേർ അംഗത്വമെടുത്തു.

29-12-2020 ന് കൽപ്പറ്റ ക്ഷേമനിധി ഓഫീസിൽ തുടർന്നും രജിസ്ട്രേഷൻ നടത്തപ്പെടുതാണ്.

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റിന്റെ പെൻഷൻ പദ്ധതിയായ സ്വാവലംബൻ പദ്ധതിയിൽ അംഗത്വമെടുത്തവരുടെ 2020-21 ലെ വിഹിതം സ്വീകരിച്ചു തുടങ്ങി. 2020 ജനുവരി 15 വരെ അംഗങ്ങളുടെ വിഹിതം അടയ്ക്കാൻ സമയപരിധി ഉണ്ട്. ഇതിനോടകം 57 പേർക്ക് 60 വയസ്സ് ആയതിനെ തുടർന്ന് തുക ലഭിക്കുകയുണ്ടായി.

**ജീവസ്**

മാനന്തവാടി രൂപതയുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി നടത്തപ്പെടുന്ന ഒരു കുടുംബാരോഗ്യ പദ്ധതിയാണ് ജീവസ് ഇൻഷൂറൻസ്. ഇതിലൂടെ ഈ വർഷം 827 കുടുംബങ്ങൾക്ക് ആരോഗ്യ പരിരക്ഷ നൽകിവരുന്നു. നവംബർ, ഡിസംബർ മാസങ്ങളിലായി 323500 രൂപ ലഭിച്ചു.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

മാനന്തവാടി, പുൽപ്പള്ളി, കൽപ്പറ്റ റീജിയണുകളിൽ യഥാക്രമം കർമ്മസമിതി, എക്സിക്യൂട്ടീവ് മീറ്റിംഗുകൾ നടത്തി. പിലാക്കാവ്, ചോയിമൂല, തവിഞ്ഞാൽ, മൂളിത്തോട്, വീട്ടിക്കാമൂല, ബാവലി, പുതുശ്ശേരിക്കടവ്, തോൽപ്പെട്ടി എന്നിവിടങ്ങളിൽ സോപ്പ് ആൻഡ് ഡിറ്റർജൻസ് നിർമ്മാണ പരിശീലനം നൽകി. വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിൽ ശിശുദിന ആഘോഷം നടത്തുകയുണ്ടായി. മക്കിയാട്, എടമുണ്ട, കുഞ്ഞോം, നൊച്ചന, കല്ലറ എന്നിവിടങ്ങളിൽ കോളനി സന്ദർശനം നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

മനുഷ്യന്റെയും മണ്ണിന്റെയും ആവാസവ്യവസ്ഥയുടേയും ആരോഗ്യം നിലനിർത്തുന്നതിനായി ജൈവകീടനാശിനികൾ, കംപോസ്റ്റ്, പച്ചില വളങ്ങൾ, ഇടവിള കൃഷി, യാന്ത്രിക നടീൽ തുടങ്ങിയവയെ ആശ്രയിച്ച് രാസവളങ്ങളും, കൃത്രിമ രാസ കീടനാശിനികളും തീർത്തും ഒഴിവാക്കി ചെടിവളർച്ചാ നിയന്ത്രണ വസ്തുക്കൾ, കന്നുകാലി, കോഴി തീറ്റകളിൽ ചേർക്കുന്ന രാസപദാർത്ഥങ്ങൾ ജൈവമാറ്റം വരുത്തിയ വിത്തുകൾ എന്നീ രീതികൾ ഉപയോഗിക്കാതെയും നടത്തപ്പെടുന്ന കൃഷിരീതിയെ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട ജീവിതനിലവാരം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാക്കുന്നതിനുമായി നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയിൽ നവംബർ മാസം വിവിധ പ്രവർത്തനങ്ങൾ നടത്തുവാനും കർഷകരുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാനും സാധിച്ചു.

**ബയോ ഡൈനാമിക് കൃഷി – പരിശീലനം**

ജൈവകൃഷിയിൽ നിന്നും വ്യത്യസ്തമായി, ചെടികളെയും മണ്ണിനെയും വ്യത്യസ്തമായ വളക്കൂട്ടുകളിലൂടെ കൃത്യമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന കൃഷിരീതിയാണ് ബയോഡൈനാമിക് കൃഷി. ഫീൽഡ് കോർഡിനേറ്റർമാരടക്കമുള്ള ടീമിന് നാല് ദിവസത്തെ പരിശീലനം ബയോവിൻ അഗ്രോ റിസേർച്ചിൽ വച്ച് സംഘടിപ്പിച്ചു. നവംബർ 4 മുതൽ 7 വരെ ശ്രീ. അജിത്ത് കുമാർ ആണ് പരിശീലനം നൽകിയത്.

ബയോ ഡൈനാമിക് രീതിയിൽ കൃഷി ചെയ്യുവാനായി തെരഞ്ഞെടുത്ത 255 കർഷകർക്കായി ചേലൂർ, മാനന്തവാടി, മുട്ടിൽ, ബത്തേരി അസംപ്ഷൻ, നെന്മേനി, അമ്പലവയൽ, പാട്ടവയൽ, പടിഞ്ഞാറത്തറ, ചെറുകാട്ടൂർ, കൽപ്പറ്റ, തവിഞ്ഞാൽ, കല്ലോടി, മുള്ളൻകൊല്ലി, കേണിച്ചിറ, ചേരിയംകൊല്ലി, പുൽപ്പള്ളി എന്നിവടങ്ങളിൽ വച്ച് പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചു. ക്ലാസ്സുകളിൽ, ബയോവിൻ അസ്സോസ്സിയേറ്റ് ഡയറക്ടർ ഫാ. ബിനു പൈനുങ്കൽ പങ്കെടുത്തു. ശ്രീ. ഷാജി ജോസ്, ശ്രീ. സെബാസ്റ്റ്യൻ പി.ജെ., ഫീൽഡ് കോർഡിനേറ്റർമാർ എന്നിവർ നേതൃത്വം നൽകി.

**കനേഡിയൻ ഓർഗാനിക് സ്റ്റാൻഡേർഡ് (COS)**

കാനഡയിലേയ്ക്ക് കയറ്റി അയയ്ക്കുന്ന ഉത്പ്പന്നങ്ങൾ കനേഡിയൻ ഓർഗാനിക് സ്റ്റാൻഡേർഡ് അനുസരിച്ച് ഉത്പ്പാദിപ്പിക്കുകയും മൂല്യവർദ്ധനവ് വരുത്തുകയും ചെയ്യണമെന്ന പുതിയ നിയമത്തിന്റെ ഭാഗമായി പുൽപ്പള്ളി, മീനങ്ങാടി, പനമരം, തവിഞ്ഞാൽ എന്നിവടങ്ങളിലെ ഓർഗാനിക് സ്റ്റാറ്റസിലെത്തിയ കർഷകരുൾപ്പെടുന്ന ICS കളിലെ 2500 കർഷകരെ ഉൾപ്പെടുത്തിക്കൊണ്ട് സർട്ടിഫിക്കേഷൻ നടപടികൾ ആരംഭിച്ചു. അഥിതി സർട്ടിഫിക്കേഷൻ ഏജൻസിയാണ് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത്.

**കഫെ, വോഫെ എക്സിക്യൂട്ടീവ് മീറ്റിംഗ്**

കഫെ, വോഫെ എക്സിക്യൂട്ടീവ് മീറ്റിംഗുകൾ നവംബർ രണ്ടാം തീയതി യഥാക്രമം രാവിലെ 10 am നും, ഉച്ചയ്ക്ക് 2 pm നുമായി നടന്നു. വോഫെ എക്സിക്യൂട്ടീവ് മീറ്റിംഗ് ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിലിന്റെ അധ്യക്ഷതയിലും, കഫെ എക്സിക്യൂട്ടീവ് മീറ്റിംഗ് കഫെ ചെയർമാൻ ഫാ. ബിനു പൈനുങ്കലിന്റെ അധ്യക്ഷതയിലുമാണ്. യോഗങ്ങളിൽ കാൻസർ, കിഡ്നി, ഹൃദയ സംബന്ധമായ രോഗങ്ങളുള്ളവരിൽ നിന്നും അപേക്ഷ സ്വീകരിക്കുവാൻ തീരുമാനിച്ചു. ഭവന നിർമ്മാണ/ പുനരുദ്ധാരണത്തിന് സമർപ്പിച്ച അപേക്ഷകൾ പരിശോധിക്കുകയും തെരഞ്ഞെടുത്ത അപേക്ഷകരെ സന്ദർശിച്ചതിനു ശേഷം സാമ്പത്തിക സഹായം നൽകാമെന്നും തീരുമാനിച്ചു.

**വില്ലേജ് ഫാം ക്ലബ്ബ് തെരഞ്ഞെടുപ്പ്**

വോഫെയുടേയും കഫേയുടേയും ബൈലോ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുടെ കാലാവധി 3 വർഷം പൂർത്തീകരിച്ച സാഹചര്യത്തിൽ മുഴുവൻ ഗ്രൂപ്പുകളുടേയും തെരഞ്ഞെടുപ്പ് നവംബർ മുപ്പതിനുള്ളിൽ പൂർത്തീകരിച്ചു. കഫെയിൽ 503 വില്ലേജ് ഫാം ക്ലബ്ബുകളും വോഫെയിൽ 591 വില്ലേജ് ഫാം ക്ലബ്ബുകളുമാണുള്ളത്.

**റീജിണൽ ഫെഡറേഷൻ കമ്മിറ്റി (RFC) തെരഞ്ഞെടുപ്പ്**

2020 നവംബർ മാസം പുൽപ്പള്ളി, മുട്ടിൽ, ബത്തേരി, അമ്പലവയൽ, കോട്ടത്തറ എന്നീ റീജിയനുകളിലെ വോഫെ RFC തെരഞ്ഞെടുപ്പ് നടന്നു. കല്ലോടി, മാനന്തവാടി, പനമരം, ഗൂഡല്ലൂർ റീജിയനുകളിലെയാണ് കഫെ RFC തെരഞ്ഞെടുപ്പ് പൂർത്തീരിച്ചത്. VFC യിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവരുടെ പഞ്ചായത്ത് തലത്തിലുള്ള കൂട്ടായ്മയാണ് റീജിണൽ ഫെഡറേഷൻ കമ്മിറ്റി (RFC) RFC യിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവരാണ് വോഫെയുടെ/ കഫെയുടെ പൊതുയോഗത്തിൽ പങ്കെടുക്കുക.

**മികച്ച ജൈവ കർഷകനുള്ള അവാർഡ്**

മാതൃകാപരമായി ജൈവകൃഷി ചെയ്യുന്ന വോഫെയിൽ അംഗങ്ങളായ മികച്ച 150 കർഷകർക്കും കഫേയിലെ 100 കർഷകർക്കും 10,000/- രൂപ വീതം കാഷ് അവാർഡ് നൽകുവാൻ തീരുമാനിച്ചു.

**ഭവന സന്ദർശനം**

ഭവന നിർമ്മാണ/ പുനരുദ്ധാരണ സാമ്പത്തിക സഹായത്തിനായി ലഭിച്ച അപേക്ഷകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അപേക്ഷകരുടെ വീടുകൾ സന്ദർശിക്കുകയും മുൻഗണനാ പട്ടിക തയ്യാറാക്കുകയും ചെയ്തു. അർഹരായവർക്ക് ഡിസംബർ മാസം മുതൽ സാമ്പത്തികസഹായം വിതരണം ചെയ്യുന്നതാണ്.

**ചികിത്സ സഹായം**

സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള രോഗികൾക്കായി നൽകിവരുന്ന ചികിത്സ സഹായത്തിനായി സമർപ്പിച്ച അപേക്ഷകൾ പരിശോധിക്കുകയും അർഹരായവരുടെ പട്ടിക തയ്യാറാക്കുകയും ചെയ്തു. അർഹരായവർക്ക് ഡിസംബർ മാസം മുതൽ തന്നെ സഹായം വിതരണം ചെയ്യുന്നതാണ്.

VFC ഗ്രാന്റിനായി സമർപ്പിക്കപ്പെട്ട അപേക്ഷകൾ പരിശോധിക്കുകയും ബാങ്ക് അക്കൗണ്ട് രേഖകൾ സമർപ്പിച്ച ഗ്രൂപ്പുകൾക്ക് 5000/ രൂപ വീതം വിതരണം ആരംഭിച്ചു. അല്ലാത്ത ഗ്രൂപ്പുകൾക്ക് ജനുവരി 15ന് മുൻപായി അക്കൗണ്ട് രേഖകൾ സമർപ്പിക്കുകയാണെങ്കിൽ തുക വിതരണം ചെയ്യുന്നതായിരിക്കും.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ നവംബർ മാസത്തിലും കാപ്പി, കുരുമുളക്, ഇഞ്ചി, വാഴപ്പഴം തുടങ്ങിയവ സംസ്കരിക്കുകയും മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികളിലേയ്ക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**

ചെയർമാൻ, ബയോവിൻ അഗ്രോറിസേർച്ച്

**മാനന്തവാടി അംബേദ്കർ മാധ്യമ പുരസ്കാരം തുടർച്ചയായ മൂന്നാം വർഷവും റേഡിയോ മാറ്റൊലിക്ക്**

കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിക്ക് വീണ്ടും അംബേദ്കർ മാധ്യമപുരസ്കാരം ലഭിച്ചു. പട്ടികജാതി – പട്ടിക വർഗ്ഗക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾക്ക് നൽകുന്ന പുരസ്കാരം തുടർച്ചയായ മൂന്നാം വർഷമാണ് മാറ്റൊലിയെതേടിയെത്തുന്നത്. ആദിവാസി ഭാഷയിൽ തന്നെ അവതരിപ്പിക്കുന്ന തുടിച്ചെത്തം പരിപാടിയിലൂടെ പ്രക്ഷേപണം ചെയ്ത പക്ഷിപ്പനി, കുരങ്ങുപനി എന്നിവയെക്കുറിച്ചുള്ള റിപ്പോർട്ടിനാണ് പുരസ്കാരം ലഭിച്ചത്. അമൃത കെ.യാണ് പുരസ്കാരർഹമായ റിപ്പോർട്ട് തയ്യാറാക്കിയത്. സംസ്ഥാന പട്ടിക ജാതി പട്ടിക വർഗ്ഗവികസന വകുപ്പാണ് പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. തിരുവനന്തപുരത്ത് പിആർ ഡി ഡയറക്ടർ എസ് ഹരികിഷോർ ഐ. എ. എസ്. ചെയർമാനും ടി. ചാമിയാർ മുൻ ഡയറക്ടർ ദൂരദർശൻ, ഋഷി കെ. മനോജ് ഡയറക്ടർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ജേണലിസം, ജേക്കബ് ജോർജ്ജ് സീനിയർ ജേണലിസ്റ്റ്, എം. സരിത വർമ്മ സീനിയർ ജേണലിസ്റ്റ് എന്നിവർ അംഗങ്ങളുമായുള്ള ജൂറിയാണ് ആണ് പുരസ്കാരം പ്രഖ്യാപിച്ചത്. 15,000രൂപയും പ്രശസ്തി പത്രവുമാണ് ശ്രാവ്യ മാധ്യമ വിഭാഗത്തിലെ പുരസ്കാര ജേതാവിന് ലഭിക്കുക.

**തത്സമയ ഫോൺ ഇൻ പരിപാടി**

പ്രഗത്ഭ ന്യായാധിപനും മന്ത്രിയുമായിരുന്ന ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെ ജന്മദിനമായ നവംബർ 15 മുതൽ അദ്ദേഹത്തിന്റെ ചരമദിനമായ ഡിസംബർ നാല് വരെ പ്രൊബേഷൻ വാരമായി സാമൂഹ്യ നീതി വകുപ്പ് ആഘോഷിക്കുന്നതിന്റെ ഭാഗമായി റേഡിയോ മാറ്റൊലി ഡിസംബർ 1 ന് 3 മണി മുതൽ 4 വരെ സാമൂഹ്യ നീതി വകുപ്പിന്റെ വിവിധ പദ്ധതികൾ എന്ന വിഷയത്തിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ജില്ലാ പ്രൊബേഷൻ ഓഫീസർ അഷ്റഫ് കാവിൽ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി പറഞ്ഞു. നബാർഡിന്റെ സാമ്പത്തിക സാക്ഷരതാ പ്രോഗ്രാമിന്റെ ഭാഗമായി റേഡിയോ മാറ്റൊലിയിൽ ഡിസംബർ 2 ന് 3 മണി മുതൽ 4 വരെ തത്സമയ ഫോൺ പരിപാടിസംഘടിപ്പിച്ചു. മാനന്തവാടി ബ്ളോക്ക് ഫിനാൻഷ്യൽ ലിറ്ററസി കൗൺസിലർ എം. സുധാകരൻ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി പറഞ്ഞു. നബാർഡ് വിമൻസെൽഫ്

ഹെൽപ് ഗ്രൂപ്പിന്റെ സാമ്പത്തിക സഹായത്തോടെ പ്രക്ഷേപണം ചെയ്യുന്ന താങ്ങും തണലും എന്ന സാമ്പത്തിക സാക്ഷരതാ പരിപാടിയുടെ ഭാഗമായാണ് തത്സമയഫോണിൻ പരിപാടി സംഘടിപ്പിച്ചത്. തുടരാം ജാഗ്രത എന്ന പേരിൽ ഡിസംബർ 7 ന് 3 മണി മുതൽ 4 വരെ നടത്തിയ തത്സമയ ഫോൺ ഇൻ പരിപാടിയിൽ ജില്ലാ ഇൻഫർമേഷൻ ഇൻ ചാർജ്ജ് ഡോ. ജി. ആർ. സന്തോഷ് കുമാർ, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ബി അഭിലാഷ് എന്നിവർ പങ്കെടുത്തു. Internews , Data LEADS എന്നിവ Google ന്റെ സഹകരണത്തോടെ SMART ന്റെ ആഭിമുഖ്യത്തിൽ കമ്മ്യൂണിറ്റി റേഡിയോകൾക്കു വേണ്ടി നടത്തുന്ന മാധ്യമ സാക്ഷരതയുടെ ഭാഗമായി ഫാക്ട് ശാല ട്രെയിനിംഗ് സംഘടിപ്പിച്ചു. ഡിസംബർ 13 ന് റേഡിയോ മാറ്റൊലി കോൺഫറൻസ് ഹാളിൽ വെച്ച് നടത്തിയ ട്രെയിനിംഗിൽ 45 പേർ പങ്കെടുത്തു. ഫാ. ബിവാൾഡിൻ തേവർക്കുന്നേൽ ക്ലാസ് എടുത്തു. ശ്രീ. കെ.സി. ജോർജ്ജ് (Joint director, Ministry of Woman and Child Welfare, Govt. of India) മാറ്റൊലിയിൽ സന്ദർശനം നടത്തി.

**വികാസ് പീഡിയ വെബിനാർ.**

വികാസ് പീഡിയയുടെ ആഭിമുഖ്യത്തിൽ നവംബർ 27 ന് വെബിനാർ നടത്തി. സി-ഡാക് ഹൈദരബാദിന്റെയും അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രത്തിന്റേയും ആഭിമുഖ്യത്തിൽ ആയിരുന്നു വെബിനാർ.

**ലെറ്റ്സ് ഫുട്ബോൾ**

ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ മത്സരത്തോടനുബന്ധിച്ച് ലെറ്റ്സ് ഫുട്ബോൾ എന്ന പേരിൽ പ്രത്യേക പരിപാടി ആരംഭിച്ചു.

**ജനവിധി 2020**

തദ്ദേശ തിരഞ്ഞിടുപ്പിനോടനുബന്ധിച്ച് ജനവിധി 2020 എന്ന പേരിൽ ഒരുമാസം പഞ്ചായത്തുകളും വികസനപ്രവർത്തനങ്ങളും പ്രതീക്ഷകളും വിലയിരുത്തലുകളും ഉൾക്കൊള്ളിച്ചുകൊണ്ട് പ്രോഗ്രാം പ്രക്ഷേപണം ചെയ്തു. വോട്ടെണ്ണൽ ദിവസം ഫലപ്രഖ്യാപനങ്ങൾ തത്സമയം ജനങ്ങളിലെ ത്തിക്കുന്നതിനും റേഡിയോ മാറ്റൊലിക്ക് കഴിഞ്ഞു. അതോടൊപ്പം തത്സമയ വിവരങ്ങൾ മാറ്റൊലി ന്യൂസ് വെബ് പോർട്ടൽ വഴിയും ജനങ്ങളിലെത്തിച്ചു. കരുതാം നാളേയ്ക്കായ് ദേശീയ ഊർജ്ജസംരക്ഷണ ദിനത്തോടനുബന്ധിച്ച് കരുതാം നാളേയ്ക്കായ് എന്നപേരിൽ ഡിസംബർ 14 ന് എനർജി മാനേജ്മെന്റ് സെന്റർ പബ്ളിക് റിലേഷൻസ് ഓഫീസർ ബീന ടി. എ. യുടെ പ്രഭാഷണം പ്രക്ഷേപണം ചെയ്തു.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

**നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ 2020 നവംബർ, ഡിസംബർ മാസങ്ങളിലെ പ്രവർത്തന റിപ്പോർട്ട്**

സാമൂഹികവും, സാംസ്കാരികവും, സാമ്പത്തികവുമായ അന്ധകാരത്തിൽനിന്നും ആളുകളുടെ ജീവിതത്തെ പ്രകാശത്തിലേക്ക് നയിക്കുവാനുതകുന്ന തരത്തിൽ സാമൂഹികക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശപകരുവാനും നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തതയും തനിമയുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

**മേഖലാ ഇവാലുവേഷൻ മീറ്റിംഗ്**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ഡിസംബർ മാസത്തെ മേഖലാ ഇവാലുവേഷൻ മീറ്റിംഗ് 12.12.2020 ശനിയാഴ്ച്ച NDS ഓഫീസിൽവെച്ച് നടത്തപ്പെട്ടു. NDS ഡയറക്ടറർ ഫാ. ബിനോയി കാശാംകുറ്റിയിൽ മീറ്റിംഗിന് അദ്ധ്യക്ഷത വഹിച്ചു. ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിന് ശ്രീ. ജൂഡ് മാർട്ടിൻ സ്വാഗതം ആശംസിച്ചു. മേഖലാ കോഡിനേറ്റർ ശ്രീ. ജോഷി ടി. പി മേഖലയുടെ റിപ്പോർട്ടും മൊത്തം യൂണിറ്റുകളിലെയും ക്രഡിറ്റ് യൂണിയന്റെയും, സ്വാശ്രയസംഘങ്ങളുടെയും കണക്കുകൾ അവതരിപ്പിച്ചു. തുടർന്ന് തമിഴ്നാട് മഹളിർതിട്ടത്തിന്റെ ഓവാലി, ദേവർഷോല പഞ്ചായത്തുകളുടെ കോഡിനേറ്റർ ശ്രീമതി സുഗന്ധി മഹളിർതിട്ടത്തെക്കുറിച്ചും, അതിന്റെ സംവിധാനം, പ്രവർത്തനം, ഘടന എന്നിവയെകുറിച്ചും അംഗങ്ങൾക്ക് ക്ലാസ് എടുക്കുകയും അവരുടെ സംശയങ്ങൾക്ക് മറുപടി പറയുകയും ചെയ്തു. തുടർന്ന് അരുൾനിലയം, ആറാട്ടുപാറ, ബോസ്പാറ, ധർമ്മഗിരി, കയ്യൂന്നി, കൽപ്ര, കുന്നലാടി, മൺവയൽ, വിമലഗിരി യൂണിറ്റുകളുടെ പ്രവർത്തന റിപ്പോർട്ടും കണക്കും അതാത് യൂണിറ്റ് ഭാരവാഹികൾ അവതരിപ്പിക്കുകയും ഡയറക്ടറച്ചൻ യൂണിറ്റുകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തി സംസാരിക്കുകയും, യൂണിറ്റുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കൽപ്ര യൂണിറ്റ് കോഡിനേറ്റർ ശ്രീമതി ലൂസി ആന്റണി മീറ്റിംഗിന് നന്ദി പറഞ്ഞു.

ക്രിസ്തുമസ് ആഘോഷങ്ങളുടെ ഭാഗമായി കേക്ക് മുറിച്ച് ഏവർക്കും വിതരണം ചെയ്തു.

**വിവിധ യൂണിറ്റുകളുടെ ഇവാലുവേഷൻ മീറ്റിംഗ്**

28.11.2020 ന് രാവിലെ 10 മണിക്ക് കൽപ്ര യൂണിറ്റിലും, ഉച്ചകഴിഞ്ഞ് 3 മണിക്ക് കയ്യൂന്നി യൂണിറ്റിലും വെച്ച് നടത്തപ്പെട്ട യൂണിറ്റ് ഇവാലുവേഷൻ മീറ്റിംഗുകളിൽ NDS മേഖലാ കോഡിനേറ്റർ ശ്രീ. ജോഷി ടി. പി പങ്കെടുത്തു. കൽപ്ര യൂണിറ്റ് ഇവാലുവേഷൻ മീറ്റിംഗിന് യൂണിറ്റ് ഡയറക്ടർ ബഹു. അഗസ്റ്റ്യൻ താന്നിയിൽ അച്ചൻ നേതൃത്വം നല്കി. യൂണിറ്റ് പ്രസിഡണ്ട് ശ്രീ. ജോസ് കളപ്പുരയ്ക്കൽ സ്വാഗതവും, യൂണിറ്റ് കോഡിനേറ്റർ ശ്രീമതി ലൂസി നന്ദിയും പറഞ്ഞു. യൂണിറ്റ് ആനിമേറ്റർ സിസ്റ്റർ ജാൻസിപോൾ S.H തന്റെ സാന്നിധ്യം അറിയിച്ചു. ഗ്രൂപ്പുകളുടെ ഭാരവാഹികളും അവരുടെ ഗ്രൂപ്പ് റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും മേഖലാ കോഡിനേറ്റർ റിപ്പോർട്ടുകളെയും പ്രവർത്തനങ്ങളെയും വിലയിരുത്തി സംസാരിക്കുകയും, മികച്ച പ്രവർത്തനം കാഴ്ച്ചവയ്ക്കുന്ന കൽപ്ര യൂണിറ്റിന് മേഖലയുടെ അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു. കയ്യൂന്നി യൂണിറ്റ് ഇവാലുവേഷൻ മീറ്റിംഗിന് യൂണിറ്റ് പ്രസിഡണ്ട് ശ്രീ. വർഗീസ് പാലാ ക്കുഴി നേതൃത്വം നല്കി. അദ്ദേഹം ഏവർക്കും സ്വാഗതം ആശംസിച്ചു. 12 ഗ്രൂപ്പുകളിൽ 7 ഗ്രൂപ്പുകൾ റിപ്പോർട്ട് അവതരിപ്പിച്ചു. മേഖലാ കോഡിനേറ്റർ റിപ്പോർട്ടുകളെയും പ്രവർത്തനങ്ങളെയും വിലയിരുത്തി സംസാരിക്കുകയും പോരായ്മകൾ ചൂണ്ടികാണിക്കുകയും ചെയ്തു. യൂണിറ്റ് സെക്രട്ടി ശ്രീമതി സാലി കുര്യൻ മീറ്റിംഗിന് നന്ദി പറഞ്ഞു.

01.12.2020 ന് ബോസ്പാറ യൂണിറ്റിൽ നടന്ന ഇവാലുവേഷൻ മീറ്റിംഗിന് യൂണിറ്റ് പ്രസിഡണ്ട് കുമാരി സാന്ദ്ര അദ്ധ്യക്ഷത വഹിച്ചു. യൂണിറ്റ് ആനിമേറ്റർ സി. ഫൗസ്റ്റ സി.എം.സി ഏവർക്കും സ്വാഗതം ആശംസിച്ചു. 8 ഗ്രൂപ്പുകൾ അവരുടെ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. മേഖലാ കോഡിനേറ്റർ റിപ്പോർട്ടുകളെയും പ്രവർത്തനങ്ങളെയും വിലയിരുത്തി സംസാരിക്കുകയും യൂണിറ്റിന്റെ മികച്ച പ്രവർത്തനങ്ങൾക്ക് അഭിനന്ദങ്ങൾ അറിയിക്കുകയും ചെയ്തു. യൂണിറ്റ് സെക്രട്ടറി ശ്രീമതി സെലിൻ പള്ളിക്കാമഠം ഏവർക്കും നന്ദിപറഞ്ഞു.

**യൂണിറ്റുകളുടെ ഓഡിറ്റിംഗ്**

NDS കുന്നലാടി യൂണിറ്റിലെ ഒരു സ്വാശ്രയസംഘത്തിന്റെ ഓഡിറ്റിംഗ് 28.11.2020 നും ബോസ്പാറ യൂണിറ്റിലെ 6 സ്വാശ്രയ സംഘങ്ങളുടെ ഓഡിറ്റിംഗ് 01.12.2020 നും മേഖലാ കോഡിനേറ്ററിന്റെ നേതൃത്വത്തിൽ നടത്തുകയും ആവശ്യമായ തിരുത്തലുകളും, നിർദ്ദേശങ്ങളും നല്കുകയും ചെയ്തു.

**CEI പ്രോജക്ട് : പശുലോൺ തിരിച്ചടവ്**

CEI പ്രോജക്ടിലൂടെ ഓഗസ്റ്റ്, സെപ്റ്റംമ്പർ മാസങ്ങളിലായി വിതരണം ചെയ്ത 89 പശു ലോണുകളുടെ മൂന്നാംഘട്ട തിരിച്ചടവ് മുതലായി 1,67,000.00 (ഒരുലക്ഷത്തി അറുപത്തിയേഴായിരം രൂപ) സമാഹരിച്ചു.

**അജമാംസ രസായന വിതരണം**

സമൂഹത്തിൽ ശാരീരിക അവശത അനുഭവിക്കുന്ന ആളുകളെ കണ്ടെത്തുന്നതിനും, ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖം അവർക്ക് കാണിച്ചുകൊടുക്കുന്നതിനുമായി നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ 70 കിലോ അജമാംസ രസായനം സൗജന്യമായി NDS യൂണിറ്റുകൾക്ക് മേഖലാ ഡയറക്ടർ ബഹു. ബിനോയി കാശാംകുറ്റിയിൽ അച്ചന്റെയും മേഖലാ കോഡിനേറ്ററുടെയും നേതൃത്വത്തിൽ എത്തിച്ച് നല്കി.

**ഡിസംബർ 3 : ലോക ഭിന്നശേഷി ദിനാചരണം**

ലോക ഭിന്നശേഷി ദിനമായ ഡിസംബർ 3 ന് നീലഗിരി ഡെവലപ്പ്മെന്റ്സൊസൈറ്റിയുടെ നേതൃത്വത്തിൽ വിമലഗിരി യൂണിറ്റിൽ വെച്ച് ഭിന്നശേഷിക്കാരായ ആളുകളുടെ ഗ്രൂപ്പിന്റെ മീറ്റിംഗും, കോവിഡ്-19 പ്രതിരോധ ആയുർവേദ മരുന്നിന്റെ വിതരണവും നടത്തി. മീറ്റിംഗിന് NDS വിമലഗിരി യൂണിറ്റ് പ്രസിഡണ്ട് ശ്രീ. ജോർജ് കെ. വി, സെക്രട്ടറി ശ്രീ. വിൽസൺ, ഉദയം സ്വാശ്രയസംഘം പ്രസിഡണ്ട് ശ്രീമതി ജിലുമോൾ, സെക്രട്ടറി ശ്രീദേവി, NDS റീജിയണൽ കോഡിനേറ്റർ ശ്രീ. ജോഷി ടി.പി എന്നിവർ നേതൃത്വം നല്കി. മൗനപ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിന് വിമലഗിരി യൂണിറ്റ് പ്രസിഡണ്ട് ശ്രീ. ജോർജ് സ്വാഗതം ആശംസിച്ചു. NDS ന്റെ മുഖ്യ പരിശീലകൻ ശ്രീ. ജൂഡ് മാർട്ടിൻ ക്ലാസ് നയിച്ചു. ഭിന്നശേഷിക്കാരുടെ ജില്ലാകോഡിനേറ്റർ ശിവനേശൻ, NDS കോഡിനേറ്റർ എന്നിവർ സംസാരിച്ചു. ഉദയം സ്വാശ്രയസംഘം സെക്രട്ടറി ശ്രീമതി ശ്രീദേവി ഏവർക്കും നന്ദിപറഞ്ഞു. ദേശീയഗാനത്തോടെ മീറ്റിംഗ് അവസാനിപ്പിച്ചു.

NDS ന്റെ വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിൽ ലോക ഭിന്നശേഷി ദിനാചരണം നടത്തി. യൂണിറ്റുകൾ ഭാരവാഹികളുടെ നേതൃത്വത്തിൽ അത്തരം ആളുകളെ സന്ദർശിക്കുകയും അവർക്ക് കോവിഡ് -19 പ്രതിരോധ മരുന്ന് വിതരണം ചെയ്യുകയും അവരുടെ വിവരശേഖരണം നടത്തുകയും ചെയ്തു.

**KAFFEE യുടെ Regional മീറ്റിംഗ്**

27.11.2020 ന് NDS ഓഫീസിൽ വെച്ച് KAFFE യുടെ Regional മീറ്റിംഗ് നടത്തി. മീറ്റിംഗിന് AEO ശ്രീമതി റ്റിന്റു ജോസ് സ്വാഗതം ആശംസിച്ചു. ശ്രീമധുര, ഓവാലി, ഗൂഡല്ലൂർ, ദേവർഷോല പഞ്ചായ ത്തുകളിലെ RFC കളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട 40 ഓളം ലീഡർമാർ മീറ്റിംഗിൽ പങ്കെടുത്തു. മീറ്റിംഗിന് ബയോവിൻ ഡയറക്ടർ ബഹു. ഫാ. ജോൺ ചൂരപ്പുഴ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് KAFFE യുടെ പ്രവർ ത്തനങ്ങൾ, സംഘടനാ സംവിധാനം, ഘടന എന്നിവയെകുറിച്ച് കോഡിനേറ്റർ ശ്രീ. ബിബിൻ ജോയ് വിശദീകരിച്ചു. അതേതുടർന്ന് 2020 –23 വർഷത്തെ RFC തിരഞ്ഞെടുപ്പ് നടത്തി.

**ആറാട്ടുപാറ യൂണിറ്റ്–ട്രൈബൽ ഗ്രൂപ്പുകളുടെ സന്ദർശനവും ക്രിസ്തുമസ് ആഘോഷവും**

13.12.2020 ന് NDS ആറാട്ടുപാറ യൂണിറ്റ് ഡയറക്ടർ ബഹു. ബിനോയികാശാംകുറ്റിയിൽ അച്ചന്റെയും, പ്രസിഡണ്ട് ശ്രീ. ആന്റണി നായ്പുരയിടത്തിൽ, സെക്രട്ടറി ശ്രീ. ഷാജി കടൂത്താഴെ, ശ്രീ. ഓനച്ചൻ എന്നിവരുടെയും നേതൃത്വത്തിൽ ആറാട്ടുപാറ യൂണിറ്റിലെ മുള്ളു കുറുമർ ട്രൈബൽ ഗ്രൂപ്പുകളെ സന്ദർശിക്കുകയും ക്രിസ്തുമസ് ആഘോഷം നടത്തുകയും ചെയ്തു.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**

ഡയറക്ടർ, NDS Gudalur

**1. കർഷക പ്രക്ഷോഭത്തിന് ഐക്യദാർഢ്യം**

കർഷകസമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടു തിരുവനന്തപുരം സെക്രട്ടറിയേറ്റിനു മുമ്പിൽ നടന്ന കർഷകജ്വാല സമരത്തിന്റെ ഭാഗമായി വിവിധ ഇടവകകളിൽ കർഷകജ്വാല സംഘടിപ്പിക്കുകയുണ്ടായി. നേതൃത്വം നൽകിയ ബഹു. വികാരി അച്ചന്മാർക്കും രൂപത - ഫൊറോന- യൂണിറ്റ് ഭാരവാഹികൾക്ക് അഭിനന്ദനങ്ങളും നന്ദിയും.

**2. രൂപത പ്രവർത്തക സമിതിയോഗം**

രൂപത പ്രവർത്തക സമിതി രൂപത ഓഫീസിൽ ചേർന്നു. ത്രിതല പഞ്ചായത്തു തെരഞ്ഞെടുപ്പിൽ വിജയിച്ച കത്തോലിക്ക കോൺഗ്രസ് അംഗങ്ങളെ അനുമോദിച്ചു. കർഷക പ്രക്ഷോഭങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. കേരളത്തിലെ വനമേഖല വിസ്തൃതി കൂട്ടി ജനങ്ങളെ ദുരിതത്തിലാക്കുന്ന ബഫർ സോൺ പ്രഖ്യാപനത്തിനെതിരെ ശക്തമായ പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിക്കാനും യോഗം തീരുമാനിച്ചു. വന്യമൃഗശല്യത്തിന് ശാശ്വത പരിഹാരം കാണണമെന്ന ആവശ്യം മുൻനിറുത്തി സമരപരിപാടികൾക്ക് നേതൃത്വം നൽകാനും തീരുമാനിച്ചു.

**3. ന്യൂനപക്ഷ അവകാശ സംരക്ഷണം**

ന്യൂനപക്ഷ അവകാശങ്ങൾക്കുവേണ്ടി കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി നടത്തുന്ന പ്രവർത്തനങ്ങളോട് സഹകരിച്ച് ന്യൂനപക്ഷ അവകാശങ്ങൾ പൂർണ്ണമായും നേടുന്നതിന് ഓരോ ഇടവകയിലും ജാഗ്രത സമിതി രൂപീകരിക്കാനും തീരുമാനിച്ചു.

**4. WINFARM**

കൽപ്പറ്റ എടപ്പെട്ടി കേന്ദ്രീകരിച്ച് രൂപീകൃതമാകുന്ന ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയെക്കുറിച്ച് രൂപത ട്രഷറർ ശ്രീ. ജോർജ്ജുകുട്ടി വിലങ്ങപ്പാറ രൂപത പ്രവർത്തക സമിതിയിൽ വിശദീകരിച്ചു

**5. ബീന ജോസ് കരിമാൻകുന്നേലിന് അഭിനന്ദനങ്ങൾ**

കത്തോലിക്ക കോൺഗ്രസ് രൂപത വർക്കിങ്ങ് കമ്മിറ്റി അംഗമായ ബീന ജോസ് വയനാട് ജില്ലാ പഞ്ചായത്ത് അംഗമായി തിരഞ്ഞെടുക്കപ്പെട്ടു. രൂപത സമിതി യോഗത്തിൽ സ്വീകരണവും അഭിനന്ദനങ്ങളും അറിയിച്ചു.

**6. തിരഞ്ഞെടുപ്പ്**

കത്തോലിക്കാ കോൺഗ്രസ് ഇടവക - ഫൊറോന - രൂപതാതല ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനായി യൂണിറ്റ്തല പ്രവർത്തന ങ്ങൾ ആരംഭിക്കുന്നതിന് വേണ്ട നിർദ്ദേങ്ങൾ ബഹു. വികാരി അച്ചന്മാർ വഴി എല്ലാ യൂണിറ്റുകളിലും എത്തിക്കാൻ തീരുമാനിച്ചു.

രൂപതാ ജനറൽ സെക്രട്ടറി
**വർക്കി നിരപ്പേൽ**

**November - December 2019**

1. Examination: Second Semester P.G. examinations for MSc Computer Science and M Sc Mathematics were conducted from 16/11/2020 to 30/11/2020

2. Dept. of Computer Science Organized Webinar on

a) Footsteps of MOBILE App Development (17th November 2020) and b) Behind the Scene: The Creation of Application (18th November 2020)

3. Dr Maria Martin Joseph

Attended a National Level Faculty Development Programme on "SKILLS FOR NEXT GENERATION TEACHERS" under the scheme of PMMMNMTT.It was a 7 day inter-disciplinary FDP from 1st to 7th December 2020 and was organized by Vimala College, Thrissur in association with GAD-TLC, MHRD & Jean Monnet Module, Centre for European Studies, Jawaharlal Nehru University, Delhi

4. Mr.Bibin Jose

a) Attended an International webinar on "Next Generation Computing Paradigms" organized by Department of Information Technology, School of Information Science and Technology, Kannur University on 25/11/2020

b) Attended One-week online Faculty Development Program (FDP) on Higher Education Road Ahead Developing Next Generation Academic Leaders organized by Department of Commerce & IQAC Sri Venkateswara College (University of Delhi) in collaboration with Teaching Learning Centre (TLC) Ramanujan College (University of Delhi) (25/11/2020 to 01/12/2020)

5. Mr. Regi Francis

a) Participated in a webinar on "Management Principles: Indian,US and Japanese Recipes, A Warp Up" on 30/11/2020.

b) Participated a National Webinar on Demystifying Dalal Street (DDS) - Unveiling Stock Market Meat and Potatoes on 5/12/2020

6. Mrs. Rajitha Xavior

a) Participated in a webinar series on "Overview of IND AS and Accounting Standards" on 17th,18th and 19th November 2020.

b) Participated a National Webinar on Demystifying Dalal Street (DDS) - Unveiling Stock Market Meat and Potatoes on 5/12/2020

7. Dr.Ramya Krishnan M

Participated in the webinar series on "OVERVIEW OF IND AS AND ACCOUNTING STANDARDS" jointly organized by ICAI Ernakulam Branch, Department of Commerce, IQAC Nirmalagiri College Kuthuparamba on 17th, 18th and 19th November 2020

**Dr Maria Martin Joseph**
Principal

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി HST, UPST, LPST എന്നീ വിഭാഗങ്ങളിൽ അദ്ധ്യാപക നിയമനങ്ങൾക്കായുള്ള പുതിയ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**നിബന്ധനകൾ**

1. മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്ക് കീഴിൽ പ്രവർത്തിക്കുന്ന എയ്ഡഡ് വിദ്യാലയങ്ങളിലെ LP, UP, HS എന്നീ വിഭാഗങ്ങളിൽ അദ്ധ്യാപക ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനായി 2017 -ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലാവധി 2020 ജൂണിൽ അവസാനിക്കേണ്ടതായിരുന്നെങ്കിലും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ നിയമനങ്ങൾ നടക്കാത്തതിനാൽ 2021 വരെ പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ചു. ഈ കാലപരിധിയിൽ സർക്കാർ നിശ്ചയിക്കുന്ന പ്രായപരിധി കവിഞ്ഞിട്ടുണ്ടെങ്കിൽ നിയമന സാധ്യത ഉണ്ടായിരിക്കുന്നതല്ല. നിലവിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെയും മുൻ വർഷങ്ങളിൽ നിയമനം നൽകിയിട്ടും തസ്തിക നഷ്ടം മൂലം ജോലി നഷ്ടപ്പെട്ടവരെയും പുതുതായി ഒഴിവുകളുണ്ടാകുന്ന ക്രമത്തിൽ നിയമനം നൽകിയതിന് ശേഷം മാത്രമേ പുതിയ റാങ്ക് ലിസ്റ്റിൽ നിന്നുള്ളവരെ പരിഗണിക്കുകയുള്ളു.

2. സർക്കാർ നിശ്ചയിക്കുന്ന അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ള മാനന്തവാടി രൂപത പരിധിക്കുള്ളിൽ താമസിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് 01-01-2021 മുതൽ 28-02-2021 വരെ കോർപ്പറേറ്റ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യാം. അപേക്ഷാഫോറം www.ceadom.com എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. അപേക്ഷാഫോറം കോർപ്പറേറ്റ് ഓഫീസിൽ നിന്ന് നേരിട്ടും ലഭ്യമാണ്.

3. പൂരിപ്പിച്ച അപേക്ഷഫോറം തിരികെ നൽകുമ്പോൾ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകൾ, വികാരിയച്ചനിൽ നിന്നും ഉദ്യോഗാർത്ഥിയുടെ സ്വഭാവ സർട്ടിഫിക്കറ്റ്, വിശ്വാസ പരിശീലന പരീക്ഷയുടെ സർട്ടിഫിക്കറ്റുകൾ, മാനദണ്ഡമനുസരിച്ചുള്ള ഗ്രേസ്

മാർക്കിന് അർഹമായ സർട്ടിഫിക്കറ്റുകൾ എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്. പൂർണ്ണമല്ലാത്തതും തെറ്റായ വിവരങ്ങൾ നൽകുന്നതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

4. അദ്ധ്യാപക നിയമനത്തിന് KTET/SET/ NET എന്നീ യോഗ്യത പരീക്ഷകളുടെ സർട്ടിഫിക്കറ്റുകൾ നിർബന്ധമാണ്. എന്നിരുന്നാലും, KTET/SET/NET എന്നീ യോഗ്യത പരീക്ഷകളിൽ വിജയിക്കാത്തവർക്കും രജിസ്റ്റർ ചെയ്യാവുന്നതാണ്. നിയമനത്തിന് മുൻപ് യോഗ്യത പരീക്ഷകൾ വിജയിച്ചിരിക്കണം. നിയമനത്തിന് മുൻപ് യോഗ്യത പരീക്ഷ വിജയിച്ചിട്ടില്ലെങ്കിൽ സീനിയോരിറ്റി മറികടന്ന് റാങ്ക് ലിസ്റ്റിൽ, യോഗ്യത പരീക്ഷ പാസ്സായ അടുത്ത ഉദ്യോഗാർത്ഥിയെ നിയമിക്കുന്നതാണ്. യോഗ്യത നേടുന്നതിനനുസരിച്ച് പിന്നീട് നിയമനത്തിന് സീനിയോരിറ്റി നിലനിൽക്കുന്നതാണ്.

5. മാനന്തവാടി രൂപതാംഗങ്ങളായ ഉദ്യോഗാർത്ഥികൾ വിശ്വാസ പരിശീലനത്തിന്റെ പന്ത്രണ്ടാം ക്ലാസ് ജയിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. എന്നാൽ, 2004-05 അദ്ധ്യയന വർഷത്തിലോ അതിന് മുൻപോ വിശ്വാസപരിശീലനത്തിൽ പത്താം ക്ലാസ് ജയിച്ചവരാണെങ്കിൽ, വികാരിയച്ചന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇങ്ങനെ അപേക്ഷ സമർപ്പിക്കുന്നവർ തിരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളും പൂർത്തിയാക്കി റാങ്ക് ലിസ്റ്റിൽ ഇടം നേടിയാലും Plus Two തത്തുല്ല്യ പരീക്ഷ വിജയിച്ച് സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രമേ നിയമനത്തിന് പരിഗണിക്കപ്പെടുകയുള്ളു. വിശ്വാസപരിശീലനത്തിന്റെ DCC/HDC/ATC/ദൈവശാസ്ത്രബിരുദം/ ഡിപ്ലോമ എന്നീ കോഴ്സുകൾ പൂർത്തീകരിച്ചവർ സർട്ടിഫിക്കറ്റിന്റെ കോപ്പി അപേക്ഷയോടൊപ്പം സമർപ്പിക്കണം.

6. റാങ്ക് ലിസ്റ്റിന്റെ കാലാവധി പ്രസിദ്ധീകരണതീയതി മുതൽ മൂന്ന് വർഷമായിരിക്കും. എന്നാൽ, പ്രത്യേക സാഹചര്യങ്ങളിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കാനും, കുറയ്ക്കാനുമുള്ള അധികാരം മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ബോർഡിൽ നിക്ഷിപ്തമാണ്. പുതിയ റാങ്ക് ലിസ്റ്റ് 2021 ജൂൺ 30 ന് പ്രസിദ്ധീകരിക്കുന്നതാണ്.

7. റാങ്ക് ലിസ്റ്റ് രൂപീകരണവുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും - www.ceadom.com, www.ceadom.in എന്നീ വെബ്സൈറ്റുകളിലും Corporate Educational Agency, Diocese of Mananthavady എന്ന ഫെയ്സ്ബുക്ക് പേജിലും, മാനന്തവാടി രൂപതയുടെ ജനുവരി മാസത്തെ

ബുള്ളറ്റിനിലും, രൂപതയുടെ കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫീസിൽ നിന്ന് നേരിട്ടും ലഭ്യമായിരിക്കും. വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ- +91 9961241091 (Whatsapp), 04935 241091, 04395 246929

## അദ്ധ്യാപക നിയമനത്തിന്റെ വിവിധ ഘട്ടങ്ങൾ

**ഒന്നാംഘട്ടം : രജിസ്ട്രേഷൻ**

രജിസ്ട്രേഷൻ കാലാവധി : 2021 ജനുവരി 1 മുതൽ 2021 ഫെബ്രുവരി 28 വരെ

രജിസ്ട്രേഷൻ ഫീസ് : 1000/-

സ്ഥലം : കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫീസ്, ദ്വാരക

**രണ്ടാംഘട്ടം : അപേക്ഷകരുടെ സമ്മേളനം.**

അപേക്ഷകരുടെ സമ്മേളനത്തിൽ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും വിശദീകരിക്കുകയും ഹാൾടിക്കറ്റ് വിതരണം ചെയ്യുകയും ചെയ്യുന്നു.

സ്ഥലം : കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫീസ്, ദ്വാരക

തീയ്യതി : 2021 മാർച്ച് 6 (ശനിയാഴ്ച)

സമയം : 10.30 AM മുതൽ 01.00 PM വരെ

അപേക്ഷകരുടെ സമ്മേളനത്തിൽ സംബന്ധിക്കുന്നവർ കോവിഡ് പ്രോട്ടോകോൾ പാലിക്കേണ്ടതാണ്.

**മൂന്നാം ഘട്ടം : എഴുത്ത് പരീക്ഷ**

എഴുത്ത് പരീക്ഷയിൽ സംബന്ധിക്കുവാൻ ഹാൾടിക്കറ്റ് നിർബന്ധമാണ്. പരീക്ഷ തുടങ്ങുന്നതിന് 15 മിനിറ്റ് മുമ്പ് ഉദ്യോഗാർത്ഥികൾ ഹാളിൽ പ്രവേശിക്കേണ്ടതാണ്. പരീക്ഷ തുടങ്ങിയതിനുശേഷം എത്തിച്ചേരുന്ന ആരെയും പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല. പരീക്ഷയുടെ റിസൾട്ട് 2021 ഏപ്രിൽ 24 മുതൽ 30 വരെ തിയതികളിൽ കോർപ്പറേറ്റ് ഓഫീസിൽ നിന്നും ലഭ്യമായിരിക്കും. പരീക്ഷാഫലം പ്രസിദ്ധീകരിച്ചതിനു ശേഷം ആവശ്യമെങ്കിൽ അഞ്ച് ദിവസത്തിനകം പു:നർമൂല്യനിർണ്ണയത്തിന് അവസരമുണ്ടായിരിക്കും. അഞ്ഞൂറ് രൂപ മുൻകൂർ അടച്ച് ഉത്തരക്കടലാസിന്റെ പുനർ മൂല്യനിർണ്ണയത്തിന് അപേക്ഷിക്കാവുന്നതാണ്. എഴുത്തുപരീക്ഷയിൽ 50 ശതമാനം മാർക്ക് ലഭിച്ചവർക്ക് മാത്രമേ നാലാം ഘട്ടത്തിലേക്ക് പ്രവേശനമുള്ളൂ. നാലും അഞ്ചും ഘട്ടങ്ങളുടെ സിലബസ് ഉൾപ്പെടെയുള്ള ഇന്റർവ്യൂ കാർഡ് തപാൽ വഴി ലഭിക്കുന്നതാണ്.

**എഴുത്ത് പരീക്ഷക്കുള്ള സിലബസ് ചുവടെ ചേർക്കുന്നു**

| തസ്തിക | പാർട്ട് I (100 മാർക്ക്, 2 മണിക്കൂർ) | പാർട്ട് II (50 മാർക്ക്, 1 മണിക്കൂർ) |
|---|---|---|
| **LPST** (TTC/ DEd + ആവശ്യമായ മറ്റ് യോഗ്യതകൾ) | 1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ പാഠാനുബന്ധപ്രവർത്തനങ്ങൾ, പൊതു വിജ്ഞാനം TTC/ D Ed എന്നിവയുടെ 2020 - 2021 വർഷ ത്തെ സിലബസ് | 1. 11, 12 ക്ലാസ്സുകളിലെ പി. ഒ. സി. മലയാളം സന്മാർഗ പാഠാവലി.<br>2. കത്തോലിക്ക സഭയുടെ സുരക്ഷിത ചുറ്റുവട്ട പദ്ധതി :<br>A. കെ. സി. ബി. സി. മാർഗ്ഗനിർദ്ദേശങ്ങൾ<br>B. സഭാനിയമങ്ങളും നടപടിക്രമങ്ങളും. |
| **UPST,** HST(B.Ed + മറ്റ് ആവശ്യമായ യോഗ്യതകൾ) | 5 മുതൽ 10 വരെ യുള്ള ക്ലാസുകളിലെ ബന്ധപ്പെട്ട വിഷയത്തിന്റെ പാഠാനുബന്ധപ്രവർത്തനങ്ങൾ, കാലിക്കറ്റ്, കണ്ണൂർ യൂണിവേഴ്സിറ്റികളിലെ നിലവിലുള്ള ഡിഗ്രി സിലബസിന്റെ ബന്ധപ്പെട്ട വിഷയങ്ങൾ, പൊതുവിജ്ഞാ നം, B Ed -ന്റെ 2020 - 2021 വർഷത്തെ സിലബസ് | 1. 11, 12 ക്ലാസുകളിലെ പി.ഒ.സി. മലയാളം സന്മാർഗപാഠാവലി<br>2. കത്തോലിക്ക സഭയുടെ സുരക്ഷിത ചുറ്റുവട്ട പദ്ധതി ;<br>A. കെ. സി. ബി. സി. മാർഗ്ഗനിർദ്ദേശങ്ങൾ<br>B. സഭാനിയമങ്ങളും നടപടികളും<br>C. സിവിൽ നിയമങ്ങളും നടപടിക്രമങ്ങളും. |

സ്ഥലം : എ. യു. പി. സ്കൂൾ, ദ്വാരക
തീയ്യതി : 2021 മാർച്ച് 27 (ശനിയാഴ്ച)
സമയം : 10.00 AM മുതൽ 01.00 PM വരെ

**(Part II, റഫറൻസ് ഗ്രന്ഥങ്ങൾ)**

1. സമഗ്ര വ്യക്തിത്വത്തിന്റെ പാതയിൽ, ഹയർസെക്കണ്ടറി പ്ലസ് വൺ, പി. ഒ. സി. പബ്ലിക്കേഷൻ
2. സമൂഹവിജയത്തിന്റെ പാതയിൽ, ഹയർസെക്കണ്ടറി പ്ലസ്ടു, പി. ഒ. സി. പബ്ലിക്കേഷൻ
3. 'കരുതലിന്റെ കരങ്ങൾ' (വിവർത്തനം & എഡിറ്റിംഗ് - നോബിൾ തോമസ് പാറയ്ക്കൽ)

**നാലാം ഘട്ടം : കമ്പ്യൂട്ടർ പരിജ്ഞാനം വിലയിരുത്തൽ**

ഓൺലൈൻ ക്ലാസുകൾ എടുക്കുന്നതിനാവശ്യമായ Google Meet, Zoom Meeting, Google Form, PPT Slides എന്നിവയുടെ ഉപയോഗം, Laptop, Projector, Internet എന്നിവയുടെ ഉപയോഗത്തിലുള്ള വൈദഗ്ദ്ധ്യം, Ubuntu ഉപയോഗിച്ച് വിവിധ പ്രവർത്തനങ്ങൾ ചെയ്യാനുള്ള കഴിവ് എന്നിവ വിലയിരുത്തപ്പെടും. കമ്പ്യൂട്ടർ പരിജ്ഞാനത്തിന്റെ അഭിമുഖപരീക്ഷയും ഉണ്ടായിരിക്കും

**അഞ്ചാം ഘട്ടം : അദ്ധ്യാപന മികവ് വിലയിരുത്തൽ**

നൽകപ്പെടുന്ന പാഠഭാഗങ്ങളുടെ അവതരണ മികവ്, ഭാഷാ നൈപുണ്യം എന്നിവ ഈ ഘട്ടത്തിൽ വിദ്യാഭ്യാസ വിദഗ്ദ്ധരും വിദ്യാർത്ഥികളും വിലയിരുത്തുന്നു.

**ആറാം ഘട്ടം : Face to Face**

ഉദ്യോഗാർത്ഥികളുടെ വിശ്വാസ ജീവിതം, ധാർമ്മിക നിലപാടുകൾ, പൊതു വിജ്ഞാനം, അദ്ധ്യാപനത്തിന് ആവശ്യമായ മറ്റ് കഴിവുകൾ എന്നിവ വിലയിരുത്തപ്പെടുന്നു. കൂടാതെ, ഇടവക വികാരിയച്ചന്റെ Confidential Report ഈ ഘട്ടത്തിൽ പ്രത്യേകമായി പരിഗണിക്കുന്നതാണ്. ഇന്റർവ്യൂവിന് ക്ഷണിച്ചുകൊണ്ടുള്ള കോൾലെറ്ററും യോഗ്യത തെളിയിക്കുന്ന ഒറിജിനൽ സർട്ടിഫിക്കറ്റുകളും ഈ ഘട്ടത്തിൽ ഹാജരാക്കേണ്ടതാണ്.

**അദ്ധ്യാപക നിയമനത്തിനാവശ്യമായ തിരഞ്ഞെടുപ്പിന്റെ എല്ലാ ഘട്ടങ്ങളും വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ലഭിക്കാവുന്ന അധിക പരിഗണനകൾ**

A. കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള വിദ്യാലയങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത ഉദ്യോഗാർത്ഥികൾക്ക് ഒരു മാസം ഒരു മാർക്ക് എന്ന കണക്കിൽ 50 മാർക്ക് വരെ അധികമായി നൽകുന്നതായിരിക്കും.

B. വിശ്വാസ പരിശീലനത്തിന്റെ DCC/HDC/ATC/ ദൈവശാസ്ത്രബിരുദം/ഡിപ്ലോമ എന്നീ കോഴ്സുകൾ പൂർത്തീകരിച്ചവർ, മതാദ്ധ്യാപകർ, ഭക്ത സംഘടനകളിലെ സജീവ പ്രവർത്തകർ എന്നിവർക്ക് അഞ്ച് മാർക്ക് ഗ്രേസ് മാർക്കായി നൽകുന്നതാണ്. ഇടവക വികാരിയുടെ ശുപാർശ കത്ത് നിർബന്ധമാണ്.

C. മുൻ വർഷത്തെ റാങ്ക് ലിസ്റ്റിൽ പേര് വരുകയും നിയമനം ലഭിക്കാതിരിക്കുകയും ചെയ്തവർക്ക് ഇരുപത്തിയഞ്ച് മാർക്ക് ഗ്രേസ് മാർക്കായി നൽകുന്നതാണ്.

D. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്ന് വരുന്ന ഉദ്യോഗാർത്ഥികൾക്ക് പത്ത് മാർക്ക് ഗ്രേസ് മാർക്കായി നൽകുന്നതാണ്. വികാരിയച്ചന്റെ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.

E. മുപ്പത്തിയേഴ്, മുപ്പത്തിയെട്ട്, മുപ്പത്തിയൊൻപത് വയസ്സ് തികഞ്ഞ ഉദ്യോഗാർത്ഥികൾക്ക് യഥാക്രമം മൂന്ന്, നാല്, അഞ്ച് വീതം മാർക്കുകൾ ഗ്രേസ് മാർക്കായി നൽകുന്നതാണ്.

F. ഉദ്യോഗാർത്ഥിയുടെ മാതാപിതാക്കളോ ജീവിതപങ്കാളിയോ നിലവിൽ സർക്കാർ ജീവനക്കാരല്ലെങ്കിൽ അഞ്ച് മാർക്ക് ഗ്രേസ് മാർക്കായി നൽകുന്നതാണ്.

**പ്രത്യേക ശ്രദ്ധക്ക്**

കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള വിദ്യാലയങ്ങളിൽ ദിവസ

വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരും ചെയ്തവരുമായ എല്ലാ അദ്ധ്യാപകർക്കും മാസം ഒന്നിന് ഒരു മാർക്ക് വീതം നൽകപ്പെടുന്നതും, പ്രസ്തുത ഗ്രേസ് മാർക്ക് ആറു ഘട്ടങ്ങളും വിജയകരമായി പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികളുടെ മാർക്കിനോട് ചേർത്ത് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിൽ പരിഗണിക്കുന്നതുമാണ്. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിന് ശേഷവും തുടർന്നു വരുന്ന വർഷങ്ങളിൽ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ വിവിധ സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുവർക്കും ഈ ആനുകൂല്യം ലഭിക്കുന്നതാണ്. പ്രസ്തുത മാർക്ക് എല്ലാ വർഷവും മാർച്ച് 31 -ന് ഉൾപ്പെടുത്തി റാങ്ക് ലിസ്റ്റ് നവീകരിക്കുന്നതാണ്. ഇത്തരത്തിൽ ദിവസവേതന ജോലിയുടെ ഗ്രേസ് മാർക്ക് ഉൾപ്പെടുത്താൻ മാർച്ച് 25 -ന് മുൻപ് പ്രധാനാധ്യാപകന്റെ സാക്ഷ്യപത്രം നിർബന്ധമായും സമർപ്പിക്കണം. സാക്ഷ്യപത്രം സമർപ്പിക്കാത്തവർക്ക് മാർക്ക് നൽകുന്നതല്ല. കോർപ്പറേറ്റ് വിദ്യാലയങ്ങളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നതിനനുസൃതമായി റാങ്ക് ലിസ്റ്റിലെ സ്ഥാനങ്ങൾക്ക് മാറ്റങ്ങൾ വരാം. (ഉദാ:- റാങ്ക് ലിസ്റ്റിൽ ഒന്നാമതായി വന്ന ഒരാൾ ദിവസവേതനത്തിൽ ജോലി ചെയ്യുന്നതിനായി വിളിക്കുമ്പോൾ പോകാതിരിക്കുകയും, അവർക്ക് കീഴിലുള്ള വ്യക്തികൾ ജോലി ചെയ്യുകയും ചെയ്താൽ അവരുടെ മാർക്കിനോട് ഗ്രേസ് മാർക്ക് കൂട്ടിചേർക്കപ്പെടുകയും റാങ്ക് ലിസ്റ്റിൽ ഒന്നാമതായി വരികയും ചെയ്യാനുള്ള സാധ്യതയുണ്ട്) ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന കാലഘട്ടത്തിൽ സ്കൂളിൽ നിന്നും ലഭിക്കുന്ന രഹസ്യ സ്വഭാവമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ മാർക്ക് നൽകപ്പെടാതിരിക്കാനും റാങ്ക് ലിസ്റ്റിൽ നിന്നുതന്നെ ഉദ്യോഗാർത്ഥികൾ പുറത്താക്കപ്പെടാനുമുള്ള സാധ്യതയും നിലനിൽക്കുന്നു.

**പ്രധാനദ്ധ്യാപക തസ്തികയിലേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു**

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്ക് കീഴിലുള്ള വിദ്യാലയങ്ങളിലെ 2021 -2022 അദ്ധ്യായന വർഷത്തേക്കുള്ള പ്രധാനാദ്ധ്യാപക തസ്തികയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷാഫോറം www.ceadom.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

(http://www.ceadom.com/downloads.php?reqPage=downloads). പൂരിപ്പിച്ച അപേക്ഷ ഫോറം സ്കൂൾ മാനേജരുടെയും പ്രധാനദ്ധ്യാപകരുടെയും അംഗീകാരത്തോടുകൂടി 2021 ഫെബ്രുവരി 15 ന് മുൻപായി ദ്വാരകയിലുള്ള കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കുകയും 'CORPERP' എന്ന വെബ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുകയും വേണം. Hard Copy യും Soft Copy യും ലഭിച്ചാൽ മാത്രമേ അപേക്ഷ പരിഗണിക്കുകയുള്ളു. സമയപരിധി കഴിഞ്ഞ് ലഭിക്കുന്നതും അപൂർണ്ണവുമായ അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

**അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ**

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ ജോലി ചെയ്യുന്ന എല്ലാ അദ്ധ്യാപകരിൽ നിന്നും, അനദ്ധ്യാപകരിൽ നിന്നും 2021-2022 അദ്ധ്യായനവർഷത്തേക്കുള്ള ട്രാൻസ്ഫർ അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ www.ceadom.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. (http://www.ceadom.com/downloads.php?reqPage=downloads). പൂരിപ്പിച്ച അപേക്ഷകൾ സ്കൂൾ മാനേജരുടെയും പ്രധാനാദ്ധ്യാപകരുടെയും അംഗീകാരത്തോടുകൂടി ടെസ്റ്റ് യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം 2021 ഫെബ്രുവരി 15 ന് മുൻപായി ദ്വാരകയിലുള്ള കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കുകയും 'CORPERP' എന്ന വെബ് പോർട്ടലിൽ അപ്ലോഡ് ചെയ്യുകയും വേണം. Hard Copy യും Soft Copy യും ലഭിച്ചാൽ മാത്രമേ അപേക്ഷ പരിഗണിക്കുകയുള്ളു. സമയപരിധി കഴിഞ്ഞ് ലഭിക്കുന്നതും അപൂർണ്ണവുമായ അപേക്ഷകൾ സ്വീകരിക്കുന്നതല്ല. 2020 ൽ അപേക്ഷ സമർപ്പിച്ചവർക്ക് ഈ വർഷം സ്ഥലംമാറ്റം ആവശ്യമുണ്ടെങ്കിൽ വീണ്ടും അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ഏവർക്കും പുതുവത്സരാശംസകൾ നേരുന്നു

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ